بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാല്യം 4

ലക്കം 17

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 ഏപ്രിൽ 25/ഹി:ശം:1398 ശഹാദത്ത് 25/ഹി:ഖ:1440 ശഅ്ബാൻ 19


## അല്ലാഹുവിന്റെ വചനം

قُلۡ یٰۤاَہۡلَ الۡکِتٰبِ تَعَالَوۡا اِلٰی کَلِمَۃٍ سَوَآءٍۭ بَیۡنَنَا وَبَیۡنَکُمۡ اَلَّا نَعۡبُدَ اِلَّا اللّٰہَ وَلَا نُشۡرِکَ بِہٖ شَیۡئًا وَّلَا یَتَّخِذَ بَعۡضُنَا بَعۡضًا اَرۡبَابًا مِّنۡ دُوۡنِ اللّٰہِ (آل عمران:65)

"പറയുക, 'ഓ ഗ്രന്ഥാനുസാരികളേ! ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ തുല്യ സമ്മതമായ ഒരു കാര്യത്തിലേക്ക് – അല്ലാഹുവല്ലാതെ നാം ആരേയും ആരാധിക്കുകയില്ലെന്നും അവനോടു ഒന്നിനേയും പങ്കുചേർക്കുകയില്ലെന്നും നമ്മളിൽ ചിലർ മറ്റു ചിലരെ അല്ലാഹുവിനു പുറമെ രക്ഷാധികാരികളാക്കുകയില്ലെന്നും (ഉള്ള എന്ന തത്ത്വത്തിലേക്ക്)–വരിക."(3:65)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**'തഖ്‌വാ' അവലംബിക്കുന്നവർക്കുള്ള നിബന്ധന ദരിദ്രരുടേയും അശരണരുടേയും അവസ്ഥ പോലെ ജീവിക്കുക എന്നതാണ്. വലിയ വലിയ ദൈവജ്ഞാനികൾക്കും സിദ്ദീഖുമാർക്കുമുള്ള അവസാനത്തെ കടമ്പ കോപത്തിൽനിന്നുള്ള മോചനമാണ്. എന്റെ ജമാഅത്തിലുള്ളവർ പരസ്പരം ചെറിയവരും വലിയവരുമായി മനസ്സിലാക്കണമെന്നോ പരസ്പരം അഹങ്കരിക്കണമെന്നോ നിന്ദാദൃഷ്ടിയോടെ നോക്കണമെന്നോ ഞാൻ ആഗ്രഹിക്കുന്നില്ല. വലിയവനാരാണെന്നും ചെറിയവനാരാണെന്നും അല്ലാഹുവിന്നറിയാം.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

## ഇസ്‌ലാമിക പർദ

ഈയിടെയായി പർദയുടെമേൽ ആക്രമണം നടത്തപ്പെടുന്നു. പക്ഷേ, ഇസ്‌ലാമിക പർദകൊണ്ടുള്ള ഉദ്ദേശ്യം ഇരുമ്പഴി അല്ലെന്നും അന്യപുരുഷനും സ്ത്രീയും തമ്മിൽ നോക്കാതിരിക്കാനുള്ള ഒരു തടസ്സമാണതെന്നും ആളുകൾ അറിയുന്നില്ല. പർദ ഉണ്ടാകുമ്പോൾ, ചതിയിൽനിന്ന് രക്ഷപ്പെടും. അന്യപുരുഷനും സ്ത്രീയും മടിയൊന്നും കൂടാതെയും സ്വതന്ത്രമായും ഒരുമിച്ചുകൂടുകയും ശൃംഗാരസല്ലാപങ്ങളിൽ മുഴുകുകയും ചെയ്യുമ്പോൾ ആത്മാവിന്റെ വികാരാവേശത്താൽ ചതിയിൽപെടുമെന്ന് നീതിബോധമുള്ള ഒരുവന് പറയാൻ കഴിയും. അന്യപുരുഷനും സ്ത്രീയും അടച്ചിട്ട ഒരു വീട്ടിൽ തനിച്ച് താമസിക്കുന്നതിനെ കുറവായി മനസ്സിലാക്കാത്ത ജനതകളെക്കുറിച്ച് എന്നല്ല അത് സംസ്കാരമാണെന്ന് കരുതുന്ന ജനതകളെക്കുറിച്ച് ചിലപ്പോൾ കേൾക്കാനും കാണാനും കഴിഞ്ഞിട്ടുണ്ട്. ആരെങ്കിലും ചതിയിൽ അകപ്പെടുന്നതിന് നിമിത്തമാകുന്നതും അങ്ങനെ തിക്തഫലം അനുഭവിക്കേണ്ടിവരുന്നതും തടയുന്നതിനുവേണ്ടി മുഹമ്മദ് നബി(സ) അങ്ങനെ ചെയ്യുന്നതിന് അനുവാദം തന്നെ നല്കിയില്ല. അത്തരം അവസരത്തിൽ അന്യരായ പുരുഷനും സ്ത്രീയും ഒരുമിച്ചുകൂടുന്ന സ്ഥലത്ത് മൂന്നാമതായി അവരിൽ ശയ്ത്വാനുണ്ടാകുമെന്ന് അവിടന്ന് പറഞ്ഞു. ഈ വൃത്തികെട്ട അധ്യാപനത്തിന്റെ തിക്തഫലം അനുഭവിക്കുന്ന യൂറോപ്പിന്റെ ഈ അവിശുദ്ധ ഫലങ്ങളിൽ ചിന്തിച്ചു നോക്കുക. ഏതെങ്കിലും കാര്യത്തെ ചതിയിൽനിന്ന് രക്ഷിക്കാനാഗ്രഹിക്കുന്നെങ്കിൽ സംരക്ഷിക്കുക. ഇനി സംരക്ഷിക്കാതിരിക്കുകയും അവർ നല്ല കൂട്ടരാണെന്ന് ധരിക്കുകയും ചെയ്യുന്നുവെങ്കിൽ ഓർമിക്കുക, തീർച്ചയായും ആ വസ്തു നശിച്ചുപോകുന്നതായിരിക്കും. ഇസ്‌ലാമികാധ്യാപനം എത്ര പരിശുദ്ധമാണ്. അത് പുരുഷനേയും സ്ത്രീയേയും വെവ്വേറെ വെച്ചുകൊണ്ട് ചതിയിൽ വീഴുന്നതിൽനിന്ന് രക്ഷപ്പെടുത്തി. മനുഷ്യജീവിതത്തെ നിഷിദ്ധമായതും കയ്പുള്ളതുമാക്കിയില്ല. ഇതുമുഖേന യൂറോപ്പ് ഇക്കാലത്ത് ആഭ്യന്തരയുദ്ധങ്ങളും ആത്മഹത്യകളും കണ്ടു. ചില മാന്യരായ സ്ത്രീകളുടെ അരാജകത്വപരമായ ജീവിതം, അന്യസ്ത്രീകളെ നോക്കുന്നതിന് അനുവാദം നല്കപ്പെട്ടതിന്റെ കർമപരമായ ഫലമാണ്.

## മാനുഷികമായ കഴിവുകളുടെ പരിഷ്കരണവും അനുവദനീയമായ ഉപയോഗവും

അല്ലാഹു എത്രമാത്രം കഴിവുകൾ മനുഷ്യന് പ്രദാനം ചെയ്തുവോ, അതൊന്നും നഷ്ടപ്പെടുത്തിക്കളയാനല്ല തന്നിട്ടുള്ളത്. അവയുടെ പരിഷ്കരണവും അനുവദനീയമായ ഉപയോഗവും തന്നെയാണ് അവയുടെ വളർച്ച. ഇതിനായാണ് പൗരുഷത്തിന്റെ കഴിവുകളും കണ്ണുകൾ എടുത്തുകളയുന്നതുമായ അധ്യാപനം ഇസ്‌ലാം നല്കാതിരുന്നത്. പ്രത്യുത അവയുടെ അനുവദനീയമായ ഉപയോഗവും മനസ്സിന്റെ പരിഷ്കരണവും ചെയ്യിച്ചു; *ഖദ്അഫ്‌ലഹൽ മുഅ്മിനൂൻ* എന്ന് പറഞ്ഞതുപോലെ(23:2). അപ്രകാരംതന്നെ മുത്തഖിയുടെ ജീവിതത്തിന്റെ ചിത്രം കോറിയിട്ടുകൊണ്ട് അതിന്റെ അവസാന ഫലമെന്നനിലയിൽ പറഞ്ഞത്, *വ ഉലാഇക്കഹുമുൽ മുഫ്‌ലിഹൂൻ* (2:6)എന്നാണ്. തഖ്‌വായിൽ പദമൂന്നുന്നവർ, അദൃശ്യത്തിൽ വിശ്വസിക്കുന്നവർ, ചാഞ്ചാടി പോകുന്ന നമസ്കാരത്തെ നിലനിറുത്തുന്നവർ, അല്ലാഹു നല്കിയതിൽനിന്ന് കൊടുക്കുന്നവർ, ജീവന് ഭീഷണി ഉണ്ടായിട്ടും ഒന്നും ചിന്തിക്കാതെ, കഴിഞ്ഞുകടന്നതിലും ഇപ്പോഴുള്ളതുമായ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ വിശ്വസിക്കുന്നവർ, തുടങ്ങിയവരെല്ലാം അവസാനം ദൃഢഗാഢവിശ്വാസംവരെ എത്തിച്ചേരുന്നു. ഇവരാണ് ഹിദായത്തിന്റെ തലപ്പത്തുള്ളവർ. സമമായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്ന ഒരു പാതയിലാണ് അവരുള്ളത്; ഇതുമുഖേന മനുഷ്യൻ വിജയംവരെ എത്തുന്നു. അതിനാൽ ഇവർതന്നെയാണ് വിജയംപ്രാപിക്കുന്നവർ; അവർ ലക്ഷ്യസ്ഥാനംവരെ എത്തിച്ചേരുന്നതായിരിക്കും. മറ്റു വഴികളുടെ അപകടങ്ങളിൽനിന്ന് രക്ഷപ്പെട്ടുകഴിഞ്ഞിരിക്കുന്നവരാണ് അവർ. അതുകൊണ്ട് പ്രാരംഭത്തിൽത്തന്നെ അല്ലാഹു നമുക്ക് തഖ്‌വായുടെ പാഠം നല്കിക്കൊണ്ട് അതിന്റെ വസ്വിയ്യത്തുകളുള്ള ഒരു ഗ്രന്ഥവും നമുക്ക് നല്കി.

അതുകൊണ്ട് ഭൗതികമായ സകലമാന ദുഃഖത്തേക്കാൾ കൂടുതൽ ഈ ദുഃഖത്തെ നമ്മുടെ ജമാഅത്ത് തങ്ങളുടെ ജീവനിൽ പതിപ്പിക്കുക;അവരിൽ തഖ്‌വയുണ്ടോ ഇല്ലേ എന്ന് നോക്കുക.

## ദരിദ്രന്റെ അവസ്ഥപോലെ ജീവിക്കുക

'തഖ്‌വാ' അവലംബിക്കുന്നവർക്കുള്ള നിബന്ധന ദരിദ്രരുടേയും അശരണരുടേയും അവസ്ഥപോലെ ജീവിക്കുക എന്നതാണ്. ഇതൊരു തഖ്‌വയുടെ ശാഖയാണ്. ഇതുമുഖേന നമുക്ക് അനുവദനീയമല്ലാത്ത കോപത്തോടു പോരാടണം. വലിയ വലിയ ദൈവജ്ഞാനികൾക്കും സിദ്ദീഖുമാർക്കുമുള്ള അവസാനത്തെ കടമ്പ കോപത്തിൽനിന്നുള്ള മോചനമാണ്. അഹങ്കാരവും ഗർവ്വും കോപത്തിൽനിന്നാണുണ്ടാകുന്നത്. അപ്രകാരംതന്നെ ചിലപ്പോൾ കോപം, അഹങ്കാരത്തിന്റേയും ഗർവ്വിന്റേയും ഫലമാകാറുമുണ്ട്. കാരണം കോപമുണ്ടാകുന്നത് മനുഷ്യൻ തന്റെ ആത്മാവിന് മറ്റുള്ളവരേക്കാൾ പരിഗണന നല്കുമ്പോഴാണ്. എന്റെ ജമാഅത്തിലുള്ളവർ പരസ്പരം ചെറിയവരും വലിയവരുമായി മനസ്സിലാക്കണമെന്നോ പരസ്പരം അഹങ്കരിക്കണമെന്നോ നിന്ദാദൃഷ്ടിയോടെ നോക്കണമെന്നോ ഞാൻ ആഗ്രഹിക്കുന്നില്ല. വലിയവരാണെന്നും ചെറിയവരാണെന്നും അല്ലാഹുവിന്നറിയാം. ഇതു ഒരുതരത്തിലുള്ള നിന്ദയാണ്. ആരുടെ ഉള്ളിലാണോ നിന്ദ്യതയുള്ളത് അത് ബീജത്തെപോലെ വളരുകയും അവന്റെ നാശത്തിന് കാരണമാകുകയും ചെയ്യുമോ എന്ന ഭയമുണ്ട്. ചിലയാളുകൾ വലിയവരെ കാണുമ്പോൾ വലിയ മര്യാദയോടെ പെരുമാറുന്നു. പക്ഷേ, മിസ്കീൻ പറയുന്ന കാര്യങ്ങൾ മിസ്കീന്റെ സ്ഥിതിയിൽനിന്ന് കേൾക്കുകയും അവനെ സന്തോഷിപ്പിക്കുകയും അവൻ പറയുന്ന കാര്യങ്ങളെ ആദരിക്കുകയും ദുഃഖമുണ്ടാക്കുന്ന ശുണ്ഠിപിടിപ്പിക്കുന്നതൊന്നും പറയാതിരിക്കുകയും ചെയ്യുന്നവനാണ് വലിയവൻ. അല്ലാഹു പറയുന്നു: *വലാ തനാബസൂ ബിൽഅൽഖാബി ബിഅ്സൽ ഇസ്മുൽഫുസൂഖു ബഅ്ദൽ ഈമാനി വ മൻല്ലം യതുബ് ഫ ഉലാഇക്ക ഹുമുള്ള്വാലിമൂൻ* (49:12)

നിങ്ങൾ പരസ്പരം ചീത്തപ്പേര് വിളിക്കരുത്. ഇതു കുഴപ്പക്കാരുടേയും കുറ്റവാളികളുടേയും പണിയാണ്. ആരാണോ ആരെയെങ്കിലും ചീത്തപ്പേരു വിളിക്കുന്നത് അവൻ സ്വയം അതിൽ അകപ്പെടുന്നതുവരെ മരിക്കുകയില്ല. നിങ്ങളുടെ സഹോദരങ്ങളെ നിന്ദ്യരായി മനസ്സിലാക്കരുത്. ഒരേയൊരു അരുവിയിൽനിന്ന് എല്ലാവരും കുടിക്കുമ്പോൾ, ആരുടെ ഖിസ്മത്തിലാണ് കൂടുതൽ വെള്ളം എഴുതപ്പെട്ടിരിക്കുന്നതെന്ന് ആരാണ് അറിയുന്നത്? ഭൗതികനിയമങ്ങൾകൊണ്ട് ബഹുമാന്യനും ആദരണീയനും ഉണ്ടാകുകയില്ല. അല്ലാഹുവിന്റെ പക്കൽ മുത്തഖിയാണ് വലിയവൻ. *ഇന്ന അക്റമക്കും ഇൻദല്ലാഹി അത്ഖാക്കും ഇന്നല്ലാഹ അലീമുൻ ഖബീർ* (49:14)

ഈ വിവിധ ജാതികൾ മാന്യതയ്ക്കുള്ള ഒരു കാരണവുമല്ല. അല്ലാഹു തിരിച്ചറയന്നതിനുവേണ്ടിയാണ് ഈ ജാതികളുണ്ടാക്കിയിട്ടുളളത്. ഇക്കാലത്ത് നാലു തലമുറകളെ കുറിച്ച് അറിയുന്നതുതന്നെ ദുഷ്കരമായിത്തീർന്നിരിക്കുന്നു. ജാതികളുടെ കലഹങ്ങളിൽ വീഴുക എന്നത് മുത്തഖിക്ക് ചേർന്നതല്ല. തന്റെ പക്കൽ ജാതി ഒരു ആധികാരിക രേഖയല്ലെന്ന് അല്ലാഹു വിധി പറഞ്ഞു കഴിഞ്ഞിരിക്കുന്നു. യഥാർഥ ബഹുമാനത്തിന്റേയും മഹത്ത്വത്തിന്റേയും കാരണം തഖ്‌വാ ഒന്നു മാത്രമാണ്."(മൽഫൂദാത്ത് വാല്യം 1, പേജ് 29-31, 2018 ഖാദിയാൻ)


AL ISLAM

Al Islam - Official website of Ahmadiyya Muslim Community



പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഇന്റർനെറ്റിന്റെ ദുരുപയോഗവും സോഷ്യൽമീഡിയായുടെ അതിപ്രസരവും

റഹീമ ഗഫൂർ പഴയങ്ങാടി

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: *ഖദ് അഫ്‌ലഹൽ മുഅ്മിനൂൻ. അല്ല ദീനഹും ഫീ സ്വലാത്തിഹിം ഖാശിഊൻ. വല്ലദീനഹും അനില്ലഗ്‌വി മുഅ്രിളൂൻ* (23:2–4) തീർച്ചയായും സത്യവിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു. അവർ തങ്ങളുടെ നമസ്കാരത്തിൽ ഭയഭക്തി കൈക്കൊള്ളുന്നവരാണ്. അനാവശ്യ കാര്യങ്ങളിൽനിന്ന് പിൻമാറുന്നവരുമാണ്.

ഇസ്‌ലാമികവീക്ഷണ പ്രകാരം ഗുണത്തേക്കാൾ ദോഷകരമായവയിൽനിന്ന് വിട്ടുനിൽക്കുക എന്ന ഉപദേശത്തിന് ഈ ഖുർആനികവചനം വളരെയധികം പ്രാധാന്യമർഹിക്കുന്നു.

അതുപോലെ രണ്ടാമത്ത് അധ്യായത്തിൽ പറയുന്നു: *യസ്അലൂനക്ക അനിൽഖംരി വൽമയ്‌സരി ഖുൽ ഫീഹിമാ ഇഥ്മുൻ കബീറുൻ വ മനാഫിഉ ലിന്നാസി വ ഇഥ്മുഹുമാ അക്ബറു മിൻ നഫ്‌യിഹിമാ* അവർ നിന്നോട് മദ്യത്തെയും ചൂതിനെയും സംബന്ധിച്ച് ചോദിക്കുന്നു. പറയുക, അവ രണ്ടിലും വലിയ ദോഷവും ജനങ്ങൾക്ക് ചില ഗുണങ്ങളുമുണ്ട്. എങ്കിലും അവയുടെ ദോഷം ഗുണത്തേക്കാൾ വളരെ വലുതാണ്.

വിശുദ്ധ ഖുർആന്റെ അവതരണകാലത്ത് ഈ രണ്ട് വസ്തുവും ധാർമികതയിൽ നിന്നും ജീവിതനിലവാരത്തിൽനിന്നും എത്രമാത്രം മനുഷ്യരെ അധഃപതിപ്പിച്ചുവോ അതേപോലെ ഇക്കാലത്തെ ആധുനിക സുഖസൗകര്യങ്ങൾ അതിനേക്കാൾ മനുഷ്യരെ പ്രായഭേദമന്യേ ധാർമിക തകർച്ചയും നമസ്കാരത്തിൽ അശ്രദ്ധയും വരുത്തിവെക്കുന്നു. ശയ്ത്വാൻ അപ്പത്തിന്റെ മലയും വീഞ്ഞിന്റെ പുഴയും സ്വർഗനരകങ്ങളും കാണിച്ച് സത്യവിശ്വാസികളെ പ്രലോഭിപ്പിക്കുമെന്ന് ഖുർആനും ഹദീഥുകളും മനസ്സിലാക്കിത്തരുന്നു. ഇന്ന് നമ്മളിൽ ഭൂരിഭാഗവും സോഷ്യൽമീഡിയായിൽ സജീവമായ അംഗങ്ങളാണ്. 1971–ൽ ആദ്യത്തെ ഇ–മെയിൽ അയക്കപ്പെട്ടതോടുകൂടിയാണ് ലോകത്ത് ഇന്റർനെറ്റ് റവല്യൂഷൻ ആരംഭിക്കുന്നത്. ലോകത്തെ 720 കോടിയിലധികം ജനങ്ങളിൽ 300 കോടിയിലധികം ജനങ്ങളും ഇന്റർനെറ്റിന്റെ ഏതെങ്കിലുമൊക്കെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നവരാണ്. അതിൽത്തന്നെ 200 കോടിയിലധികം ജനങ്ങളും സോഷ്യൽമീഡിയ ഉപയോഗിക്കുന്നവരാണ്. ആളോഹരി 2 മണിക്കൂർ 25 മിനിറ്റ് ദിവസവും സോഷ്യൽമീഡിയായിൽ ചെലവഴിക്കുന്നു എന്നതാണ് ആവറേജ് കണക്ക്; നമ്മൾ ഇന്ത്യക്കാർ രണ്ട് മണിക്കൂർ അമ്പത് മിനിറ്റാണ് സോഷ്യൽ മീഡിയ ഉപയോഗിക്കുന്നത്. സോഷ്യൽമീഡിയ ഉപയോഗിക്കുന്നവരിൽ 75% ൽ അധികവും ഫേസ്ബുക്കാണ് ഉപയോഗിക്കുന്നത്. തീർച്ചയായും സോഷ്യൽമീഡിയക്ക് അതിന്റേതായ ഗുണങ്ങളുണ്ട്. ഈസീ പബ്ലിഷിംഗും ധാരാളം കോഴ്സുകൾ പഠിക്കാനുള്ള അവസരങ്ങളും ഇതിലുണ്ട്. പല യൂണിവേഴ്സിറ്റികളും ഇ–കോഴ്സുകൾ നടത്തിവരുന്നുണ്ട്.

അതുപോലെ പല സൗഹൃദങ്ങളും പുതുക്കാനും ബിസിനസുകാർക്ക് തങ്ങളുടെ സാധനങ്ങൾ മാർക്കറ്റിംഗ് ചെയ്യാനും ഇത് ഉപകരിക്കുന്നു. അങ്ങനെ പല ഗുണങ്ങളും ഉണ്ടെങ്കിലും അത്രതന്നെ ദോഷങ്ങളും ഇതിൽ ഒളിഞ്ഞിരിപ്പുണ്ട്. ഇന്ന് നമ്മെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന ഒരു വലിയ വിപത്തായും ഇത് മാറിക്കൊണ്ടിരിക്കുന്നു. വാട്ട്സാപ്പും ഫേസ്ബുക്കും ഇൻസ്റ്റാഗ്രാമും ചാറ്റിംഗും ചീറ്റിംഗും സെൽഫിയുമൊക്കെയായി ഇതിൽ നാം മുഴുകിയിരിക്കുമ്പോൾ നമ്മുടെ ജീവിതം ആകെ തകിടം മറിഞ്ഞുകൊണ്ടിരിക്കുന്ന ഒരവസ്ഥയിലേക്ക് നമ്മൾ നീങ്ങുകയാണ്. ഏതൊരു വസ്തുവിലും ഗുണത്തേക്കാൾ ദോഷമാണ് കൂടുതലെങ്കിൽ അതിൽനിന്ന് വിട്ടുനിൽക്കാൻ നബി(സ)തിരുമേനി നമ്മെ പഠിപ്പിക്കുന്നു. ആധുനിക വിദ്യാഭ്യാസസമ്പാദനത്തിന് എത്രത്തോളം ഇന്റർനെറ്റ് ഉപയോഗപ്രദമാണോ അത്രതന്നെ നമ്മെ അതിനടിമപ്പെടുത്തുകയും ചെയ്യുന്നു. നമുക്ക് ആവശ്യമായ കാര്യങ്ങൾ നമ്മൾ അതിൽ തിരയുമ്പോൾ നാമാഗ്രഹിക്കുന്ന പലവിധ സൈറ്റുകളിലേക്കും അത് നമ്മെ കൊണ്ടുപോകുന്നു. പുതിയ കാര്യങ്ങൾ ഏതെന്നറിയാനും കണ്ണിനും കാതിനും ആഹ്ലാദകരമായ കാഴ്ചകളിലേക്കും അത് നമ്മെ വലിച്ചുകൊണ്ടുപോകുന്നു. ആവശ്യം അനാവശ്യത്തിലേക്കും പരിധി ലംഘനത്തിലേക്കുമുള്ള വഴി തുറക്കുന്നതുമൂലം സമയനഷ്ടവും നമസ്കാരസമയം കഴിഞ്ഞുപോകുന്നതും നമ്മെ മനഃസമ്മർദത്തിലാക്കുന്നു. നമ്മുടെ സ്വഭാവരീതി തന്നെ വികലമാകുന്നു. നെറ്റുവഴി നമുക്ക് ഭൂഖണ്ഡങ്ങളുമായി ബന്ധമുണ്ടാകാം. പക്ഷേ, വീട്ടുകാരുമായോ അയൽക്കാരുമായോ സൗഹൃദമോ ഊഷ്മളമായ സ്നേഹമോ കാണില്ല. ഇത് ഏറ്റവും ബാധിക്കുന്നത് അപക്വമായ യുവതലമുറയെയാണ്. ഒരു തമാശ പറയാറുണ്ട്. കുട്ടികൾ വളരെയധികം വിനയരാണെന്ന്. ആരുടെ മുമ്പിലും അവർ തലയും കുമ്പിട്ട് ഫോണും നോക്കി വിനയരായാണ് എപ്പോഴും ഇരിക്കുന്നതെന്ന്. ഇന്റർനെറ്റിന്റേയും സാമൂഹികമാധ്യമങ്ങളുടേയും അമിതത്ത്വത്തേയും ദുരുപയോഗത്തെയും കുറിച്ച് ഖലീഫമാർ നമുക്ക് മുന്നറിയിപ്പ് നൽകുന്നുണ്ട്. എന്നാൽ, ലജ്നകൾപോലും ഒരു ഫോട്ടോയോ നിലവാരം കുറഞ്ഞ തമാശയോ യുക്തമല്ലാത്ത വീഡിയോകളോ ഫോർവേഡ് ചെയ്യുകയാണ്. നമ്മുടെ വിലപ്പെട്ട സമയവും ദിക്ർ ചെയ്യേണ്ടുന്ന അവസരങ്ങളും മക്കൾക്കും കുടുംബത്തിനും ഉപയോഗപ്പെടുത്തേണ്ടുന്ന എനർജിയുമൊക്കെ നമ്മൾ പാഴാക്കിക്കളയുകയാണ് ചെയ്യുന്നത്. നമ്മളറിയാതെ നമ്മുടെ വാക്കും പ്രവൃത്തിയും മനസ്സിലാക്കുന്ന നമ്മുടെ മക്കൾ ഇതിലേക്ക് പോയില്ലെങ്കിലേ അത്ഭുതമുള്ളൂ. നമ്മുടെ കുഞ്ഞുമക്കൾക്ക് അവർ ഭക്ഷണം കഴിക്കുന്നതിന് ആദ്യമാദ്യം നമ്മൾ ഫോണിൽ പാട്ടൊക്കെ വെച്ചുകൊടുക്കും. പിന്നീട് അത് അവർ ഒരു മെനുവാക്കി മാറ്റുകയും ഫോൺ കൈയിൽ കിട്ടിയില്ലെങ്കിൽ ശാഠ്യക്കാരായി മാറുകയും ചെയ്യും. നമ്മുടെ അമീറുൽമുഅ്മിനീൻ പറയുന്നു: 'പഠനാവശ്യമായാലും അതിൽ മിതത്വം പാലിക്കാൻ മക്കളെ ബോധവൽക്കരിക്കുക. വീട്ടിലെ പൊതുമുറികളിൽ കമ്പ്യൂട്ടർ വെക്കുക. ചെറിയ കുട്ടികളെ തങ്ങളുടെ സാന്നിധ്യത്തിൽ നെറ്റ് ഉപയോഗിക്കാൻ ശ്രദ്ധിക്കുക. ഇവയൊക്കെ മാതാപിതാക്കൾക്ക് ചെയ്യാൻ പറ്റുന്ന കാര്യങ്ങളാണ്. മൊബൈൽ ഫോണുമായി ഓരോരുത്തരും തങ്ങളുടേതായ ലോകത്ത് ജീവിക്കുമ്പോൾ പ്രായമായവർക്ക് അത് വളരെയധികം ഒറ്റപ്പെടലിന്റെ വേദനയായി മാറുന്നു. അവരുമായി സംസാരിക്കാൻ ആർക്കും നേരമില്ലാതെപോകുന്നു.

സോഷ്യൽമീഡിയ ഉപയോഗിക്കുന്ന ആളുകളിൽ അതുപയോഗിക്കാത്ത ആളുകളേക്കാൾ ആൻസൈറ്റിയും ഡിപ്രഷനുമൊക്കെ വളരെ കൂടുതലാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഒരു ദിവസം അഞ്ചോ ആറോ തവണ സെൽഫിയെടുക്കണമെന്ന മനോഭാവമുള്ളവൻ ഒരു മനോരോഗിയാണെന്ന് അമേരിക്കൻ സൈക്യാസ്ട്രി അസോസിയേഷൻ അഭിപ്രായപ്പെടുന്നു. സൈബർ സെക്സ് എന്നത്തെക്കാളുപരി വർധിച്ച കാലഘട്ടമാണിത്. ഇന്റർനെറ്റ് ഉപയോഗിക്കുന്ന ആളുകളിൽ 33% മുതൽ 60% വരെയുള്ള ആളുകൾ ഏതെങ്കിലും തരത്തിലുള്ള ഇന്റർനെറ്റ് സെക്ഷ്വൽ ആക്ടിവിറ്റീസിൽ പങ്കെടുക്കുന്നു എന്നതാണ് കണക്ക്. അതിൽ അവിവാഹിതരായ ആളുകളാണ് പ്രധാനമായും പങ്കെടുക്കുന്നത്. ഇത്തരം ആക്ടിവിറ്റീസിന് അടിമപ്പെട്ട ആളുകൾ വിവാഹത്തിനുപോലും തയ്യാറാകാത്ത അവസ്ഥവരെ എത്തിയിട്ടുണ്ടെന്നാണ് പറയപ്പെടുന്നത്. ഇങ്ങനെയുള്ള ആളുകൾ പലപ്പോഴും ഒറ്റയ്ക്കിരിക്കുന്നവരായിരിക്കും. അവർ വിവാഹം കഴിച്ചാലും അതിൽനിന്നൊഴിവായി വീണ്ടും സൈബർ സെക്സിലേക്ക് മടങ്ങിപ്പോകുന്നു.

വേറൊരു കൂട്ടർ മറ്റുള്ളവരുടെ ശ്രദ്ധകിട്ടാൻ പലവിധ കോപ്രായങ്ങളും കാട്ടിക്കൂട്ടുന്നവരാണ്. പലവിധത്തിലുള്ള ഫോട്ടോകൾ പോസ്റ്റ് ചെയ്ത് അതിന് എത്ര ലൈക്കും കമന്റും കിട്ടുമെന്ന് നോക്കി മണിക്കൂറുകളോളം മൊബൈൽ ഫോണിൽ കുത്തിയിരുന്ന് നിർവൃതിയടയുന്നു. അതിന്റെതന്നെ വേറൊരു വശമാണ് ഓൺലൈൻ ഷോപ്പിംഗ്. യുവതികൾ ഡ്രസ്സിന്റെ ഓഫറും നോക്കി മണിക്കൂറുകളോളം അതിൽ ചെലവഴിക്കുന്നു. 500 രൂപയുടെ ഒരു ചുരീദാർ 1000 രൂപ വിലയിട്ട് 50% ഓഫറുമായി 500 രൂപക്ക് കൊടുക്കുമ്പോൾ നാമും ഹാപ്പി അവരും ഹാപ്പി. അവർ നന്നാവാനാണോ അല്ല നമ്മളെ നന്നാക്കാനാണോ ബിസിനസ് നടത്തുന്നതെന്ന് ചിന്തിക്കേണ്ടതല്ലേ?

വിശുദ്ധ ഖുർആനിലെ 113–ാം അധ്യായത്തിൽ അല്ലാഹു പറയുന്നു: ഖുൽ അഊദു ബിറബ്ബിൽ ഫലഖ്. മിൻശർറി മാ ഖലഖ്. വമിൻ ശ്റി ഗാസിഖിൻ ഇദാ വഖബ് നീ പറയുക, പ്രഭാതത്തിന്റെനാഥനെ ഞാൻ അഭയം പ്രാപിക്കുന്നു. അവൻ സൃഷ്ടിച്ചവയുടെ ഉപദ്രവത്തിൽനിന്നും രാത്രി അന്ധകാരമാകുമ്പോഴുള്ള ഉപദ്രവത്തിൽനിന്നും. നാം ദൈവസ്മരണയെ മുറുകെപിടിക്കുക. ടി.വി.യായാലും ഇന്റർനെറ്റായാലും മൊബൈൽ ഫോണായാലും രാത്രിയുടെ അസമയത്തിന്റെ കാര്യം ശ്രദ്ധിക്കുക. ശയ്ത്വാനിഷ്ടപ്പെട്ട നേരമാകാം അത്. കാരണം ആ ഇരുത്തം നമ്മുടെ സ്വച്ഛമായ ഉറക്കത്തെയും തഹജ്ജുദ് സുബ്ഹി നമസ്കാരത്തേയും ബാധിക്കുകയും അല്ലാഹുവിന്റെ കാരുണ്യത്തെ അകറ്റുകയും ചെയ്യുന്നു. രാത്രി ഉറങ്ങാൻ പോകുമ്പോഴും രാവിലെ എഴുന്നേറ്റ ഉടനേയും നമ്മുടെ കൈ മൊബൈൽ ഫോണിലേക്കാണ് പോകുന്നതെങ്കിൽ നാം അതിന് അടിമപ്പെട്ടുവെന്നുതന്നെ 100% ഉറപ്പിക്കാം.

ആപ്ലിക്കേഷനുകൾ ആവിഷ്കരിക്കുന്നവർതന്നെ അവയ്ക്ക് ഗുണത്തെക്കാളേറെ ദോഷമുണ്ടെന്ന് പറയുന്നു. ഫേസ്ബുക്കിന്റെ നിർമാതാവ് പറയുന്നത് താൻ ഒരിക്കലും തന്റെ കുട്ടികൾ ഈ വിധത്തിലുള്ള വ്യർഥമായ താൽപര്യങ്ങളിൽ അകപ്പെടുന്നത് ഇഷ്ടപ്പെടുന്നില്ലെന്നാണ്. അതോടൊപ്പം അവർ മറ്റുള്ളവരെ നാശത്തിലേക്ക് തള്ളിയിടുകയും ചെയ്യുന്നു.

കുട്ടികൾക്ക് ടി.വിയും ഫോണും മറ്റും നോക്കാൻ ഒരു മണിക്കൂറിലധികം സമയം ഒരിക്കലും അനുവദിക്കാൻ പാടില്ലെന്നാണ് ഗവേഷകരുടെ അഭിപ്രായം. കാരണം അത് അവരുടെ കാഴ്ചശക്തിയേയും വളർച്ചയേയും ബാധിക്കുന്നതാണ്. ഇസ്‌ലാമിന്റെ സുന്ദരമായ പാഠം നോക്കുക. നബി(സ)തിരുമേനി അരുൾ ചെയ്യുന്നു: 'നീ ഇഷ്ടപ്പെടുന്നത് നിന്റെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടുക.' ഈ തത്ത്വമനുസരിച്ച് പ്രവർത്തിച്ചിരുന്നുവെങ്കിൽ ഈ കണ്ടുപിടിത്തങ്ങളുടെ ഗുണങ്ങളിൽ നിന്നുമാത്രം പ്രയോജനമെടുക്കുകയും അതിന്റെ ദോഷഫലങ്ങളിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യുമായിരുന്നു. ഈ മാധ്യമത്തെ ദീനീമാർഗത്തിലും ഖുർആന്റേയും ജമാഅത്തിന്റേയും അറിവുനേടാനും ഉപയോഗപ്പെടുത്തുക. ഓർക്കുക, നമസ്കാരമെന്ന മൃതസഞ്ജീവനി നഷ്ടപ്പെടുംവിധം നമ്മൾ ഒരു ഭൗതികതൃഷ്ണയിലും മുഴുകാതിരിക്കേണ്ടതാണ്.

★★★

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

## ഖുത്ബ ജുമുഅ

**വഖ്ത്ത് ഥാ വഖ്ത്തെ മസീഹ നഃ കിസീ ഔർ കാ വഖ്ത്ത്**
**മെ നഃ ആത്താ തൊ കോഇ ഔർ ഹി ആയാ ഹോത്താ**
(വാഗ്ദത്ത മസീഹ് വരേണ്ട നേരമാണിത്. മറ്റാരും വരേണ്ട നേരമല്ല. ഞാൻ വന്നിട്ടില്ലായിരുന്നെങ്കിൽ വേറെ ആരെങ്കിലും വന്നിട്ടുണ്ടാകും)

**ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നു,**
**എന്റെ ഏതെങ്കിലും വാദം ഖുർആൻ അനുസരിച്ചല്ലായിരുന്നെങ്കിൽ ഞാൻ അത് ചവറ്റുകുട്ടയിൽ വലിച്ചെറിയുമായിരുന്നു.**

**"വളരെ ശരി, അപ്പോൾപ്പിന്നെ എവിടെയാണോ ഖുർആനുള്ളത് അവിടെയാണ് ഞാനുമുള്ളത്"**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റേയും
വാക്കുകളിൽ കാലഘട്ടത്തിന്റെ അവസ്ഥയും മസീഹ് മൗഊദിന്റെ വെളിപ്പെടലിന്റെ ആവശ്യകതയും,
അവിടന്ന്(അ)വെളിപ്പെടുന്ന കാലത്തിന്റെ പ്രത്യേകതയും അവിടന്ന്(അ) നിയോഗിതനാകുന്ന സ്ഥലത്തിന്റേയും
അവിടന്ന് ദൈവനിയോഗിതനാണെന്നതിന്റേയും സാക്ഷ്യങ്ങളും ഇപ്രകാരംതന്നെ സത്യം മനസ്സിലാക്കുന്നതിനെ കുറിച്ചുള്ള
മാർഗദർശനത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)വിവരിച്ചിട്ടുള്ള മാർഗത്തിന്റെ ഈമാൻവർധക വിശദീകരണവും.

**ഖിലാഫത്തിന്റെ ആജ്ഞാനുസാരിയും, സൽകർമിയും കൂറു പുലർത്തുന്ന ശീലക്കാരനുമായ**
**ബഹുമാന്യനായ മൗലാനാ ഖുർശീദ് അഹ്മദ് അൻവർ സാഹിബിനേയും** (വക്കീലുൽമാൽ തഹ്‌രീക്കെ ജദീദ് ഖാദിയാൻ)
**ത്വാഹിർ ഹുസയ്ൻ മുൻശീ സാഹിബിനേയും** (നാഇബ് അമീർ അഹ്മദിയ്യാ ജമാഅത്ത് ഫിജി)
**ആത്മാർഥനായ മാലി വാസി മൂസാ സിസ്ക്കൊ സാഹിബിനേയും കുറിച്ചുള്ള**
**അനുശോചനവും ഗാഇബ് ജനാസ നമസ്കാരവും**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**ഖുത്ബ 2019 മാർച്ച് 22/1398 തബ്‌ലീഗ് 22**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

നാളെ മാർച്ച് 23 ആണ്. ഈ ദിവസം അഹ്മദിയ്യാ ജമാഅത്ത് മസീഹ് മൗഊദ് ദിനം എന്ന നിലയിൽ സ്മരിക്കുന്നു. നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ച് ഇസ്‌ലാമിന്റെ യഥാർഥമായ അധ്യാപനം ജനങ്ങൾക്കു പറഞ്ഞുകൊടുക്കുന്നതിനും ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്നതിനും മുസ്‌ലീംകളെ ഒരു കൈയിൽ സംഘടിപ്പിക്കുന്നതിനും എന്നല്ല സകല മതവിശ്വസികളേയും നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ കൊണ്ടുവരുന്നതിനും ഏതൊരു മസീഹ് മഹ്ദിയാണോ അവസാനകാലത്ത് വരേണ്ടിയിരുന്നത് അദ്ദേഹം വന്ന് ഈ തിയതിക്ക് വിളംബരം ചെയ്തു. അതായത് നബി(സ)തിരുമേനി വിവരം അറിയിച്ച മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും താനാണെന്ന് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) വിളംബരം ചെയ്തു. അങ്ങനെ അദ്ദേഹം ബയ്അത്തിന് ആരംഭം കുറിച്ചു. ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ സമർപിക്കുന്നതാണ്. അതിൽ അദ്ദേഹം മസീഹ് മൗഊദ് വരുന്നതിന്റെ ആവശ്യകത, ആ കാലഘട്ടത്തിന്റെ അവസ്ഥ, തന്റെ വാദവുമായിബന്ധപ്പെട്ട വിവിധ അടയാളങ്ങൾ എന്നിവയെ കുറിച്ച് വിവരിച്ചിരിക്കുന്നു. തന്റെ ഒരു പദ്യത്തിൽ അദ്ദേഹം പറയുന്ന:

വഖ്ത്ത് ഥാ വഖ്ത്തെ മസീഹ നഃ കിസീ ഔർ കാ വഖ്ത്ത്
മെ നഃ ആത്താ തൊ കോഇ ഔർ ഹി ആയാ ഹോത്താ

(വാഗ്ദത്ത മസീഹ് വരേണ്ടനേരമാണിത്. മറ്റാരും വരേണ്ട നേരമല്ല. ഞാൻ വന്നിട്ടില്ലായിരുന്നെങ്കിൽ വേറെ ആരെങ്കിലും വന്നിട്ടുണ്ടാകും)(ദുർറെ ഥമീൻ പേജ് 160)

ആ കാലഘട്ടത്തിന്റെ അവസ്ഥ ആവശ്യപ്പട്ടിരുന്നത് മുങ്ങിത്താണുകൊണ്ടിരിക്കുന്ന ഇസ്‌ലാമിക നൗകയെ ആരെങ്കിലും വന്ന് രക്ഷിക്കണമെന്നായിരുന്നു. എന്നാൽ, നിർഭാഗ്യകരമെന്നു പറയട്ടെ, ഏതെങ്കിലും മസീഹ് വരണമെന്ന് പറഞ്ഞ് കാത്തിരുന്ന അധിക മുസ്‌ലിം പണ്ഡിതന്മാർപോലും അദ്ദേഹത്തിന്റെ വാദത്തിനുശേഷം അതികഠിനമായ എതിർപ്പ് പ്രകടിപ്പിക്കുകയാണ് ചെയ്തത്. പൊതുമുസ്‌ലിംകളെ പലതരം കെട്ടുകഥകൾ കേൾപ്പിച്ചും അദ്ദേഹത്തെകുറിച്ച് കളവുകൾ പറഞ്ഞും അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ജമാഅത്തിനുമെതിരിൽ എത്രമാത്രം തീപ്പൊരി വിതറിയെന്നാൽ, വധിക്കണമെന്ന ഫത്‌വപോലും അവർ നല്കാൻ തുടങ്ങി. ചില സ്ഥലങ്ങളിലും രാജ്യങ്ങളിലും അഹ്മദികളുടെമേൽ ഇസ്‌ലാമിന്റെ പേരും പറഞ്ഞ് അക്രമവും ക്രൂരതയും കൊല്ലുംകൊലയും ഇന്നും നടന്നു വരുന്നു. ഇസ്‌ലാമിന്റെ യാഥാർഥ്യം മനസിലാക്കിയവർക്ക് അങ്ങനെ ചിന്തിക്കാൻ പോലും സാധിക്കുകയില്ല. അവരിൽനിന്ന് ഒരിക്കലും അത്തരം പ്രവർത്തനങ്ങൾ ഉണ്ടാകുന്നതുമല്ല. മസീഹ് മൗഊദ് വരേണ്ടതിന്റെ ആവശ്യകത എന്താണ്? ഈ കാലഘട്ടത്തിൽ മസീഹിനുള്ള പ്രത്യേകത എന്താണ്? അവിടന്ന് താൻതന്നെ വരേണ്ടതാണെന്ന് പറഞ്ഞില്ല. ആരെങ്കിലും വരണമെന്നത് കാലം ആവശ്യപ്പെട്ടതായിരുന്നു. അദ്ദേഹം പറയുന്നു: 'ഇസ്‌റാഈൽ, ഇസ്മായീൽ എന്നീ രണ്ട് പരമ്പരകളിലുള്ള ഖിലാഫത്തിന്റെ സാദൃശ്യത്തെകുറിച്ച് വിശുദ്ധ ഖുർആൻ വ്യക്തമായ നിലയിൽ വിവരിക്കുന്നു. ഈ ആയത്തിൽനിന്ന് അത് വ്യക്തമാകുന്നു:

وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ

فِى الْاَرْضِ كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ

(24:56) ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഇസ്‌റാഈൽ പരമ്പരയിൽ ഹദ്റത്ത് മൂസായ്ക്കുശേഷം പതിനാലാം നൂറ്റാണ്ടിൽ വന്ന അവസാന ഖലീഫ, മസീഹ് നാസ്വിരി ആയിരുന്നു. അതിന് തുല്യമായി ഈ ഉമ്മത്തിലും പതിനാ ലാം നൂറ്റാണ്ടിന്റെതലയ്ക്കൽ മസീഹ് വരേണ്ടത് അനിവാര്യമാണ്. കൂടാതെ കശ്ഫുകാർ (അല്ലാഹുവുമായി പ്രത്യേക ബന്ധമുള്ളവരും പഴയകാല ധാരാളം മഹാത്മാക്കളും) ഈ നൂറ്റാണ്ട് മസീഹ് ആഗമിക്കുന്ന കാലമായി പറഞ്ഞിരിക്കുന്നു. ഉദാഹരണമായി, ഹദ്റത്ത് ശാഹ് വലിയുല്ലാഹ് സാഹിബിനെ പോലുള്ള അഹ്‌ലെ ഹദീഥുകാർ ചെറിയ അടയാളങ്ങൾ മുഴുവനായും വലിയ അടയാളങ്ങൾ ഒരു പരിധിവരെയും പുലർന്നിരിക്കുന്നുവെന്ന കാര്യത്തിൽ യോജിക്കുന്നു.' (അതായത് മസീഹിന്റെ ആഗമനത്തെ കുറിച്ചുള്ള വലുതും ചെറുതമായ എല്ലാ അടയാളങ്ങളും പൂർത്തിയായി കഴിഞ്ഞിരിക്കുന്നു). ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'പക്ഷേ, ഇതിൽ ഒരളവുവരെ അവർക്ക് അബദ്ധം പിണഞ്ഞിട്ടുണ്ട്. അടയാളങ്ങളെല്ലാം പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു.' (ഒരു പരിധിവരെയല്ല. പ്രത്യുത വരുന്ന മസീഹിനെ കുറിച്ചു പറഞ്ഞിട്ടുള്ള സകല അടയാളങ്ങളും പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. പറയുന്നു:) 'ബുഖാരി ശരീഫിൽ എഴുതിയിട്ടുള്ള വലിയ ദൃഷ്ടാന്തം അല്ലെങ്കിൽ അടയാളം *യക്സിറുസ്സ്വലീബ വ യഖ്ത്തുലുൽ ഖിൻസീറ* എന്നതാണ്. അതായത് മസീഹ് ആഗമിക്കുന്ന കാലത്ത് ക്രിസ്ത്യാനികളുടെ ആധിപത്യവും കുരിശാരാധനയും ഉച്ചിയിലായിരിക്കും. ഇത് ആ സമയമല്ലേ? പാതിരിമാരുടെ കൈയാൽ ഇസ്‌ലാമിനു ഉണ്ടായിക്കഴിഞ്ഞിട്ടുള്ള നഷ്ടം ആദം തൊട്ടു ഇന്നുവരെ എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ? എല്ലാ ഓരോ രാജ്യത്തും ഭിന്നിപ്പുണ്ടായി. ഒന്നും ഒറ്റയും ആളുകൾ അവരുടെ പിടിയിൽ അകപ്പെട്ടിട്ടില്ലാത്ത ഒരു ഇസ്‌ലാമിക കുടുംബവുമില്ല. അതിനാൽ വരുന്ന മസീഹിന്റെ കാലം കുരിശാരാധനയുടെ ആധിപത്യത്തിന്റെ കാലമാണ്. ഇതിനെക്കാൾ വലിയ ആധിപത്യം ഇപ്പോൾ ഇനി എന്താണ് വേണ്ടത്? എങ്ങനെയാണ് ശത്രുതകൊണ്ട് വന്യമൃഗങ്ങളെപ്പോലെ ഇസ്‌ലാമിനുമേൽ ആക്രമണം നടത്തപ്പെട്ടത്.' (ഈ വാക്കുകൾതന്നെ അദ്ദേഹം നഊദുബില്ലാഹ് ബ്രിട്ടീഷുകാർ നട്ട ചെടിയാണെന്നുള്ള ആക്ഷേപത്തിന്റെ വിശദീകരണമാണ്. അതിനാൽ ഇതിൽനിന്ന് അദ്ദേഹം ഇംഗ്ലീഷുകാർ നട്ടചെടിയാണോ അതല്ല ഇസ്‌ലാമിനുവേണ്ടി പ്രതിരോധിക്കുന്നതിനും അതിന്റെ ശ്രേഷ്ഠത സ്ഥാപിക്കുന്നതിനും അല്ലാഹുവിൽനിന്ന് രണാങ്കണത്തിൽ ഇറക്കപ്പെട്ട ആളാണോ എന്നും വ്യക്തമാകുന്നുണ്ട്. എന്തായാലും) അവിടന്ന് പറയുന്നു:'അങ്ങേയറ്റം മൃഗീയമായ വാക്കുകൾകൊണ്ടും തെറിഅഭിഷേകംകൊണ്ടും നബി(സ)തിരുമേനിയെ ഓർക്കാത്തതായ ഏതെങ്കിലും സംഘം എതിരാളികളിലുണ്ടോ? വരേണ്ട മസീഹിന്റെ കാലം ഇതല്ലെങ്കിൽ, വേഗം

വരികയാണെങ്കിൽത്തന്നെ നൂറുവർഷത്തിനുള്ളിൽ വരുന്നതായിരിക്കും. കാരണം മസീഹ് മൗഊദ് കാലത്തിന്റെ മുജദ്ദിദാണ്;പരിഷ്കർത്താവ്. അവരുടെ വരവ് നൂറ്റാണ്ടിന്റെ തലയ്ക്കലാണ്. ഒരു നൂറ്റാണ്ടുവരെ പാതിരിമാരുടെ ദിനേനയുള്ള ആധിപത്യത്തെ നേരിടാനുള്ള കരുത്ത് ഇക്കാലത്ത് ഇസ്ലാമിനുണ്ടോ? ക്രിസ്ത്യാധിപത്യം അതിന്റെ സീമയിലെത്തിയിരിക്കുന്നു. വരേണ്ടുന്നയാൾ വരികയും ചെയ്തു. അതേ! ഇപ്പോൾ അയാൾ ദജ്ജാലിനെ ന്യായപൂർത്തികൊണ്ട് നശിപ്പിക്കുന്നതായിരിക്കും. അയാളുടെ കൈയാൽ മതങ്ങളുടെ നാശം വിധിക്കപ്പെട്ടിരിക്കുന്നു വെന്ന് ഹദീഥുകളിൽ വന്നുകഴിഞ്ഞിട്ടുള്ളതാണ്; ആളുകളുടേയോ മതവിശ്വാസികളുടേയോ കൈയാലല്ല. അങ്ങനെ തന്നെ അത് പുലർന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 47–48)

അതായത് ആഗതനാകേണ്ട മുഹമ്മദീമസീഹ് തെളിവുകൾകൊണ്ടും പ്രമാണങ്ങൾ കൊണ്ടും മറ്റുള്ള എല്ലാ മതങ്ങളുടേയുംമേൽ ഇസ്ലാമികാധ്യാപനങ്ങളുടെ ശ്രേഷ്ഠത സ്ഥാപിക്കണമായിരുന്നു. അതിന്റെ ശ്രേഷ്ഠത അംഗീകരിപ്പിക്കുന്നതിന് ഇസ്ലാമികാധ്യാപനത്തെ എല്ലാമതങ്ങളുടേയും ജാതിയുടേയുംമേൽ അവതരിപ്പിക്കണമായിരുന്നു. അഹ്മദിയ്യാ ജമാഅത്തിൽ ഓരോവർഷവും ആയിരക്കണക്കിന് അമുസ്ലീംകൾ ചേർന്നുകൊണ്ടിരിക്കുന്നു. അവർ ആ മഹാത്മാവ് നല്കിയിട്ടുള്ള തെളിവുകളും പ്രമാണങ്ങളും കാരണത്താലാണ് ചേരുന്നത്.

പിന്നീട് കാലത്തിന്റെ അവസ്ഥയേയും മസീഹ് മൗഊദിന്റെ ആവശ്യകതയേയും കുറിച്ച് വീണ്ടും പറയുന്നു: "അർഹമായ മണ്ണല്ലെങ്കിൽ മഴകൊണ്ട് ഒരു പ്രയോജനവുമുണ്ടാകുകയില്ല. മറിച്ച് ഉപദ്രവവും നഷ്ടവുമായിരിക്കുമുണ്ടാകുക." (സ്ഥലം നല്ലതല്ലെങ്കിൽ വരണ്ടതും മയമില്ലാത്തതുമായ മണ്ണാണെങ്കിൽ നഷ്ടമേ ഉണ്ടാകുകയുള്ളു). 'അതുകൊണ്ട് ദൈവികമായ പ്രകാശം ഇറങ്ങിയിരിക്കുന്നു. അത് മനുഷ്യമനസ്സുകളെ പ്രകാശിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. അതിനെ സ്വീകരിക്കാനും അതിൽനിന്ന് ഫലമെടുക്കാനും തയ്യാറാകുക.' അതായത് നിങ്ങളുടെ മണ്ണിനെ, മനസ്സിന്റെ മണ്ണിനെ അതിന് അർഹമാക്കിത്തീർക്കുക). 'അർഹമല്ലാത്ത മണ്ണ് മഴയെ പാഴാക്കിക്കളയുന്നതുപോലെ ഈ ദിവ്യപ്രകാശത്തെ നിങ്ങൾ പാഴാക്കിക്കളയാതിരിക്കുക.' (വെള്ളത്തിന് അതിനൊക്കൊണ്ട് ഒരു പ്രയോജനവുമുണ്ടാകുന്നില്ല). 'പ്രകാശം നിലവിലുണ്ടായിട്ടും ഇരുട്ടത്ത് നടക്കുന്നവരാകാതിരിക്കുക. ചതിയിലകപ്പെട്ട് പൊട്ടക്കിണറ്റിൽ വീണ് നാശമടയാതിരിക്കുക.' (പ്രകാശമുണ്ടായിട്ടും ഇരുട്ട് ലഭിക്കുകയും പൊട്ടക്കിണറ്റിൽവീണ് നാശമടുയകയും ചെയ്യുന്നവരുടെ അവസഥ നിങ്ങൾക്കുണ്ടാകരുത്). ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'വാത്സല്യനിധിയായ മാതാവിനെക്കാൾ വാത്സല്യവാനാണ് അല്ലാഹു. അവന്റെ സൃഷ്ടികൾ നഷ്ടപ്പെട്ടുപോകുന്നത് അവൻ ആഗ്രഹിക്കുന്നില്ല. അവൻ സന്മാർഗത്തിന്റേയും പ്രകാശത്തിന്റേയും വഴികൾ നിങ്ങളിൽ തുറക്കുന്നു. എന്നാൽ, നിങ്ങൾ അവയിലൂടെ നടക്കുന്നതിന് ബുദ്ധിയോടും ആത്മപരിശുദ്ധിയോടുംകൂടി പ്രവൃത്തിക്കുക. ഭൂമി ഉഴുതുമറിച്ച് തയ്യാറാക്കാത്തിടത്തോളം അതിൽ വിത്തുവിതയ്ക്കാൻ പറ്റുകയില്ല. ഇപ്രകാരം ആത്മാവുമായുള്ള കഠിനമായ പോരാട്ടം (മുജാഹദ)കൊണ്ടും പരിശീലമുറ(രിയാളത്ത്)കൊണ്ടും ആത്മാക്കളെ ശുദ്ധീകരിക്കാത്തിടത്തോളം പരിശുദ്ധമായ ബുദ്ധി ആകാശത്തുനിന്ന് ഇറങ്ങുകയില്ല. ഇക്കാലഘട്ടത്തിൽ അല്ലാഹു വലിയ ഫള്ലാണ് ചെയ്തിട്ടുള്ളത്. തന്റെ ദീനിനും ഹദ്റത്ത് നബി(സ)തിരുമേനിയ്ക്കും പിന്തുണയായി ആത്മീയരോഷം പ്രകടിപ്പിച്ച് ജനങ്ങളെ ഈ പ്രകാശത്തിലേക്ക് വിളിക്കുന്നതിന് നിങ്ങളോടു ഇപ്പോൾ സംസാരിച്ചുകൊണ്ടിരിക്കുന്ന ഒരു മനുഷ്യനെ അയച്ചു. ഇക്കാലഘട്ടത്തിൽ അത്തരത്തിലുള്ള കുഴപ്പങ്ങളും കലഹങ്ങളും ഉണ്ടായിരുന്നില്ലെങ്കിൽ, ദീനിനെ ഇല്ലാതാക്കുന്നതിനു ഇന്നുള്ള രീതിയിലുള്ള പ്രവർത്തനങ്ങളില്ലായിരുന്നെങ്കിൽ ഒരു കുഴപ്പവും ഉണ്ടാകുമായിരുന്നില്ല.'(ഒരു വ്യത്യാസവും ഉണ്ടാകുമായിരുന്നില്ല). 'പക്ഷേ, ഇപ്പോൾ നാലുവശത്തും വലത്തും ഇടത്തും ഇസ്ലാമിനെ നശിപ്പിക്കുന്നതിനുള്ള ചിന്തയാണുള്ളതെന്ന് നിങ്ങൾ കാണുന്നു.' (ഇടത്തും വലത്തും ആക്രമണം ഉണ്ടായിക്കൊണ്ടിരിക്കുന്നു). 'എല്ലാ ജനതകളും അതിന്റെ പിന്നാലെ കൂടിയിരിക്കുകയാണ്.' (എല്ലാ ജനതകളും അതിനുള്ള ശ്രമത്തിലാണ്, അതേ ചിന്തയിലാണ്, ഏതെങ്കിലും രീതിയിൽ ഇന്നും ആ അവസ്ഥതന്നെയാണുള്ളത്). ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'എനിക്കോർമയുണ്ട്, ബറാഹീനെ അഹ്മദിയ്യായിലും ഞാനെഴുതിയിട്ടുണ്ട്, ഇസ്ലാമിന്നെതിരിൽ ആറു കോടി ഗ്രന്ഥം രചിച്ച് അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.' (അദ്ദേഹത്തിന്റെ കാലത്തെ കാര്യമാണ് പറയുന്നത്. ഇന്നേയ്ക്കു നൂറ്റി ഇരുപത്തിയഞ്ചു വർഷം മുമ്പേ, എന്നല്ല 150 വർഷം മുമ്പേ). അദ്ദേഹം പറയുന്നു: 'അത്ഭുതകരമെന്നു പറയട്ടെ ഇന്ത്യയിലെ മുസ്ലീംകളുടെ ജനസംഖ്യയും ആറുകോടിയാണ്. ഇസ്ലാമിന്നെതിരിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥങ്ങളും അത്രതന്നെ!' (അക്കാലത്ത് മുസ്ലിം ജനസംഖ്യ ആറു കോടിയായിരുന്നു. ഇപ്പോൾ ഏകദേശം അമ്പത്, അറുപതു കോടിയാണ്, എന്നല്ല അതിനെക്കാളേറെയാണ്). അദ്ദേഹം പറയുന്നു: 'ഇതുവരെ ഈ ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിലുള്ള കൂടുതൽസംഖ്യ ഉപേക്ഷിച്ചു കളയുകയാണെങ്കിലും (അതായത് അതിനുപുറമെയും ഏതെങ്കിലുമുണ്ടെങ്കിൽത്തന്നെ) അപ്പോഴും നമ്മുടെ എതിരാളികൾ ഓരോ ഗ്രന്ഥം എല്ലാ ഓരോ മുസ്ലിമിന്റേയും കൈയിൽ പിടിപ്പിച്ചിട്ടുണ്ടാകും.' (എത്ര മുസ്ലീംകളാണോ ഉള്ളത് അത്രയും ഗ്രന്ഥവും എഴുതപ്പെട്ടു. ഇപ്പോഴാണെങ്കിൽ വിവിധ മാർഗങ്ങളിലൂടെ, മാധ്യമങ്ങളിലൂടെ, സോഷ്യൽ മീഡിയായിലൂടെ, ഇന്റർനെറ്റിലൂടെ, വിവിധ രീതികളിലൂടെ ഈ പ്രവൃത്തി അതിനെക്കാൾ വർധിച്ചിരിക്കുകയാണ്. പുതിയ പുതിയ മാർഗങ്ങൾ അവലംബിക്കപ്പെട്ടിരിക്കുന്നു. അവിടന്ന് പറയുന്നു: 'എതിരാളികൾ ഓരോ ഗ്രന്ഥം എല്ലാ ഓരോ മുസ്ലിമിന്റേയും കൈയിൽ പിടിപ്പിച്ചു കഴിഞ്ഞിരിക്കുകയാണ്). അദ്ദേഹം പറയുന്നു, 'അല്ലാഹുവിന്റെ ആവേശം ധാർമികരോഷത്തിലല്ലായിരുന്നുവെങ്കിൽ, *ഇന്ന ലഹൂ ല ഹാഫിളൂൻ* എന്ന വാഗ്ദാനമില്ലായിരുന്നെങ്കിൽ തീർച്ചയായും മനസ്സിലാക്കുക ഇസ്ലാം ഇന്ന് ലോകത്തുനിന്ന് പമ്പകടന്നിട്ടുണ്ടാകും. അതിന്റെ പേരും അടയാളവും കൂടി വിപാടനം ചെയ്യപ്പെട്ടിട്ടുണ്ടാകും. എന്നാൽ, അല്ല. അങ്ങനെ ഉണ്ടാകുകയില്ല. അല്ലാഹുവിന്റെ രഹസ്യമായ കരങ്ങൾ അതിനെ സംരക്ഷിച്ചുകൊണ്ടിരിക്കും. ആളുകൾ മുസ്ലിമെന്ന് പറഞ്ഞിട്ട് വിവാഹത്തിനുള്ള ചിന്തയ്ക്കു സമാനംപോലും ഇസ്ലാമിനെക്കുറിച്ച് ചിന്തയില്ലാത്തവരായിരിക്കുന്നുവെന്നതിലാണ് എനിക്ക് ഖേദവും വിഷമവുമുള്ളത്.' (വിവാഹത്തെകുറിച്ചുള്ള ചിന്തയുടെ അത്രപോലും ചിന്ത ഇസ്ലാമിനെക്കുറിച്ചില്ല) 'പലപ്പോഴും എനിക്ക് വായിക്കാൻ കഴിഞ്ഞിട്ടുണ്ട്; ക്രിസ്തീയ സ്ത്രീകൾ മരിക്കുന്ന നേരത്ത് ലക്ഷക്കണക്കിനു രൂപ ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനുവേണ്ടി വസ്വിയ്യത്ത് ചെയ്തുപോകുന്നു.' (അക്കാലഘട്ടത്തിൽ ക്രിസ്ത്യാനികൾക്ക് സഹായിക്കാനുള്ള ചായ്വുണ്ടായിരുന്നു. അവരുടെ സ്ത്രീകളും ത്യാഗങ്ങൾ ചെയ്യുമായിരുന്നു). 'അവർ തങ്ങളുടെ ജീവിതത്തെ ക്രൈസ്തവപ്രചാരണത്തിന് ചെലവഴിക്കുന്നത് നമ്മൾ നിത്യവും കാണുന്നു.' (അക്കാലഘട്ടം അവിടന്ന് ചിത്രീകരിച്ച് പറയുകയാണ്). 'ആയിരക്കണക്കിന് ലേഡീസ് മിഷണറിമാർ വീടുകളിലും ഇടവഴികളിലും ചുറ്റിക്കറങ്ങുന്നു.'(ക്രിസ്തീയ സ്ത്രീകൾ പ്രബോധനം നടത്തി ചുറ്റിക്കറങ്ങുന്നു). 'അവർക്ക് ചെയ്യാൻ കഴിയുന്നതുപോലെ ഈമാൻ തട്ടിപ്പറിച്ചെടുത്ത് ചുറ്റിനടക്കുന്നു.' അവിടന്ന് പറയുന്നു: 'മുസ്ലിംകളിൽ ഒരാളെപോലും 50 രൂപ ഇസ്ലാമിന് വസ്വിയത്ത് ചെയ്ത് മരിക്കുന്നതായി കണ്ടിട്ടില്ല. വിവാഹങ്ങളിലും ഭൗതികാചാരങ്ങളിലും അതിരില്ലാതെ ചെലവഴിക്കുകയും ചെയ്യുന്നു.' (ഈ അമിതച്ചെലവ് ഇക്കാലത്തുമുണ്ട്. ഇസ്ലാമിന്റെ സേവനത്തിന് പേരിനുമാത്രം ചെലവഴിക്കുന്നു.അവരുടെ ഭൗതികമായ ചെലവുനോക്കുമ്പോൾ ഈ ചെലവിന് ഒരു പ്രസക്തിയുമില്ല) പറഞ്ഞു: 'കടമെടുത്തുകൊണ്ടും മനസ് തുറന്ന് അനാവശ്യ ചെലവുകൾ നടത്തുന്നു. ചെലവഴിക്കാൻ ഇല്ലാത്തത് ഇസ്ലാമിനുവേണ്ടി മാത്രം! അഹോ കഷ്ടം. ഇതിനെക്കാളുപരി മുസ്ലിംകളുടെ പരിതാപാവസ്ഥ എന്താണ്?' (മൽഫൂദാത്ത്, വാള്യം 1, പേജ് 72–74)

മുസ്ലിം ഭൂരിപക്ഷത്തിന്റെ ഇന്നത്തെ അവസ്ഥയും അതുതന്നെ. കുറച്ച് മെച്ചപ്പെട്ട അവസ്ഥ ചിലയിടങ്ങളിൽ ഉണ്ടായിട്ടുണ്ട്. പക്ഷേ, അതും ഞാൻ പറഞ്ഞതുപോലെ ഭൗതികാഗ്രഹങ്ങൾ പൂർത്തിയാക്കുന്നതിന് എത്രമാത്രം ചെലവഴിക്കുന്നുവോ, ദീനിനുവേണ്ടി അതിന്റെ പത്തിലൊന്നു പോലുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) വാദം പുറപ്പെടുവിച്ച കലത്തുണ്ടായിരുന്ന അവസ്ഥയായിരുന്നു അത്. ഇപ്പോൾ മുസ്ലിംകളിൽ ഒരു വിഭാഗത്തിന് മതത്തിലേക്ക് ശ്രദ്ധയുണ്ടായിട്ടുണ്ട്. ഞാൻ പറഞ്ഞതുപോലെ ഇസ്ലാമിൽ നിലകൊള്ളണമെന്ന നിലയിൽ മാത്രം. അതേ! അത്രയെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടല്ലോ. ശരിതന്നെ. ധാരാളമാളുകൾ ഇസ്ലാമിൽ നിലകൊള്ളാനാഗ്രഹിക്കുന്നവരാണ്. കുറച്ച് പരിധിവരെ മസ്ജിദുകളും അവർ ജനാസാന്ദ്രമാക്കിയിട്ടുണ്ട്. പക്ഷേ, ഇസ്ലാമിന്റെ അധ്യാപനം പ്രചരിപ്പിക്കുന്നതിന് ഒരു ശ്രമവുമില്ല. പേരിനുമാത്രം എന്തെങ്കിലും ശ്രമമുണ്ടെങ്കിൽത്തന്നെ ഭീകരവാദത്തിന്റേതാണ്. തങ്ങൾക്ക് ബലാൽക്കാരപൂർവം ഇസ്ലാമിനെ പ്രചരിപ്പിക്കണമത്രെ! ഇപ്രകാരം വിവിധ സംഘങ്ങൾ ആയിക്കഴിഞ്ഞിരിക്കുന്നു. അല്ലെങ്കിൽ മസീഹ് മൗഊദിനേയും ഈ ജമഅത്തിനേയും എതിർക്കാനുള്ള ശ്രമത്തിലാണ്. അതുകൊണ്ട് എപ്പോഴും ഓർമിക്കേണ്ടതാണ്, ഇപ്പോൾ ലോകത്ത് ഇസ്ലാം പ്രചരിക്കുന്നെങ്കിൽ, അല്ലാഹു അയച്ചിട്ടുള്ള ഈ ദൂതൻ മുഖേന മാത്രമേ പ്രചരിക്കുകയുള്ളൂ. ഇത് അല്ലാഹുവിന്റെ വിധിയാണ്.

ആഗതനാകുന്ന മസീഹ് മൗഊദിനുവേണ്ടി അല്ലാഹുവും അവന്റെ റസൂലും കുറച്ച് അടയാളങ്ങളും പറഞ്ഞിട്ടുണ്ട്. അടയാളമൊന്നും കൂടാതെ അദ്ദേഹം വാദം പുറപ്പെടുവിക്കുമെന്നല്ല. ഇക്കാര്യ വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:

'ആഗതനാകുന്ന ആളിന്റെ ഒരു അടയാളം അക്കാലഘട്ടത്തിൽ റമളാൻ മാസത്തിൽ നിശ്ചിത തിയതികളിൽ സൂര്യചന്ദ്രഗ്രഹണങ്ങൾ ഉണ്ടാകുമെന്നുമുണ്ട്.'(അതായത് ചന്ദ്രഗ്രഹണമുണ്ടാകും സൂര്യ ഗ്രഹണമുണ്ടാകും). 'അല്ലാഹുവിന്റെ അടയാളങ്ങളെ പരിഹസിക്കുന്നവർ അല്ലാഹുവിനെയാണ് പരിഹസിക്കുന്നത്. സൂര്യചന്ദ്ര ഗ്രഹണങ്ങൾ അദ്ദേഹത്തിന്റെ വാദത്തിനുശേഷം സംഭവിച്ചതിനാൽ ആ കാര്യം കളവിൽ നിന്നും കൃത്രിമത്വത്തിൽ നിന്നും വിദൂരപ്പെട്ടിരിക്കുന്നു.'(അതിനെ കൃതിച്ചുണ്ടാക്കിയതാണെന്ന് പറയാൻ പറ്റുകയില്ല. വഞ്ചനയാണെന്നും പറയാൻ സാധ്യമല്ല). അതിന് മുമ്പേ ഇത്തരത്തിലുള്ള ഒരു സുര്യചന്ദ്ര ഗ്രഹണങ്ങളും ഉണ്ടായിട്ടില്ല. മുഴുലോകത്തിനുംവേണ്ടി അവതരിച്ചയാളെ കുറിച്ച് വിളംബരം ചെയ്യുന്നതിനുവേണ്ടിയുള്ള അല്ലാഹുവിന്റെ ഒരു അടയാളമായിരുന്നു അത്. അങ്ങനെ അറബ് വാസികളും ആ അടയാളം കണ്ടു. അവരുടെ അഭിരുചിക്കനുസരിച്ച് ശരി എന്നു പറഞ്ഞു. നമ്മുടെ വിജ്ഞാപനങ്ങൾ എത്താത്തിടത്തെല്ലാം അവതരിക്കുന്ന ആളിന്റെ കാലം ഈ സൂര്യചന്ദ്രഗ്രഹണങ്ങൾ വിളംബരം ചെയ്തു. അത് മാനുഷിക പദ്ധതികളുടെ കൈകടത്തലില്ലാത്ത ദൈവിക അടയാളമായിരുന്നു. എങ്ങനെയുള്ള തത്ത്വചിന്തകനാണെങ്കിലും വേണ്ടില്ല, നിശ്ചയിക്കപ്പെട്ട അടയാളം പൂർത്തിയായോ എന്ന് ആലോചിക്കുകയും ചിന്തിക്കുകയും ചെയ്താൽ അതിന്റെ പ്രതിഭയും തീർച്ചയായും എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടെന്ന് അറിയുന്നതാണ്. ഇക്കാര്യം ഏതെങ്കിലും കണക്കുകൂട്ടി പറഞ്ഞതല്ല. പറഞ്ഞത് മഹ്ദി വാദി തന്റെ വാദം പുറപ്പെടുവിച്ചതിനുശേഷമായിരിക്കും ഈ അടയാളമുണ്ടാകുക എന്നാണ്.'(മഹ്ദിയുടേയും മസീഹിന്റേയും

വാദം ഉണ്ടായതിനുശേഷമായിരിക്കും ഈ അടയാളം പ്രത്യക്ഷപ്പെടുക). അവിടന്ന് പറയുന്നു: 'ആദംമുതൽ ഈ മഹ്ദിവരെ ഒരു പ്രവാചകന്റെ അടയാളമെന്ന നിലയിൽ ഇത്തരത്തിലുള്ള സംഭവം ഉണ്ടായിട്ടില്ലെന്നും നബി(സ)തിരുമേനി പറഞ്ഞിരുന്നു. ഇനി ആരെങ്കിലും അത് ചരിത്രത്തിൽനിന്ന് തെളിയിക്കുമെങ്കിൽ നാം അത് അംഗീകരിക്കുന്നതാണ്.'(മൽഫൂദാത്ത് വാള്യം 1 പേജ് 48–49)

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു: 'ഇനിയുള്ള ഒരടയാളം വാൽനക്ഷത്രത്തിന്റെ ഉദയമാണ്. അതായത് വർഷങ്ങൾക്കു മുമ്പേ ഉദിച്ചു കഴിഞ്ഞ ആ നക്ഷത്രം! ഈസാമസീഹിന്റെ കാലത്ത്(വർഷങ്ങൾക്കുശേഷം ഉദിക്കാറുള്ള)ആ നക്ഷത്രം ഉദിച്ചിരുന്നു. ഇപ്പോൾ ആ നക്ഷത്രം വീണ്ടും ഉദിച്ചു. അത് യഹൂദികളുടെ മസീഹ് വന്നിരിക്കുന്നുവെന്ന വിവരം ആകാശത്തുനിന്ന് നല്കിയിരുന്നു. അതുപോലെ വിശുദ്ധ ഖുർആൻ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്,

وَإِذَا الْعِشَارُ عُطِّلَتْ ﴿٥﴾ وَإِذَا الْوُحُوشُ حُشِرَتْ ﴿٦﴾ وَإِذَا الْبِحَارُ سُجِّرَتْ ﴿٧﴾ وَإِذَا النُّفُوسُ زُوِّجَتْ ﴿٨﴾
وَإِذَا الْمَوْءُودَةُ سُئِلَتْ ﴿٩﴾ بِأَيِّ ذَنْبٍ قُتِلَتْ ﴿١٠﴾ وَإِذَا الصُّحُفُ نُشِرَتْ ﴿١١﴾

(ഈ എല്ലാ പ്രവചനങ്ങളും വിശുദ്ധ ഖുർആനിലുള്ളതാണ്. വന്യമൃഗങ്ങൾ ഒരുമിച്ച് കൂട്ടപ്പെടുന്നതാണ്. അതിന് വിവിധരീതിയിലുള്ള വിശദീകരണമുണ്ട്. മൃഗശാലകൾ സ്ഥാപിക്കപ്പെട്ടു. വിദ്യാഭ്യാസം ലോകത്ത് സർവസാധാരണമായി. ചില പ്രദേശത്തെ ആളുകളെ ചില സമൂഹങ്ങൾ ആക്രമിച്ച് ഇല്ലാതാക്കി. പിന്നെ സമുദ്രങ്ങൾ കൂട്ടിച്ചേർക്കപ്പെടുന്നതിനെ കുറിച്ചും പറയുന്നുണ്ട്. പരസ്പരം ബന്ധപ്പെടുന്നതിനുള്ള എളുപ്പമാർഗങ്ങളുണ്ടായി. ഒരു നിമിഷംകൊണ്ട് ലോകത്തുള്ള എല്ലാ സ്ഥലങ്ങളുമായും നമുക്ക് ബന്ധപ്പെടാൻ കഴിയും. സ്ത്രീകൾ, അവരുടെമേൽ അക്കാലത്ത് അക്രമങ്ങൾ അഴിച്ചുവിട്ടിരുന്നു. അവരുടെ അവകാശങ്ങൾ ധ്വംസിക്കപ്പെട്ടിരുന്നു. അവരെ കൊലചെയ്തിരുന്നു. ഇതെല്ലാം ചോദ്യം ചെയ്യപ്പെടുന്ന ഒരു കാലം വരുമെന്നുള്ള പ്രവചനം. ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കപ്പെടുന്നതാണെന്നുള്ള പ്രവചനം. പ്രസ്സും മീഡിയയും അതിന്റെ പുലർച്ചയാണ്. ഇതെല്ലാം തെളിയിക്കുന്നത് ഇത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടമാണെന്നാണ്. നിലവിൽ വിശുദ്ധ ഖുർആനിലും ആ പ്രവചനങ്ങൾ ഉണ്ട്).

അദ്ദേഹം പറയുന്നു: 'അക്കാലഘട്ടത്തിൽ ഒട്ടകങ്ങൾ ഉപയോഗ ശൂന്യമാകും. അതായത് ആധുനിക രീതിയിലുള്ള വിവിധതരം യാത്രാവാഹനങ്ങൾ കണ്ടുപിടിക്കപ്പെടും.'(മസീഹ് മൗഊദിന്റെ കാലഘട്ടത്തിൽ). 'ഒട്ടകങ്ങൾ ഉപേക്ഷക്കപ്പെടും എന്നതുകൊണ്ടുള്ള ഉദ്ദേശ്യം അന്ന് റയിലിന്റെ കാലമായിരിക്കുമെന്നാണ്.'(ഇതും നബി(സ)തിരുമേനിയുടെ ഒരു പ്രവചനമായിരുന്നു. ഇപ്പോൾ മദീനയ്ക്കും മക്കയ്ക്കുമിടയിലും നടന്നു കഴിഞ്ഞിരിക്കുന്നു. അല്ലെങ്കിൽ ലൈൻ വിരിച്ചു കഴിഞ്ഞിരിക്കുന്നു). 'ഇതെല്ലാം ഖിയാമത്തുമായി ബന്ധപ്പെട്ടതാണെന്ന് വിചാരിക്കുന്നവർ അന്ന് ഗർഭിണികളായ ഒട്ടകങ്ങൾ എങ്ങനെ ജീവിക്കുമെന്ന് ചിന്തിക്കുന്നില്ല. കാരണം 'ഇശാർ' കൊണ്ടുള്ള ഉദ്ദേശ്യം ഗർഭിണികളായ ഒട്ടകങ്ങളാണ്. അക്കാലത്ത് നാലുഭാഗത്തും നദികൾ ഒഴുക്കപ്പെടും എന്നും എഴുതപ്പെട്ടിരിക്കുന്നു. പ്രസിദ്ധീകരണങ്ങൾ ധാരാളമായി ഉണ്ടാകും. ചുരുക്കിപ്പറഞ്ഞാൽ ഇതെല്ലാം ഇക്കാലത്തെ കുറിച്ചുള്ള പ്രവചനമാണ്.'(മൽഫൂദാത്ത് വാള്യം 1 പേജ് 49–50)

കൂടുതൽ തെളിവു നല്കിക്കൊണ്ട് പറയുന്നു: 'മസീഹ് മൗഊദ് എവിടെയാണ് നിയോഗിതനാകേണ്ടത്? ഇനി ബാക്കിയുള്ളത് അദ്ദേഹം വരേണ്ടുന്ന സ്ഥലത്തെ കുറിച്ചുള്ള കാര്യമാണ്. ഓർക്കുക! ദജ്ജാൽ പൂർവദിക്കിൽ വരുമെന്നാണ് പറയപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുള്ള ഉദ്ദേശ്യം നമ്മുടെ രാജ്യമാണ്. ഹുജജുൽ കിറാമയുടെ ഗ്രന്ഥകർത്താവ് എഴുതുന്നു: ദജ്ജാലിന്റെ ഫിത്നയുടെ വെളിപ്പെടൽ ഇന്ത്യയിലുണ്ടായിക്കൊണ്ടിരിക്കുന്നു. ഇത് വിളിച്ചോതുന്നത് ദജ്ജാലുള്ളിടത്ത് മസീഹും വരണമെന്നാണ്. പിന്നീട് മസീഹ് വരുന്ന ഗ്രാമത്തിന്റെ പേര് കദ്അ എന്നു പറയപ്പെട്ടിരിക്കുന്നു. അത് ഖാദിയാൻ ലോപിച്ചതാണ്. യമൻ നാട്ടിലും ഇതിനു സമാനമായ പേരുണ്ടായിരിക്കാൻ സാധ്യതയുണ്ട്." അദ്ദേഹം പറയുന്നു: 'പക്ഷേ, ഓർക്കുക! യമൻ ഹിജാസിന്റെ കിഴക്കല്ല; തെക്കാണ്.'

അദ്ദേഹം പറയുന്നു:'ഇതിനുപുറമെ അല്ലാഹു ഈ സാധുവിന്റെ പേര് വെച്ചിരിക്കുന്നതിൽനിന്ന് സൂക്ഷ്മമായൊരു സൂചന ഇങ്ങനേയും ലഭിക്കുന്നുണ്ട്. കാരണം ഗുലാം അഹ്മദ് ഖാദിയാനി എന്ന പേരിന്റെ അക്ഷര സംഖ്യാ ശാസ്ത്രമനുസരിച്ചു നോക്കിയാൽ പൂർണമായും 1300 ആണെന്ന് കാണാം. അതായത് ആ നാമത്തിലുള്ള ഇമാം പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ വരുന്നതായിരിക്കും. ചുരുക്കത്തിൽ നബി(സ)തിരുമേനി സൂചന നല്കിയത് ഇതിലേക്കായിരുന്നു.'(മൽഫൂദാത്ത് വാള്യം 1, പേജ് 50)

അദ്ദേഹം അടയാളങ്ങളെ സംബന്ധിച്ച് വീണ്ടും എഴുതുന്നു: 'ദുരന്തങ്ങളും ഒരു അടയാളമാണ്.' (വിവിധതരത്തിലുള്ള വിപത്തുകളുണ്ടാകും. ദുരന്തങ്ങളുണ്ടാകും). അവിടന്ന് പറഞ്ഞു: വരൾച്ച, പ്ലേഗ്, കോളറ തുടങ്ങി ആകാശത്തുനിന്നുള്ള ദുരന്തങ്ങൾ പിടികൂടി. പ്ലേഗ് ഭയാനക ശിക്ഷയായിരുന്നു. അത് ഭരണകൂടത്തെ പോലും പിടിച്ച് കുലുക്കിക്കളഞ്ഞു'. (അദ്ദേഹം പറയുന്ന അക്കാലത്ത് അഞ്ച് ആറ് വർഷമാണ് ഇത് നിലനിന്നത്. ഭയങ്കരമായ നാശമാണ് വിതച്ചത്). 'അത് കൂടുതൽ നാൾ നില്ക്കുകയായിരുന്നെങ്കിൽ രാജ്യംതന്നെ ശൂന്യമായിപ്പോകുമായിരുന്നു.' (അത്രമാത്രം വേഗത്തിലാണ് അത് പടർന്നു പിടിച്ചത്). വീണ്ടും അവിടന്ന് പറയുന്നു, 'ഭൗമികമായ ദുരന്തങ്ങളായിരുന്നു യുദ്ധങ്ങളും ഭൂകമ്പങ്ങളും. അതും രാജ്യത്തെ നശിപ്പിച്ചു.'(ഭൗമികമായ യുദ്ധങ്ങൾ ഇപ്പോഴും അതേ പോലെ തന്നെ നടന്നുവരുന്നുണ്ട്). തന്റെ തെളിവിന് ദിവ്യദൃഷ്ടാന്തം കാണിക്കുകയെന്നത് ദൈവനിയോഗിതന് അനിവാര്യമാണ്. ലേഖറാമിന്റെത് ചെറിയ അടയാളമായിരുന്നോ? അത് ഒരു മല്ലയുദ്ധംപോലെ പല വർഷങ്ങൾവരെ ഒരു നിബന്ധനയിൽ ബന്ധിതമായിരുന്നു. അഞ്ചുവർഷംവരെ തുടർച്ചയായി ആ യുദ്ധം നടന്നുകൊണ്ടിരുന്നു. ഇരുകക്ഷികളും വിജ്ഞാപനം നല്കിക്കൊണ്ടിരുന്നു. പൊതുവെ അത് എല്ലാവരും അറിഞ്ഞു.' (നാനാഭാഗത്തും ലേഖ്റാമിന്റെ സംഭവം പ്രസിദ്ധമായി. ഹദ്റത്ത് മസീഹ് മൗഊദുമായി പോരാട്ടം നടന്നുകൊണ്ടിരിക്കുന്നുവെന്ന്). 'അതുല്യമായ പ്രസിദ്ധിയാണ് അതിനുണ്ടായത്. പിന്നെ പറഞ്ഞതുപോലെ തന്നെ സംഭവിക്കുകയും ചെയ്തു. അതിന് സമാനമായത് വല്ലതുമുണ്ടോ? പിന്നെ സർവ്വമതസമ്മേളനത്തെ കുറിച്ച് ദിവസങ്ങൾക്ക് മുമ്പേ തന്നെ വിളംബരംചെയ്തിരുന്നു; നമ്മുടെ ഉപന്യാസം എല്ലാത്തിന്റെയുംമേൽ ആധിപത്യം നേടുന്നതാണെന്ന് അല്ലാഹു നമുക്ക് അറിയിപ്പ് നല്കിയിരിക്കുന്നുവെന്ന്. വെറും ഊഹത്തിന്റെ പുറത്ത് ഇത്തരം സമ്മേളനത്തിൽ ആധിപത്യം കരസ്ഥമാക്കുമെന്നവിവരം മുമ്പേതന്നെ നല്കുവാനാകില്ലെന്ന് ഈ അതിമഹത്ത്വവും പ്രതാപപൂർണവുമായ സമ്മേളനത്തിന് സാക്ഷിയായവർക്ക് മനസിലാകുന്നതാണ്. പിന്നീട് പറഞ്ഞത് പോലെ തന്നെ സംഭവിക്കുകയും ചെയ്തു.' (മൽഫൂദാത്ത് വാള്യം 1, പേജ് 50–51)

ഇത് അവിടത്തെ ഗ്രന്ഥമായ 'ഇസ്‌ലാമത തത്ത്വജ്ഞാനം' എന്നതിനെകുറിച്ചാണ് പറഞ്ഞത്. ഇതിനെ സംബന്ധിച്ച് അക്കാലത്തെ പത്രമായ കൊൽക്കത്തയിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്ന ജനറൽ ആന്റ് ഗോഹർ ആസിഫീ എന്ന പത്രം എഴുതി: 'ഈ സമ്മേളനത്തിൽ മിർസാ സാഹിബിന്റെ പ്രബന്ധം ഇല്ലായിരുന്നെങ്കിൽ മുസ്‌ലീംകൾക്ക് അന്യമതസ്ഥരുടെ മുമ്പിൽ നിന്ദ്യതയും നാണക്കേടും ഉണ്ടാകുമായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ കരുത്തുറ്റ കൈകൾ പരിശുദ്ധമായ ഇസ്‌ലാമിനെ വീഴുന്നതിൽനിന്ന് കാത്തുരക്ഷിച്ചു. എന്നല്ല ഈ പ്രബന്ധത്തിന്റെ സമ്പന്നതകൊണ്ട് അതിന് എങ്ങനെയുള്ള വിജയമാണ് കരസ്ഥമായതെന്നാൽ അനുകൂലികൾ അവിടെ നിൽക്കട്ടെ എതിരാളികൾപോലും പറഞ്ഞു, ഈ ഉപന്യാസം മറ്റെല്ലാ ഉപന്യാസങ്ങളേയും വെല്ലുന്നതായിരുന്നുവെന്ന്.' (താരീഖെ അഹ്മദിയ്യത്ത്, വാള്യം 1, പേജ് 572)

ഈ എഴുതിയയാൾ അഹ്മദിയൊന്നുമല്ല. മറിച്ച് ഒരു അന്യനാണ്. പക്ഷേ, അദ്ദേഹം എഴുതാൻ നിർബന്ധിതനായി. ഇപ്രകാരം മറ്റു ധാരാളം പത്രങ്ങളും എഴുതുകയുണ്ടായി.

താൻ ദൈവനിയോഗിതനാണെന്നതിനുള്ള സാക്ഷ്യങ്ങൾ സമർപിച്ചു കൊണ്ട് അദ്ദേഹം വീണ്ടും പറയുന്നു: 'ഞാൻ ദൈവനിയോഗിതനാണെന്നതിന് ഇപ്പോൾ ഒരുപാട് തെളിവുകളുണ്ട്. ഒന്ന് പരോക്ഷമായ തെളിവുകൾ, രണ്ടാമതായി പ്രത്യക്ഷമായ തെളിവുകൾ, മൂന്നാമതായി നൂറ്റാണ്ടിന്റെ തലയ്ക്കൽ ആഗതരാകുന്ന മുജദ്ദിദിനെ കുറിച്ചുള്ള ഹദീഥ്, നാലാമതായി إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ എന്ന സുരക്ഷയുടെ വാഗ്ദാനം.(15:10) ഇനി അഞ്ചാമത്തേതും ഉജ്ജ്വലവുമായ സാക്ഷ്യം സമർപിക്കാം. അത് സൂറാ അന്നൂറിലെ ഖിലാഫത്തിനെ കുറിച്ചുള്ള ആയത്താണ്. ഇതിൽ അല്ലാഹു പറയുന്നു:

وَعَدَ اللَّهُ الَّذِينَ آمَنُوا مِنكُمْ وَعَمِلُوا الصَّالِحَاتِ لَيَسْتَخْلِفَنَّهُمْ
فِي الْأَرْضِ كَمَا اسْتَخْلَفَ الَّذِينَ مِن قَبْلِهِمْ

ഈ ആയത്തിലുള്ള ഖിലാഫത്തിന്റെ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ നബി(സ)തിരുമേനിയുടെ പരമ്പരയിൽ ഉണ്ടാകുന്ന ഖലീഫമാർ മുമ്പേ ഉണ്ടായിരുന്ന ഖലീഫമാരെപോലെ ആയിരിക്കും. അതുപോലെ നബി(സ)തിരുമേനിയെ വിശുദ്ധ ഖുർആൻ മൂസായുടെ സദൃശ്യനായി വിശേഷിപ്പിച്ചിരിക്കുന്നു. പറയുന്നു:

إِنَّا أَرْسَلْنَا إِلَيْكُمْ رَسُولًا شَاهِدًا عَلَيْكُمْ كَمَا أَرْسَلْنَا إِلَىٰ فِرْعَوْنَ رَسُولًا

ഈ സദൃശ്യത്തിൽ ഏതുപോലെ എന്ന പദം ഉപയോഗിച്ചിരിക്കുന്നുവോ അതേപ്രകാരം സൂറ അന്നൂറിലും എന്ന പദമാണുള്ളത്. മൂസവീ സമുദായവും മുഹമ്മദീ സമുദായവും തമ്മിൽ പരിപൂർണ സാദൃശ്യവും സമാനതയും പുലർത്തുന്നുവെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. മൂസവി പരമ്പരയിലെ ഖലീഫമാർ ഹദ്റത്ത് ഈസയിൽ വന്ന് അവസാനിച്ചു. ഹദ്റത്ത് മൂസാ(അ)യ്ക്കു ശേഷം പതിനാലാം നൂറ്റാണ്ടിൽ അദ്ദേഹം ആഗതനായി. ഈ സദൃശ്യത മുൻനിറുത്തി കുറഞ്ഞത് പതിനാലാം നൂറ്റാണ്ടിലെങ്കിലും ഒരു ഖലീഫ അതെ രീതിയിൽ ആഗതനായി, മസീഹിന് സാദൃശ്യം പുലർത്തേണ്ടത് നിർബന്ധമാണ്.

ഇനി അല്ലാഹു ഇക്കാര്യത്തിലുള്ള മറ്റു തെളിവുകളും സഹായങ്ങളും അവതരിപ്പിച്ചില്ലെങ്കിൽത്തന്നെയും ഈ സാദൃശ്യത്തിന്റെ പരമ്പര സ്വാഭാവികമായും ആഗ്രഹിക്കുന്നത് ക്രിസ്ത്വാബ്ദം പതിനാലാം നൂറ്റാണ്ടിൽ ക്രിസ്തുമതത്തിന്റെ ഛായ നബി(സ)തിരുമേനിയുടെ ഉമ്മത്തിൽ ഉണ്ടാകണമെന്നാണ്. ഇല്ലെങ്കിൽ നബി(സ) തിരുമേനിയുടെ സാദൃശ്യത്തിൽ (മആദല്ലാഹ്) ഒരു കുറവും പോരായ്മയും സ്ഥാപിതമാകും. പക്ഷേ, അല്ലാഹു ഈ സാദൃശ്യത്തെ സാക്ഷ്യപ്പെടുത്തുകയും പിന്തുണയ്ക്കുകയും ചെയ്തു. എന്നല്ല, മഥീലെ മൂസാ(മൂസായുടെ സദൃശൻ) മൂസായെക്കാളും എല്ലാ നബിമാരെക്കാളും ശ്രേഷ്ഠനാണെന്ന് സ്ഥാപിക്കുകയും ചെയ്തു. (അതായത് നബി(സ)തിരുമേനി എല്ലാ നബിമാരെക്കാളും അതിശ്രേഷ്ഠനാണ്.)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഹദ്റത്ത് ഈസാ(അ) ശരീഅത്തൊന്നുമായിട്ട് വന്നിട്ടില്ല. മറിച്ച്, തൗറാത്തിനെ നിവർത്തിപ്പാനാണ് വന്നത്. ഇപ്രകാരം മുഹമ്മദി പരമ്പരയിലെ മസീഹും തന്റേതായ ഒരു ശരീഅത്തും കൊണ്ടുവന്നിട്ടില്ല. പ്രത്യുത വിശുദ്ധഖുർആനെ പുനരുജ്ജീവിപ്പിക്കാനാണ് വന്നത്.' (അതിനെ ജീവിപ്പിക്കാനാണ് വന്നത്. വിശുദ്ധഖുർആന്റെ അധ്യാപനം പ്രചരിപ്പിക്കാനാണ് വന്നിട്ടുള്ളത്). 'സന്മാർഗപ്രചാരണ സമ്പൂർത്തീകരണം എന്നു പറയുന്നതിന്റെ പൂർത്തീകരണത്തിനാണ് വന്നിട്ടുള്ളത്. " (മൽഫൂദാത്ത്, വാള്യം 4, പേജ് 9–10)

ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു. "സന്മാർഗ പ്രചാരണസമ്പൂർത്തീകരണത്തെ സംബന്ധിച്ച് ഓർമിക്കേണ്ടത്,

നബി(സ) തിരുമേനിയുടെമേൽ അനുഗ്രഹം പൂർത്തിയായി; ദീനും പൂർത്തിയായി.” (അതായത് ദീൻ അതിന്റെ തികവിൽ എത്തുകയും അനുഗ്രഹങ്ങൾ അതിന്റെ സീമ പ്രാപിക്കുകയും ചെയ്തു). ‘അതിന് രണ്ടുരീതിയാണുള്ളത്. ഒന്നാമത്തേത് സന്മാർഗ സമ്പൂർത്തീകരണം. രണ്ടാമത്തേത് സന്മാർഗ പ്രചാരണ സമ്പൂർത്തീകരണം.’ അവിടന്ന് പറയുന്നു: ‘സന്മാർഗ സമ്പൂർത്തീകരണം മൊത്തത്തിൽ അവിടത്തെ ഒന്നാമത്തെ വരവോടെ ഉണ്ടായി.’ (സന്മാർഗത്തിന്റെ പൂർത്തീകരണം നബി(സ) തിരുമേനിയുടെ നിയമത്തോടെ, ശരീഅത്ത് ഇറങ്ങിയതോടെ ഉണ്ടായി). ‘സന്മാർഗപ്രചാരണ സമ്പൂർത്തീകരണം (ആ സന്മാർഗത്തിന്റെ, ശരീഅത്തിന്റെ പ്രചാരണം ഉണ്ടാകേണ്ടത്) ‘അവിടത്തെ രണ്ടാം വരവിലായിരുന്നു. കാരണം സൂറ ജുമുഅയിൽ *ആഖരീന മിൻഹും* എന്ന ആയത്ത് നബി(സ)തിരുമേനിയുടെ കൃപാതിരേകവും അധ്യാപനവുംകൊണ്ട് മറ്റൊരു ജനത തയ്യാറാക്കപ്പെടുന്നതിലേക്ക് വഴി കാട്ടുന്നു. ഇതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് നബി(സ)തിരുമേനിയുടെ മറ്റൊരു നിയോഗമുണ്ടെന്നാണ്. ഈ നിയോഗം ഛായാപരമായ വർണത്തിലുള്ളതാണ്.’ (ളില്ലിയാണ്). അതാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതിനാൽ ഈ നേരം സന്മാർഗപ്രചാരണത്തിന്റെ സമ്പൂർത്തീകരണത്തിന്റേതാണ്. ഇക്കാരണത്താലാണ് പ്രചാരണത്തിന്റെ എല്ലാ മാർഗങ്ങളും പരമ്പരയും പൂർണമായിക്കൊണ്ടിരിക്കുന്നത്. അച്ചടിശാലകളുടെ ആധിക്യമുണ്ട്. (അത് നിരവധിയാണ്) ഈയിടെയായി അവയിൽ പുതിയ പുതിയ കാര്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.(പ്രസ്സിലും കൂടുതൽ സൗകര്യങ്ങൾ കിട്ടിക്കൊണ്ടിരിക്കുന്നു. എന്നല്ല ആധുനിക ടെക്നോളജികൾ അതിൽ ഉപയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്നു) തപാലാപീസുകൾ, കമ്പി ആഫീസുകൾ, റെയിലുകളുടേയും കപ്പലുകളുടേയും കണ്ടുപിടിത്തം, പത്രങ്ങളുടെ പ്രസിദ്ധീകരണം, ഇക്കാര്യങ്ങളെല്ലാം കൂടിച്ചേർന്ന് ലോകത്തെ ഒരൊറ്റ നഗരമാക്കിയിരിക്കുകയാണ്. അതിനാൽ ഈ അഭിവൃദ്ധികളും യഥാർഥത്തിൽ നബി(സ)തിരുമേനിയുടെതന്നെ അഭിവൃദ്ധികളാണ്. എന്തുകൊണ്ടെന്നാൽ അതുമുഖേന അവിടത്തെ സമ്പൂർണസന്മാർഗത്തിന്റെ പൂർത്തീകരണത്തിന്റെ രണ്ടാമത്തെ ഭാഗമായ സന്മാർഗപ്രചാരണത്തിന്റെ പൂർത്തീകരണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്.’ (മൽഫൂദാത്ത്, വാള്യം 4, പേജ് 9–10)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ‘ഇപ്പോൾ ഈ എല്ലാ കാര്യത്തേയും ഒന്നാക്കിക്കൊണ്ട് ബുദ്ധിമതികൾ ചിന്തിക്കുക; എന്തൊന്നാണോ നാം പറയുന്നത് അത് ഉപരിപ്ലമായ ദൃഷ്ടിയാൽ നിഷേധിക്കാൻ പറ്റിയതാണോ? അതല്ല അതിനെ സംബന്ധിച്ച് പൂർണ ബുദ്ധിയോടും ചിന്തയോടുംകൂടി പ്രവർത്തിക്കണമോ? നമ്മൾ എന്തൊന്നാണോ വാദിച്ചത് അത് നൂറ്റാണ്ടിന്റെ തലയ്ക്കലല്ലേ? നാം വന്നില്ലായിരുന്നെങ്കിൽത്തന്നെയും എല്ലാ ഓരോ ബുദ്ധിമതിയും ദൈവഭയമുള്ളവനും വരേണ്ടുന്ന ആളെ അന്വേഷിക്കേണ്ടത് നിർബന്ധമായിരുന്നു. കാരണം നൂറ്റാണ്ടിന്റെ ആരംഭം കുറിച്ചിരിക്കുന്നു. ഇപ്പോൾ ഇരുപത് വർഷം കഴിയാൻ പോകുകയാണ്. കൂടുതൽ ചിന്തിക്കേണ്ട ആവശ്യമാണുള്ളത്. നിലവിലെ കുഴപ്പങ്ങൾ വിളിച്ചുകൂവി പറയുന്നത്, അതിനെ പരിഷ്കരിക്കാൻ ആരെങ്കിലും വരണമെന്നാണ്. ക്രൈസ്തവികത ഒരു പരിധിയുമില്ലാത്തവിധം സ്വാതന്ത്ര്യവും നിയന്ത്രണമില്ലായ്മയും പരത്തിയിരിക്കുകയാണ്. മുസ്‌ലിം കുട്ടികളുടെമേൽ ഉണ്ടായിട്ടുള്ള അതിന്റെ സ്വാധീനം കണ്ട്, മുസ്‌ലിംകളുടെ കുട്ടികൾ തന്നെയാണോ എന്ന് ചോദിക്കേണ്ടിവരുന്നു.’ (മൽഫൂദാത്ത്, വാള്യം 4, പേജ് 13–14)

അവിടന്ന് പറയുന്നു: ‘സത്യം മനസ്സിലാക്കാനുള്ള മാർഗം എന്താണ് ആയിരിക്കേണ്ടത്? എങ്ങനെ സത്യം മനസ്സിലാക്കും?’പറയുന്നു: ‘അല്ലാഹുവിനോടു നിങ്ങളുടെ നമസ്കാരത്തിൽ ദുആ ചെയ്യുക; സത്യം തുറന്നുതരുന്നതിന്. മനുഷ്യൻ പക്ഷപാതവും പിടിവാശിയും ഉപേക്ഷിച്ച് സത്യം വെളിപ്പെടുത്തുന്നതിനുവേണ്ടി അല്ലാഹുവിലേക്ക് ശ്രദ്ധ തിരിച്ചാൽ ഒരു ‘ചില്ല’ കഴിയുന്നതിനുമുമ്പേ (40 ദിവസം കഴിയുന്നതിനു മുമ്പേ) അവനിൽ സത്യം തുറക്കപ്പെടുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. എന്നാൽ, ഈ നിബന്ധനയോടുകൂടി അല്ലാഹുവിനോടു വിധി തേടുന്നവർ വളരെ കുറവാണ്. ഇപ്രകാരം തന്റെ അറിവുകുറവോ പിടിവാശിയോ പക്ഷപാതമോ കാരണത്താൽ, അല്ലാഹുവിന്റെ വലിയ്യിനെ നിഷേധിച്ച് ഈമാൻ പാഴാക്കിക്കളയുന്നു. കാരണം വലിയ്യിൽ വിശ്വാസമില്ലെങ്കിൽ, നുബുവ്വത്തിന്റെ മഴയെന്ന നിലയിലുള്ള വിലയത്തിനെ നിഷേധിച്ച് പിന്നീട് നുബുവ്വത്തിനെ നിഷേധിക്കേണ്ടിവരും. നബിയെ നിഷേധിക്കുന്നത് അല്ലാഹുവിനെ നിഷേധിക്കലാണ്. ഇപ്രകാരം പൂർണമായും ഈമാൻ നഷ്ടപ്പെട്ടുപോകുന്നു.’ (മൽഫൂദാത്ത്, വാള്യം 4, പേജ് 16)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ഉദ്ധരണികൾക്കുശേഷം ഇനി ഞാൻ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ വിവിധ ഉദ്ധരണികൾ സമർപ്പിക്കുകയാണ്; ഹദ്റത്ത് മസീഹ് മൗഊദ്(അ)നെകുറിച്ച്. ഒരിടത്ത് അദ്ദേഹം പറയുന്നു: ‘എതിർപ്പ് ശക്തമായിക്കൊണ്ടിരിക്കുമ്പോൾ ജമാഅത്തിനും അഭിവൃദ്ധി കരസ്ഥമായിക്കൊണ്ടിരിക്കുന്നു. എതിർപ്പുകൾ വർധിക്കുമ്പോൾ അല്ലാഹുവിന്റെ അത്ഭുതകരമായ പിന്തുണകളും സഹായങ്ങളും വർധിക്കുന്നു.” ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ച് അവിടന്ന് വിവരിക്കുന്നു: ‘അതുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ തങ്ങളുടെ നാട്ടിൽ എതിർപ്പുകൾ കൂടുതലാണെന്ന് ആരെങ്കിലും പറയുമ്പോൾ, അവിടന്ന് പറഞ്ഞത് ഇതു നിങ്ങളുടെ അഭിവൃദ്ധിയുടെ ലക്ഷണമാണെന്ന്. എതിർപ്പുണ്ടാകുന്ന സ്ഥലത്ത് ജമാഅത്ത് വർധിക്കുന്നു. കാരണം എതിർപ്പിന്റെ ഫലമായി അറിവില്ലാതിരുന്ന ധാരാള മാളുകൾക്ക് ജമാഅത്തിനെ കുറിച്ച് അറിയാൻ കഴിയുന്നു. പിന്നീട് മെല്ലെമെല്ലെ അവരുടെ മനസ്സിൽ ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ വായിക്കാൻ താൽപര്യമുണ്ടാകുന്നു. അവർ ഗ്രന്ഥങ്ങൾ വായിക്കുമ്പോൾ സത്യത അവരുടെ മനസ്സുകളിൽ സ്ഥാനംപിടിക്കുന്നു.”

അദ്ദേഹം പറയുന്നു: ‘ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ ഒരിക്കൽ ഒരു സ്നേഹിതൻ വന്നു. അദ്ദേഹം ബയ്അത്ത് ചെയ്തു. ബയ്അത്ത് വാങ്ങിയതിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) അയാളോടു ആരാണ് തബ്‌ലീഗ് ചെയ്തതെന്ന് ചോദിച്ചു. അദ്ദേഹം നിസ്സങ്കോചം പറഞ്ഞു. മൗലവി ഥനാവുല്ലാഹ് സാഹിബാണ് തബ് ലീഗ് ചെയ്തത്. (ഥനാവുല്ലാഹ്, മസീഹ് മൗഊദ്(അ)ന്റെ ബദ്ധവൈരിയായിരുന്നു). ഹദ്റത്ത് മസീഹ് മൗഊദ്(അ) അത്ഭുതത്തോടെ ചോദിച്ചു: അതെങ്ങനെ? പറയുന്നു: ‘ഞാൻ മൗലവി സാഹിബിന്റെ പത്രവും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളും വായിക്കാറുണ്ടായിരുന്നു. അതിലെപ്പോഴും അഹ്മദിയ്യാ ജമാഅത്തിനെതിരിൽ ശക്തമായ എതിർപ്പാണ് കണ്ടത്. നേരിട്ട് ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ വായിക്കണമെന്ന വിചാരം അപ്പോൾ എനിക്കുണ്ടായി. (ഇത്രയും എതിർക്കുമ്പോൾ യാഥാർഥ്യം എന്താണെന്നറിയാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)എഴുതിയതെന്താണെന്ന് നോക്കേണ്ടതാണ്)

“അതായത് അവയിലെന്താണെഴുതിയിരിക്കുന്നത്? ഞാൻ ആ ഗ്രന്ഥങ്ങൾ വായിക്കാൻ തുടങ്ങിയപ്പോൾ എന്റെ നെഞ്ചകം തുറന്നു. ഞാൻ ബയ്അത്ത് ചെയ്യാൻ തയ്യാറായി. എതിർപ്പുകൊണ്ടുള്ള ഒന്നാമത്തെ പ്രയോജനം അതുമുഖേന ദൈവിക ജമാഅത്തിൽ അഭിവൃദ്ധി കരസ്ഥമാകുകയും സന്മാർഗം ലഭ്യമാകുകയും ചെയ്യുന്നുവെന്നതാണ്.’ (തഫ്സീറെ കബീർ, വാള്യം 6, പേജ് 487)

പ്രവാചകന്മാർ എങ്ങനെയാണ് തങ്ങൾക്കുണ്ടായ എതിർപ്പുകളെ നേരിട്ടിരുന്നത്? ഇതുസംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയാറുണ്ടായിരുന്നു. ആദ്യം മിസ്‌രി ഭരണത്തിന്റെ പഴയകാല ഉദാഹരണം നല്കി; അവിടന്ന് എഴുതുന്നു: ‘മിസ്‌രീ ഭരണം തങ്ങളുടെ കാലഘട്ടത്തിൽ പേരുകേട്ടതായിരുന്നു. അവരുടെ രാജാവ് തന്റെ ശക്തിയിലും കഴിവിലും ഊറ്റംകൊണ്ടിരുന്നു. (അവിടത്തെ ഫിർഔനായിരുന്നു). അത്തരം രാജാവിനെതിരിൽ ഹദ്റത്ത് മൂസാ(അ)ക്ക് ഒരു സ്ഥാനവുമുണ്ടായിരുന്നില്ല. ഇങ്ങനെയായിരുന്നിട്ടും അദ്ദേഹം രാജാവിന്റെ അടുത്തുപോയപ്പോൾ രാജാവ് അദ്ദേഹത്തെ ഭീഷണിപ്പെടുത്തി. അദ്ദേഹത്തിന്റെ ജനതയേയും അദ്ദേഹത്തേയും ഉന്മൂലനം ചെയ്യുമെന്ന തീരുമാനം പ്രകടിപ്പിച്ചു. അയാൾ പറഞ്ഞു: നീ പിന്മാറുന്നില്ലെങ്കിൽ നിന്നേയും ഉന്മൂലനം ചെയ്യുന്നതായിരിക്കും; നിന്റെ ജനതയേയും. ഹദ്റത്ത് മൂസാ(അ) പിൻമാറിയില്ല. അദ്ദേഹം പറഞ്ഞു: ‘ലോകത്തിനുവേണ്ടി അല്ലാഹു ഏതൊരു സന്ദേശമാണോ എനിക്കു നല്കിയിട്ടുള്ളത്, അത് ഞാൻ തീർച്ചയായും എത്തിക്കുന്നതായിരിക്കും. ലോകത്തിലെ ഒരു ശക്തിയ്ക്കും എന്നെ തടയാൻ സാധിക്കുകയില്ല.” പറയുന്നു: ‘ഇതേ അവസ്ഥ തന്നെയായിരുന്നു ഹദ്റത്ത് ഈസാ(അ)ന്റേതും. ഇതേ അവസ്ഥ തന്നെയായിരുന്നു ഹദ്റത്ത് മുഹമ്മദ് നബി(സ)യുടേയും. ഇതേ അവസ്ഥതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേതും. ഇത് നാം കണ്ടതാണ്. മുഴുജനതകളും അദ്ദേഹത്തിന്നെതിരായിരുന്നു. ഭരണകൂടവും ഒരുവിധത്തിൽ പറഞ്ഞാൽ എതിരായിരുന്നു; അവസാനകാലത്ത് ആ അവസ്ഥ മാറിയിരുന്നെങ്കിലും. (എതിർപ്പിൽ കുറച്ച് കുറവു വന്നിരുന്നു) എന്തായാലും ജനതകൾ അദ്ദേഹത്തിന്നെതിരായിരുന്നു; എല്ലാ മതാനുയായികളും അദ്ദേഹത്തിന്നെതിരായിരുന്നു. മൗലവിമാർ അദ്ദേഹത്തിന്നെതിരായിരുന്നു. സിംഹാസനാരൂഢരായ ആളുകൾ അദ്ദേഹത്തിന്നെതിരായിരുന്നു. പൊതുജനങ്ങൾ അദ്ദേഹത്തിന്നെതിരായിരുന്നു. സമ്പന്നരും അദ്ദേഹത്തിന്നെതിരായിരുന്നു. നാലുഭാഗത്തും എതിർപ്പിന്റെ ഒരു കൊടുങ്കാറ്റുതന്നെ ആഞ്ഞുവീശി. ആളുകൾ അദ്ദേഹത്തിന് ഒരുപാട് മനസ്സിലാക്കിക്കൊടുത്തു. ചിലർ സുഹൃത്തുക്കളായിക്കൊണ്ട് താങ്കൾ താങ്കളുടെ വാദത്തിൽ കുറവ് വരുത്താൻ പറഞ്ഞു. താങ്കൾ ഇന്നയിന്ന കാര്യങ്ങൾ ഉപേക്ഷിച്ചാൽ എല്ലാവരും താങ്കളുടെ ജമാഅത്തിൽ ചേരുമെന്ന് ചിലർ പറഞ്ഞു. എന്നാൽ, അവിടന്ന് ആരേയും വകവെച്ചില്ല. സദാ തന്റെ വാദം അവതരിപ്പിച്ചുകൊണ്ടിരുന്നു. അതിൽ ബഹളമുണ്ടായിക്കൊണ്ടിരുന്നു. മർദനം ഉണ്ടായികൊണ്ടിരുന്നു. കൊലകൾ നടന്നുകൊണ്ടിരുന്നു. എന്നാൽ, ഈ എല്ലാ ബുദ്ധിമുട്ടുകളുണ്ടായിട്ടും, ബാഹ്യമായി നോക്കുമ്പോൾ അദ്ദേഹത്തിന് നേരിടാൻ കഴിയാത്ത ഒരു ലോകവുമായിട്ടായിരുന്നു പോരാട്ടമെങ്കിലും അവിടന്ന് തന്റെ പോരാട്ടം തുടർന്നു. എനിക്ക് നല്ലവണ്ണം ഓർമയുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: എനിക്കോർമയുണ്ട്. ഞാൻ പലപ്രാവശ്യവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ നിന്ന് കേട്ടിട്ടുള്ളതാണ്, നബിയുടെ ഉദാഹരണം എങ്ങനെയുള്ളതാണെന്നാൽ ആളുകൾ പറയുന്നതുപോലെ ഒരു ഗ്രാമത്തിൽ ഒരു ഭ്രാന്തി താമസിച്ചിരുന്നു. അവൾ വെളിയിലിറങ്ങുമ്പോൾ ചെറിയ ചെറിയ ആൺകുട്ടികൾ ഒരുമിച്ചുകൂടി അവരെ ബുദ്ധിമുട്ടിക്കുമായിരുന്നു. അവരെ ശല്യം ചെയ്യുമായിരുന്നു. അവരെ ആവർത്തിച്ച് ബുദ്ധിമുട്ടിച്ചിരുന്നു. അവളും ആ കുട്ടികളെ ചീത്തവിളിച്ചു. ശാപംചൊരിഞ്ഞു. അവസാനം ഗ്രാമവാസികൾ ഒരുമിച്ചുകൂടി ആലോചിച്ചു. ഈ സ്ത്രീ പീഢിതയാണ്. നമ്മുടെ കുട്ടികൾ അവരെ അന്യായമായി ബുദ്ധിമുട്ടിക്കുന്നു. പീഢിതാവസ്ഥയിൽ അവൾ കുട്ടികളെ ശപിക്കുന്നു. ആ ശാപം ഫലിക്കുമോ എന്നറിയില്ല. അതുകൊണ്ട് അവളെ ബുദ്ധിമുട്ടിക്കാതിരിക്കാനും ശപിക്കാതിരിക്കാനും നമ്മുടെ കുട്ടികളെ വെളിയിൽ വിടാതിരിക്കുക. ആ തീരുമാനത്തിനുശേഷം നാളെ മുതൽ ഗ്രാമവാസികൾ തങ്ങളുടെ മക്കളെ പുറത്തുവിടാതിരിക്കണമെന്ന് നിശ്ചയിച്ചു. രണ്ടാമത്തെ ദിവസം ആരും വെളിയിൽ ഇറങ്ങരുതെന്ന് കുട്ടികളോടു ഗ്രാമവാസികൾ പറഞ്ഞു. കൂടുതൽ സുരക്ഷയ്ക്കായി അവർ വാതിലുകൾക്ക് തുടലിട്ടു. (താഴിട്ടുപൂട്ടി). നേരം വെളുത്തപ്പോൾ ആ ഭ്രാന്തി സാധാരണയെന്നപോലെ വെളിയിൽ വന്നു. കുറച്ചുനേരം അവൾ ഗ്രാമത്തിൽ ചുറ്റിക്കറങ്ങി. എന്നാൽ, ഇടവഴികളിലൊന്നും ഒരു കുട്ടിയേയും അവൾക്ക് കാണാൻ കഴിഞ്ഞില്ല. ആദ്യത്തെ അവസ്ഥ, കുട്ടികൾ അവരുടെ തട്ടം പിടിച്ചുവലിക്കുകയും ചിലർ തള്ളുകയും ചിലർ അവളുടെ കൈയിൽ

തൂങ്ങുകയും ചിലർ തമാശകളിക്കുകയും ചെയ്യുമായിരുന്നു. എന്നാലിപ്പോൾ കുട്ടികളെയൊന്നും വെളിയിൽ കണ്ടില്ല. ഉച്ചവരെ അവർ കാത്തുനിന്നു. അതുവരെ വീട്ടിൽനിന്ന് ഒരു കുട്ടിയും വെളിയിൽ വരാത്തതുകണ്ടപ്പോൾ, കടകളിൽ പോയി, ഓരോ കടയിലുംപോയി ഇന്ന് നിങ്ങളുടെ വീട് വീണുപോയോ? എന്ന് ചോദിച്ചു. കുട്ടികൾ മരിച്ചുപോയോ? എന്താണ് ഇന്നാരേയും പുറത്തുകാണാത്തത്? കുറച്ചുകഴിഞ്ഞ് ഇങ്ങനെ അവൾ ഓരോ കടയിലും പോയി ചോദിക്കാൻ തുടങ്ങിയപ്പോൾ ആളുകൾ പറഞ്ഞു. ചീത്തയ്ക്കുള്ള മറുപടി ഇങ്ങനെയാണ് കിട്ടുക. ഈ കഥ വിവരിച്ചുകൊണ്ട് അവിടന്ന് പറയാറുണ്ടായിരുന്നു; പ്രവാചകന്മാരുടെ അവസ്ഥയും അങ്ങനെതന്നെയാണ്. ലോകം അവരെ ശല്യപ്പെടുത്തുന്നു. ബുദ്ധിമുട്ടിക്കുന്നു. അവരുടെമേൽ അക്രമം ചെയ്യുന്നു. ജീവിക്കുക എന്നത് അവർക്ക് ദുഷ്കരമായിത്തീരുന്നു. ആളുകൾ അക്രമപരമായാണ് പെരുമാറുന്നതെന്ന് ഒരുകൂട്ടർക്ക് തോന്നാൻ തുടങ്ങുന്നു. അവർ അങ്ങനെ ചെയ്യാൻ പാടില്ലെന്ന് പറയുന്നു. പ്രവാചകന്മാർക്കും ജനങ്ങളെ കൈയൊഴിക്കാൻ സാധിക്കുകയില്ല. ജനങ്ങൾ അവരെ ശല്യം ചെയ്യാതിരിക്കുമ്പോൾ അവർ സ്വയം അവരെ പ്രകോപിപ്പിക്കുകയും ജാഗ്രപ്പെടുത്തുകയും ചെയ്യുന്നു. ജനങ്ങൾ അവരിലേക്ക് ശ്രദ്ധിക്കാനും അവർ പറയുന്നത് കേൾക്കാനുമാണിത്." ഖുത്ബാത്തെ മഹ്മൂദ് വാള്യം 24, പേജ് 272–274)

എങ്ങനെയെങ്കിലും അവർ കേൾക്കുന്നതിന്. എതിർപ്പിലും നല്ലയാളുകൾ പുറത്തുവരാറുണ്ട്.

അവിടന്ന് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ യുവത്വകാലത്തെ സുഹൃത്തും അദ്ദേഹവുമായി ബന്ധംവയ്ക്കുന്ന ആളുമായിരുന്നു മുഹമ്മദ് ഹുസയ്ൻ ബട്ടാലവി. എപ്പോഴും അദ്ദേഹത്തിന്റെ ലേഖനങ്ങളെ വാഴ്ത്തിപ്പറയുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) വാദം പുറപ്പെടുവിച്ച ഉടനെതന്നെ, താനാണ് അയാളെ വളർത്തിയതെന്നും താൻതന്നെ അയാളെ നശിപ്പിക്കുമെന്നും അയാൾ പറഞ്ഞു: മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയെപ്പോലുള്ള ആദരണീയനും സ്വാധീനശക്തിയുമുള്ള ഒരു മനുഷ്യൻ ആരെയെങ്കിലും സംബന്ധിച്ച് നശിപ്പിക്കുമെന്ന് പറയുകയും പിന്നീട് നശിക്കാതിരിക്കുകയും ചെയ്യുമെന്ന് അക്കാലത്ത് ആർക്കാണ് സങ്കല്പിക്കാൻ കഴിയുക." (അദ്ദേഹം എത്രമാത്രം കരുത്തുറ്റ ആളായിരുന്നുവെന്നാൽ, പറയുന്നത് ചെയ്യാൻ കഴിവുള്ളയാളുമായിരുന്നു). പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ബന്ധുക്കളിലും വിളംബരം ചെയ്തു. എന്നല്ല ചിലർ (ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ബന്ധുക്കൾ)പത്രങ്ങളിൽ ഇയാൾ കച്ചവടം തുടങ്ങിയിരിക്കുകയാണെന്നും ഇയാളിലേക്ക് ശ്രദ്ധിക്കരുതെന്നും വിളംബരവും പ്രസിദ്ധീകരിച്ചു; ഇപ്രകാരം മുഴുലോകത്തേയും തെറ്റുധരിപ്പിക്കാനും അവർ ശ്രമിച്ചു. പിന്നീട് അവിടന്ന് പറയുന്നു: എനിക്ക് നല്ല ബോധമുള്ള കാര്യമാണ്. വീട്ടുജോലിക്കാർ അദ്ദേഹത്തിന്റെ വീട്ടിൽ പണിയെടുക്കുന്നതുപോലും ഉപേക്ഷിച്ചു. അതിനു കാരണക്കാർ ഞങ്ങളുടെ ബന്ധുക്കൾ തന്നെയായിരുന്നു. സ്വന്തക്കാരും അന്യരും ചേർന്നുകൊണ്ട് അദ്ദേഹത്തെ വിപാടനം ചെയ്യാനും ഉന്മൂലനം ചെയ്യാനും ആഗ്രഹിച്ചു. (അൽഫള്ൽ 1940 നവംബർ 13, 1940, പേജ് 2–3, വാള്യം 28, നമ്പർ 258)

പക്ഷേ, എന്താണ് സംഭവിച്ചത്! ഇന്ന് ലോകത്തിലെ 212 രാജ്യത്ത് അദ്ദേഹം സ്മരിക്കപ്പെടുന്നു. ഇത് അദ്ദേഹത്തിന്റെ സത്യതയല്ലാതെ പിന്നെന്താണ്?

മറ്റൊരടയാളം സത്യസാക്ഷ്യമായി വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: 'അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നമ്മുടെ ഉള്ളിൽ സൃഷ്ടിച്ചു. അദ്ദേഹം നമുക്ക് വ്യക്തമായ ദൃഷ്ടാന്തങ്ങളായിത്തീർന്നു. അദ്ദേഹത്തിന്റെ അടുത്തിരിക്കുന്നവർക്കെല്ലാം വിശുദ്ധഖുർആന്റേയും നബി(സ)തിരുമേനിയുടേയും സത്യത കാണാനായി. അതിൽ ഒരു കാര്യവും അവരെ ഇസ്‌ലാമിൽനിന്ന് അകറ്റുന്നതായിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ 'ഭീൻ'വാസിയായ കറംദീൻ കേസുകൊടുത്തു. മജിസ്ട്രേറ്റ് ഹിന്ദുവായിരുന്നു. ആര്യസമാജക്കാർ അയാളെ വഴിതെറ്റിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് എന്തെങ്കിലും ശിക്ഷ നല്കണമെന്ന് പറഞ്ഞു. അങ്ങനെ ചെയ്യാമെന്ന് അയാൾ അവർക്ക് വാക്കുകൊടുത്തു. ഖാജ കമാലുദ്ദീൻ സാഹിബ് ഇതുകേട്ടപ്പോൾ പേടിച്ചുപോയി. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്നിധിയിൽ ഗുരുദാസ്പൂരിൽവന്നു. കേസായതുകൊണ്ട് അവിടെയായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ) താമസിച്ചിരുന്നത്. ഖാജ സാഹിബ് പറഞ്ഞു: ഹുദൂർ വളരെ ആശങ്കയുണ്ട്. ആര്യസമാജക്കാർ മസിജ്സ്ട്രേറ്റിൽനിന്ന് ശിക്ഷിക്കുമെന്നുള്ള വാഗ്ദാനം വാങ്ങിയിട്ടുണ്ട്. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) കിടക്കുകയായിരുന്നു. അവിടന്ന് ക്ഷണത്തിൽ എഴുന്നേറ്റിരുന്നു. പറഞ്ഞു: 'ഖാജാ സാഹിബേ! അല്ലാഹുവിന്റെ സിംഹത്തിനുമേൽ ആർക്കാണ് കൈയിടാൻ കഴിയുക! ഞാൻ അല്ലാഹുവിന്റെ സിംഹമാണ്. അയാൾ എന്റെമേൽ കൈയിട്ടുനോക്കട്ടെ.' അങ്ങനെതന്നെ സംഭവിച്ചു. പറയുന്നു: രണ്ട് മജിസ്ത്രേട്ടുമാരുണ്ടായിരുന്നു. അവരുടെ കോടതിയിൽ ഒന്നിനുപിറകെ ഒന്നായി കേസ് അവതരിപ്പിച്ചു. (അദ്ദേഹത്തെ ശിക്ഷിക്കുമെന്ന് വാക്കുകൊടുത്ത) അവരിരുവർക്കും കഠിനമായ ശിക്ഷ കിട്ടി. അവരിലൊരാൾ ജോലിയിൽനിന്ന് പിരിച്ചയക്കപ്പെട്ടു. ഒരാളുടെ മകൻ നിദിയിൽ മുങ്ങിമരിച്ചു. ആ ദുഃഖത്തിൽ അയാൾ മാനസികരോഗിയായി. അയാളെ ഈ സംഭവം എത്രമാത്രം സ്വാധീനിച്ചുവെന്നാൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു. ഒരിക്കൽ ഞാൻ ദില്ലിയിൽ പോകുകയായിരുന്നു. അയാൾ ലുധിയാന സ്റ്റേഷനിൽവച്ച് എന്നെ കണ്ടു. വളരെ വേദനയോടെ പറഞ്ഞു: 'അല്ലാഹു എനിക്ക് സഹിക്കാൻ തൗഫീഖ് കിട്ടുന്നതിന് ദുആ ചെയ്യുക. എന്നിൽനിന്ന് വലിയ വലിയ തെറ്റുകളുണ്ടായിട്ടുണ്ട്. ഞാൻ ഭ്രാന്തനായിപ്പോകുമോ എന്ന് ഭയപ്പെടുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു.' അദ്ദേഹം പറഞ്ഞു: 'എനിക്കൊരു മകനുണ്ട്.' (ഒരു മകൻ മരിച്ചുപോയി, ഇനി ഒരു മകനുണ്ട്. ദുആ ചെയ്യുക). 'അല്ലാഹു എന്നേയും അവനേയും നാശത്തിൽനിന്ന് രക്ഷിക്കുമാറാകട്ടെ.' അവിടന്നെഴുതുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(റ)പറഞ്ഞത് പുലർന്നു. അല്ലാഹുവിന്റെ സിംഹത്തിനുമേൽ ആർക്കാണ് കൈയിടാൻ കഴിയുക? ആര്യസമാജികൾക്ക് തങ്ങളുടെ ഉദ്ദേശ്യത്തിൽ പരാജയമുണ്ടായി.' (തഫ്സീറെ കബീർ, വാള്യം 6, പേജ് 359)

വീണ്ടും അവിടന്നെഴുതുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തെ മറ്റൊരു രസകരമായ സംഭവമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരു സുഹൃത്തുണ്ടായിരുന്നു; അയാൾ മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടേയും സുഹൃത്തായിരുന്നു. അദ്ദേഹത്തിന്റെ പേര് നിളാമുദ്ദീൻ എന്നായിരുന്നു. അദ്ദേഹം ഏഴ് ഹജ്ജ് ചെയ്തിരുന്നു. മന്ദസ്മിതവദനനും സൽപ്രകൃതനുമായിരുന്നു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും മുഹമ്മദ് ഹുസയ്ൻ സാഹിബ് ബട്ടാലവിയോടും സുഹൃത്ത് ബന്ധം പുലർത്തിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) 'മാമൂരിയ്യത്ത്' ിന്റെ വാദം പുറപ്പെടുവിക്കുകയും മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി അദ്ദേഹത്തിനുമേൽ കുഫ്ർ ഫത്‌വ നല്കുകയും ചെയ്തപ്പോൾ അദ്ദേഹത്തിന്റെ മനസ്സിനെ അത് വല്ലാതെ ബാധിച്ചു. കാരണം അദ്ദേഹത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നന്മയിൽ നല്ല വിശ്വാസമായിരുന്നു. അദ്ദേഹം ലുധിയാനയിലാണ് താമസിച്ചിരുന്നത്. എതിരാളികൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ സംസാരിച്ചാൽ അദ്ദേഹം അവരുമായി വഴക്കിടുമായിരുന്നു. നിങ്ങൾ ഹദ്റത്ത് മിർസാ സാഹിബിന്റെ അവസ്ഥ പോയി നോക്കാനും അദ്ദേഹം നല്ല മനുഷ്യനാണെന്നും പറയുമായിരുന്നു. താൻ അദ്ദേഹത്തിന്റെ അടുത്തുപോയി കണ്ടിട്ടുണ്ടെന്നും വിശുദ്ധഖുർആനിൽനിന്ന് ഏതെങ്കിലും കാര്യം മനസ്സിലാക്കിക്കൊടുത്താൽ അദ്ദേഹം ഉടനെ വിശ്വസിക്കാൻ തയ്യാറാകുമെന്നും അദ്ദേഹം വഞ്ചകനല്ലെന്നും പറഞ്ഞിരുന്നു. (ഒരിക്കലും വഞ്ചിക്കുകയില്ല) വിശുദ്ധഖുർആനിൽനിന്ന് അദ്ദേഹത്തിന്റെ വാദം തെറ്റാണെന്ന് മനസ്സിലാക്കിക്കൊടുത്താൽ അദ്ദേഹം ക്ഷണത്തിൽ അംഗീകരിക്കുമെന്ന് തനിക്ക് ഉറച്ച വിശ്വാസമുണ്ടെന്നും പറഞ്ഞിരുന്നു. ഒരുപാടു പ്രാവശ്യം അദ്ദേഹം ഇക്കാര്യത്തിൽ ആളുകളുമായി വഴക്കിട്ടു. അദ്ദേഹം പറഞ്ഞു:'ഖാദിയാനിൽ പോയാൽ എന്തുകൊണ്ടാണ് അദ്ദേഹം തന്റെ വാദത്തിൽനിന്ന് പിന്മാറാത്തതെന്ന് ഞാൻ നോക്കുന്നതായിരിക്കും. ഞാൻ വിശുദ്ധഖുർആൻ തുറന്ന് അദ്ദേഹത്തിന്റെ മുമ്പിൽ വയ്ക്കുന്നതാണ്. ഹദ്റത്ത് ഈസാ(അ) ജീവനോടെ ആകാശത്ത് പോയിരിക്കുന്നുവെന്നതിനെ സംബന്ധിച്ച് ഏതെങ്കിലും ആയത്ത് ഞാൻ അദ്ദേഹത്തോടു പറഞ്ഞാൽ അദ്ദേഹം ഉടനെ അത് വിശ്വസിക്കുന്നതായിരിക്കും.' അദ്ദേഹം പറഞ്ഞു: 'വിശുദ്ധഖുർആനിലെ കാര്യം കേട്ടാൽ പിന്നൊന്നും അദ്ദേഹം പറയുകയില്ലെന്ന് എനിക്ക് നല്ലവണ്ണം അറിയാം.' ഒരുദിവസം അദ്ദേഹം ലുധിയാനയിൽനിന്ന് ഖാദിയാനിൽവന്നു. വന്നുടനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു പറഞ്ഞു: 'ഇതെങ്ങനെ സംഭവിക്കാനാണ്. വിശുദ്ധഖുർആനിൽ ഞാൻ വിശ്വസിക്കുന്നു. ഇസ്‌ലാം എന്റെ മതമാണ്.' പറഞ്ഞു: 'അൽഹംദുലില്ലാഹ്.' അദ്ദേഹത്തിന് ഖുർആൻ ഉപേക്ഷിക്കാൻ കഴിയുകയില്ലെന്ന് ഞാൻ ആളുകളോട് പറഞ്ഞുകൊണ്ടിരിക്കുന്നു.' പിന്നീട് പറഞ്ഞു: 'ഹദ്റത്ത് ഈസാ(അ) ആകാശത്ത് ജീവിച്ചിരിക്കുന്നുവെന്നതിന് വിശുദ്ധഖുർആനിൽനിന്ന് നൂറുക്കണക്കിന് വചനങ്ങൾ കൊണ്ടുവന്നാൽ അങ്ങ് വിശ്വസിക്കുമോ? ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, 'നൂറുകണക്കിന് വചനങ്ങൾ എന്തിന്? ഒരൊറ്റ വചനം ഇതിനെ സംബന്ധിച്ച് കൊണ്ടുവന്നാൽ ഞാൻ വിശ്വസിക്കുന്നതായിരിക്കും.' അദ്ദേഹം പറഞ്ഞു: 'അൽഹംദുലില്ലാഹ്. ഞാൻ ആളുകളോടു പറഞ്ഞുവന്നത് ഇതുതന്നെയാണ്. മിർസാ സാഹിബിനെ വിശ്വസിപ്പിക്കുക എന്നത് പ്രയാസമുള്ള കാര്യമല്ല, ആളുകൾ വെറുതെ ബഹളമുണ്ടാക്കുകയാണ്.'

അദ്ദേഹം വീണ്ടും ചോദിച്ചു: 'നൂറുകണക്കിനില്ലെങ്കിലും നൂറ് ആയത്തുകൊണ്ടുവന്നാൽ അങ്ങ് അംഗീകരിക്കുമോ?' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:'ഞാൻ അങ്ങയോടു പറഞ്ഞു. എനിക്ക് ഒരൊറ്റ ആയത്ത് കിട്ടിയാൽ മതി ഞാൻ വിശ്വസിക്കുന്നതായിരിക്കും. വിശുദ്ധഖുർആനിലെ നൂറ് ആയത്തുകളനുസരിച്ച് പ്രവർത്തിക്കുന്നതുപോലെ ഒരുവാക്ക് അനുസരിച്ച് പ്രവർത്തിക്കേണ്ടതും നിർബന്ധമാണ്. ഒന്നോ നൂറോ ആയത്തുകളുടെ പ്രശ്നമല്ല.' നൂറല്ലെങ്കിൽ അമ്പത് ആയത്തുകൊണ്ടുവന്നാൽ താങ്കളുടെ വാദം ഉപേക്ഷിക്കുമെന്ന് വാഗ്ദാനം ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'താങ്കൾ ഒരൊറ്റ ആയത്തുകൊണ്ടുവന്നാൽ ഞാൻ വിശ്വസിക്കാൻ തയ്യാറായിരിക്കും.' ഹദ്ത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഒരുപക്ഷേ, ഒരായത്തും ഖുർആനിലില്ലെന്നുള്ള സംശയം അദ്ദേഹത്തിനുണ്ടായിക്കൊണ്ടിരിക്കുകയായിരുന്നു. അവസാനം പറഞ്ഞു, 10 ആയത്ത് ഞാൻ കൊണ്ടുവന്നാൽ അങ്ങയ്ക്ക് വിശ്വസിക്കാമോ? ഹദ്റത്ത് മസീഹ് മൗഊദ്(അ) ചിരിച്ചു പറഞ്ഞു: 'ഞാൻ ആദ്യം പറഞ്ഞതിൽതന്നെ ഉറച്ചുനില്ക്കുകയാണ്. ഒരൊറ്റ ആയത്തുകൊണ്ടുവരിക.' പറഞ്ഞു, ഞാനിപ്പോൾ പോകുകയാണ്. നാലഞ്ച് ദിവസത്തിനുള്ളിൽ മടങ്ങിവരും. താങ്കൾക്ക് ഖുർആനിക ആയത്തുകൾ കാണിച്ചുതരുന്നതാണ്. മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുമായി വാദപ്രതിവാദത്തിനുള്ള നിബന്ധനകൾ എഴുതിയുണ്ടാക്കുന്ന നേരമായിരുന്നു അത്. അതിനായി പരസ്പരം എഴുത്തുകുത്തുകൾ നടക്കുന്നുണ്ടായിരുന്നു. വിവാദത്തിന്റെ വിഷയം വഫാത്തെ മസീഹ് എന്നതായിരുന്നു. വിശുദ്ധഖുർആന്റെ വ്യാഖ്യാനമാണ് ഹദീഥ് എന്ന് മുഹമ്മദ് ഹുസയ്ൻ ബട്ടാലവി പറയാറുണ്ടായിരുന്നു; അതുകൊണ്ട് ഹദീഥിൽനിന്ന് ഒരുകാര്യം വ്യക്തമായാൽ അത് ഖുർആന്റെ കാര്യമായിത്തന്നെ മനസ്സിലാക്കപ്പെടുന്നതാണ്. അതുകൊണ്ട് ഹദീഥുകളുടെ അടിസ്ഥാനത്തിൽ ഈസാനബിയുടെ വഫാത്ത്, ഹയാത്ത് വിഷയം ചർച്ച ചെയ്യപ്പെടേണ്ടതാണ്.' ഹദ്റത്ത് മൗലവി സാഹിബ്(നൂറുദ്ദീൻ സാഹിബ്) പറയാറു

ണ്ടായിരുന്നു, വിശുദ്ധഖുർആൻ ഹദീഥിനെക്കാൾ മുൻഗണന അർഹിക്കുന്നു. അതുകൊണ്ട് ഏതവസ്ഥയിലും വിശുദ്ധഖുർആനിൽനിന്നുതന്നെ വാദം സ്ഥാപിക്കേണ്ടതാണ്. ഇതുസംബന്ധമായി കുറേ ദിവസം ചർച്ച നടന്നു. എങ്ങനെയെങ്കിലും മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുമായി വാദപ്രതിവാദം നടക്കണമെന്ന ഉദ്ദേശ്യത്തോടെ ഹദ്റത്ത് ഖലീഫ അവ്വൽ(റ) അദ്ദേഹത്തിന്റെ കാര്യങ്ങളെല്ലാം സമ്മതിച്ചുകൊണ്ടിരുന്നു. മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി അതിൽ വളരെ സന്തോഷവാനായിരുന്നു. ഏതൊരു നിബന്ധനയാണോ താൻ സമ്മതിപ്പിക്കാനാഗ്രഹിക്കുന്നത് അതെല്ലാം അംഗീകരിക്കണമെന്ന് അദ്ദേഹം ശഠിച്ചു.

ഇതിനിടിയിൽ മിയാൻ നിളാദ്ദീൻ സാഹിബും അവിടെ എത്തി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്തുനിന്നിറങ്ങിപോയത് മുഹമ്മദ് ഹുസയ്ന്റെ അടുക്കലേക്കാണ്. അദ്ദേഹം പറഞ്ഞു: 'ഇനി എല്ലാ ചർച്ചയും അവസാനിപ്പിക്കുക. ഞാൻ ഇപ്പോൾ മിർസാ സാഹിബിനെ കണ്ടിട്ടാണ് വരുന്നത്. അദ്ദേഹം തൗബ ചെയ്യാൻ തയ്യാറായിരിക്കുകയാണ്. ഞാൻ അങ്ങയുടേയും സുഹൃത്താണ്; മിർസാ സാഹിബിന്റേയും. അതുകൊണ്ട് നിങ്ങളുടെ ഇടയിലുള്ള ഭിന്നിപ്പിൽ എനിക്ക് വിഷമമുണ്ട്. ഹദ്റത്ത് മിർസാ സാഹിബിന്റെ സ്വഭാവത്തിൽ നന്മയുണ്ടെന്നും എനിക്കറിയാം. അതുകൊണ്ട് ഞാൻ അദ്ദേഹത്തിന്റെ അടുത്തുപോയി. വിശുദ്ധഖുർആനിൽ നിന്ന് ഹദ്റത്ത് ഈസാ(അ) ജീവിച്ചിരിക്കുന്നുവെന്നതിന് 10 ആയത്ത് കൊടുത്താൽ അദ്ദേഹം അതു വിശ്വസിക്കുമെന്ന് വാഗ്ദാനം ചെയ്തിരിക്കുകയാണ്. അതുകൊണ്ട് എനിക്ക് അങ്ങനെയുള്ള 10 ആയത്ത് പറഞ്ഞുതരിക.' ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു. മുഹമ്മദു ഹുസയ്ൻ ബട്ടാലവി വലിയ ദ്വേഷക്കാരനായിരുന്നു. എടുത്തുചാട്ടക്കാരനായിരുന്നു. അദ്ദേഹം തന്റെ സുഹൃത്തിനോടു പറഞ്ഞു: 'നീ എല്ലാ പ്രവൃത്തിയും കുളമാക്കിയിരിക്കുകയാണ്. ഞാൻ രണ്ടുമാസമായി വാദിച്ച് അദ്ദേഹത്തെ ഹദീഥിലേക്ക് കൊണ്ടുവരികയാണ്. നീ വീണ്ടും ഖുർആനിലേക്ക് കൊണ്ടുപോയിരിക്കുന്നു.' മിയാൻ നിളാമുദ്ദീൻ ചോദിച്ചു: 'അതിനെ പിന്തുണയ്ക്കുന്ന 10 ആയത്തും ഇല്ലേ?' അദ്ദേഹം പറഞ്ഞു.'നീ ജാഹിലാണ്. വിശുദ്ധഖുർആന്റെ ഉദ്ദേശ്യമെന്താണെന്ന് നിനക്കെന്തറിയാം.' ഇക്കാര്യം മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി, നിളാമുദ്ദീനോടു പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: 'ശരി. അപ്പോൾ എവിടെയാണോ ഖുർആൻ ഉള്ളത് അവിടെയാണ് ഞാനും.' ഇത് പറഞ്ഞ് ഖാദിയാനിൽവന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തു. ഇതാണ് അദ്ദേഹത്തിന്റെ ബയ്അത്ത് സംഭവം.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എഴുതുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വിശുദ്ധഖുർആനിൽ എത്രമാത്രം വിശ്വാസമായിരുന്നുവെന്ന് നോക്കുക. വിശുദ്ധഖുർആൻ തനിക്കെതിരിലാവുകയില്ലെന്ന് അവിടന്ന് എത്ര ശക്തമായിട്ടാണ് പറയുന്നത്. ഇതിന്റെ അർഥം ഹദ്റത്ത് മസീഹ് മൗഊദ് (അ)നോട് ഖുർആന്ന് എന്തോ പ്രത്യേക ബന്ധമുണ്ടായിരുന്നുവെന്നല്ല, അല്ലെങ്കിൽ അഹ്മദിയ്യാ ജമാഅത്തിനോടു ഉണ്ടായിരുന്നുവെന്നല്ല. വിശുദ്ധ ഖുർആൻ സത്യസന്ധതയുടെ വഴി കാണിക്കുന്നതായിരിക്കും. സത്യത്തിലാരാണോ ഉള്ളത് അവരെ പിന്തുണയ്ക്കുന്നതായിരിക്കും. താൻ സത്യത്തിലാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൃഢവിശ്വാസമുണ്ടായിരുന്നു.

അതുകൊണ്ട് ഖുർആനും അദ്ദേഹത്തോടൊപ്പമായിരുന്നു. അതുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നത്, എന്റെ ഏതെങ്കിലും വാദം വിശുദ്ധഖുർആൻ അനുസരിച്ചല്ലെങ്കിൽ അത് ഞാൻ ചവറ്റുകൊട്ടയിൽ വലിച്ചെറിയുന്നതാണ്. അതിന്റെ അർഥം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് തന്റെ വാദത്തിൽ എന്തെങ്കിലും സംശയമുണ്ടായിരുന്നുവെന്നല്ല. മറിച്ച് പറയാൻ കാരണം വിശുദ്ധഖുർആൻ തന്നെ സാക്ഷ്യപ്പെടുത്തുമെന്ന് അദ്ദേഹത്തിന് ഉറപ്പുണ്ടായിരുന്നു. ഈ പ്രതീക്ഷയാണ് നമ്മെ ലോകത്ത് വിജയിപ്പിച്ചിട്ടുള്ളത്.'

(ഖുത്ബാത്തെ മഹ്മൂദ്, വാള്യം 13, പേജ് 416-418)

ഇത് ഇന്നും നമ്മുടെ വിജയങ്ങൾക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശത്തെ ലോകത്ത് പ്രചരിപ്പിക്കുന്നതിനുമുള്ള മാർഗമാണ്. തീർച്ചയായും ഖുർആൻ നമ്മളോടൊപ്പമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഓർമിച്ചുകൊള്ളുക. അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ സത്യമാണ്. അവൻ തന്റെ വാഗ്ദാനമനുസരിച്ച് ലോകത്ത് ഒരു താക്കീതുകാരനെ അയച്ചു. ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ, അല്ലാഹു അദ്ദേഹത്തെ തീർച്ചയായും സ്വീകരിക്കുകയും ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത വെളിപ്പെടുത്തുകയും ചെയ്യും. ഞാൻ നിങ്ങളോടു സത്യമായും പറയുന്നു. ഞാൻ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് മസീഹ് മൗഊദായി വന്നിരിക്കുന്നു. സ്വീകരിക്കുകയോ നിഷേധിക്കുകയോ ചെയ്തുകൊള്ളുക. നിങ്ങളുടെ നിഷേധംകൊണ്ട് ഒന്നും സംഭവിക്കാനില്ല. അല്ലാഹു തീരുമാനിച്ചിട്ടുള്ളത് നടപ്പിൽ വന്നിരിക്കും. കാരണം അല്ലാഹു ആദ്യമേ തന്നെ ബറാഹീനെ അഹ്മദിയ്യായിൽ പറഞ്ഞിരിക്കുന്നു. *സദഖല്ലാഹു വ റസൂലുഹു, വകാന വഅ്ദൻ മഫ്ഊലാ* (മൽഫൂദാത്ത്, വാള്യം 1, പേജ് 206)

ഇനി ഞാൻ കഴിഞ്ഞ വെള്ളിയാഴ്ച ന്യൂസീലൻഡി (New Zealand)ൽ നടന്ന സംഭവത്തെ കുറിച്ച് അല്പം പറയാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ജുമുഅയിൽ തന്നെ പറയേണ്ടതായിരുന്നു. പക്ഷേ, അവസാനം അത് വിട്ടുപോയി. എന്നിരുന്നാലും പിന്നീട് ഞാനൊരു പ്രസ്സ് റിലീസ് നല്കിയിരുന്നു. ജമാഅത്തിന്റെ ഭാഗത്തുനിന്ന് അനുശോചനം അറിയിക്കുകയുണ്ടായി. ഒരുപാട് നിർദോഷികളും നിഷ്കളങ്കരും കുട്ടികളും മതപരവും സാമുദായികവുമായ വെറുപ്പിനാൽ ബലിയാടുകളായി. അവർ ശഹീദാക്കപ്പെട്ടു. അല്ലാഹു അവരിൽ എല്ലാവരുടെയുംമേൽ കാരുണ്യം ചൊരിയുമാറാകട്ടെ. അവരുടെ ഉറ്റവർക്ക് ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ.

ആ സംഭവത്തിന് പിന്നാലെ ചില കാര്യങ്ങളുപുറത്തുവന്നു. അതായത് ന്യൂസിലാൻഡ് ഭരണകൂടം അതിൽ പ്രധാനമായും പ്രധാനമന്ത്രി ഉന്നത ധാർമികസ്വഭാവം പ്രകടിപ്പിക്കുകയുണ്ടായി. ഭരണസംവിധാനം നിർവഹിക്കേണ്ട നിർബന്ധകടമകളും അവർ പൂർത്തിയാക്കി. അതും അതുല്യമാതൃകയാണ്. അഹോകഷ്ടം! മുസ്ലിം ഭരണകൂടങ്ങളും അതിൽനിന്ന് പാഠം കരസ്ഥമാക്കിയിരുന്നെങ്കിൽ! മതപരമായ വെറുപ്പ് ഇല്ലായ്മ ചെയ്യുന്നതിൽ അവരവരുടെ പങ്ക് വഹിക്കുന്നവരായിരുന്നുവെങ്കിൽ! അവിടെത്തെ പൊതുജനങ്ങളും പൂർണമായും ഒപ്പംനിന്നു. ഇന്ന് ജുമുഅയിൽ റേഡിയോയും ടെലിവിഷനും, ജുമുഅ നേരത്ത് മുസ്ലീംകളോടു ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ബാങ്കുകൊടുക്കുന്നതാണെന്ന് വിളംബരം ചെയ്തതായും കേട്ടു. അമുസ്ലിം സ്ത്രീകളും ക്രൈസ്തവ സ്ത്രീകളും ഐക്യദാർഢ്യ പ്രകടമെന്ന നിലയിൽ തലയിൽ തട്ടമോ സ്കാർഫോ ധരിക്കുമെന്നും വിളംബരം ചെയ്തിരുന്നു. അല്ലാഹു അവരുടെ എല്ലാ നന്മകളും സ്വീകരിച്ചുകൊണ്ട് അവർക്ക് സത്യം തിരിച്ചറിയാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

അവിടെ മസ്ജിദിൽ ധാരാളം മുസ്ലീംകളുണ്ടായിരുന്നു. അവരെ ഈ അക്രമിയായ കൊലപാതകി വധിക്കുകയുണ്ടായി. അവരിൽ ഒരു വനിതയുടെ ഇന്റർവ്യൂ ടിവിയിൽ വന്നിരുന്നു. അവർ അസാധാരണമാം വിധം ക്ഷമയും സ്ഥൈര്യവും പ്രകടിപ്പിച്ചു. അവരുടെ ഭർത്താവും 21 വയസ്സുള്ള മകനും വധിക്കപ്പെട്ടിരുന്നു. അവർ ജനങ്ങളെ സഹായിച്ചുകൊണ്ടാണ് ജീവൻ വെടിഞ്ഞത്. എന്തായാലും ഒരു നന്മയ്ക്ക് വേണ്ടി നല്ലൊരു ലക്ഷ്യത്തിനായി അവർ ജീവൻ സമർപ്പിച്ചു. അല്ലാഹു അവരുടെ മേൽകാരുണ്യം വർഷിക്കുമാറാകട്ടെ. ഇത് അങ്ങേയറ്റം വേദനാജനകമായ ഒരു സംഭവമായിരുന്നു. അവിടെയുള്ള മുസ്ലിംകൾ ഉന്നതമായ ക്ഷമയുടെയും സ്ഥൈര്യത്തിന്റെയും ദൃശ്യമാണ് കാഴ്ച വെച്ചത്. ഈയൊരു കാര്യമാണ് മുസ്ലീംകളിൽ നിന്ന് പ്രതീക്ഷിക്കുന്നത്. ഈയൊരു പ്രകടനമാണ് മുസ്ലിംങ്ങൾ കാഴ്ച വയ്ക്കേണ്ടതും. എന്നാൽ, ചില തീവ്രവാദ സംഘങ്ങൾ, തങ്ങൾ അതിന് പകരംവീട്ടുമെന്ന് വിളംബരംചെയ്തിട്ടുണ്ട്. അത് വളരെ മോശമായ കാര്യമാണ്. അങ്ങനെയെങ്കിൽ ശത്രുത നീണ്ടുപോകുന്നതാണ്. അല്ലാഹു ഇസ്ലാമിനുള്ളിലെ തീവ്രവാദ വിഭാഗങ്ങളെ അവസാനിപ്പിക്കുമാറാകട്ടെ. ഇസ്ലാമിന്റെ ശരിയായതും മനോഹരവുമായ അധ്യാപനം ലോകത്ത് പ്രചരിക്കുമാറാകട്ടെ. അല്ലാഹു കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാൻ മുസ്ലിംങ്ങളിലെ ഭൂരിഭാഗമാളുകൾക്കും തൗഫീഖ് നല്കുമാറാകട്ടെ. അങ്ങനെ ഒന്നായിക്കൊണ്ട് ലോകത്ത് ഇസ്ലാമിന്റെ ശരിയായതും മനോഹരവുമായ അധ്യാപനങ്ങളും പ്രചരിപ്പിക്കുന്നതിന് ഇടവരുത്തുമാറാകട്ടെ.

നമസ്കാരങ്ങൾക്കുശേഷം ഞാൻ കുറച്ച് ജനാസ ഗാഇബും നമസ്കരിപ്പിക്കുന്നതാണ്. ആദ്യത്തെ ജനാസ മൗലാനാ ഖുർശീദ് അഹ്മദ് അൻവർ സാഹിബിന്റേതാണ്. അദ്ദേഹം ഖാദിയാനിൽ തഹ്രീക്കെ ജദീദിലെ വക്കീലുൽമാൽ ആയിരുന്നു. 2019 മാർച്ച് 19ന് 73-ാം വയസ്സിൽ വഫാത്തായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. ദീർഘകാലമായി ക്യാൻസർ കാരണത്താൽ സുഖമില്ലായിരുന്നു. പക്ഷേ, വലിയ സഹനത്തോടും ധൈര്യത്തോടും ക്ഷമയോടുംകൂടി അദ്ദേഹം ആ രോഗത്തെ നേരിട്ടു. ആ രോഗം സഹിച്ചു. കഠിനമായ രോഗവും ക്ഷീണവുമുണ്ടായിട്ടും തന്നിലെ നിർബന്ധകടമകൾ നിർവഹിക്കുന്നതിൽ ഒരിക്കലും വീഴ്ച വരുത്തിയില്ല. മുടങ്ങാതെ ഓഫീസിൽ വന്നിരുന്നു. എന്നല്ല, തന്റെ വഖ്ഫിനെ അവസാന ശ്വാസംവരെ നല്ലനിലയിൽ നിറവേറ്റാൻ ശ്രമിച്ചു. എങ്ങനെയാണോ കടമ നിറവേറ്റേണ്ടത് അതുപോലെ നിറവേറ്റി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പരേതൻ അബ്ദുൽ അളീം സാഹിബ് ദർവേശ് ഖാദിയാന്റേയും റഈസ ബീഗം സാഹിബയുടേയും മകനായിരുന്നു. 'പിണ്ടിഭട്ടി'യായുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹത്തിന്റെ കുടുംബത്തിൽ ഏറ്റവുമാദ്യം ഇദ്ദേഹത്തിന്റെ പിതാവിനാണ് അഹ്മദിയ്യത്ത് സ്വീകരിക്കാൻ ഭാഗ്യമുണ്ടായത്. ബയ്അത്തിനുശേഷം ഇദ്ദേഹത്തിന്റെ പിതാമഹൻ അദ്ദേഹത്തെ എതിർത്തു; മർദിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം ഖാദിയാനിൽ ഹിജ്റത്ത് ചെയ്തു. ഇവിടെ സ്ഥിരമായി താമസിച്ചു. ഇദ്ദേഹത്തിന്റെ കുട്ടിക്കാലം ഖാദിയാനിലെ ചുറ്റുപാടിൽ മഹാത്മാക്കളായ സ്വഹാബത്തിന്റേയും ഖാദിയാനിലെ ദർവേശുമാരുടേയും സഹവാസത്തിലാണ് കഴിഞ്ഞത്. ഖാദിയാനിലെ തഅ്ലീമുൽ ഇസ്ലാം സ്കൂളിൽനിന്ന് മെട്രിക് പാസായി. പിന്നീട് മദ്റസ അഹ്മദിയ്യായിൽ ചേർന്നു. 1967-ൽ ഖാദിയാൻ മദ്റസ അഹ്മദിയ്യായിൽനിന്ന് മൗലവി ഫാളിൽ പരീക്ഷ പാസായി. മദ്റസ അഹ്മദിയ്യായിൽതന്നെ ആദ്യം ടീച്ചറായി നിയമിതനായി. അതിനുശേഷം 1982-ൽ മാനേജർ ബദ്റായി നിയമിതനായി. കുറച്ചുകാലം ബദ്ർ വീക്കിലിയുടെ പത്രാധിപരുമായിരുന്നു. 1989-ൽ നാളിം ഇർശാദ് വഖ്ഫെ ജദീദ് ഖാദിയാൻ എന്ന നിലയിൽ സേവനത്തിന് ഭാഗ്യം ലഭിച്ചു. ഇപ്രകാരംതന്നെ നാഇബ് നാളിർ ഇശാഅത്ത്, സ്വദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത്, നാഇബ് നാളിർ ബയ്ത്തുൽമാൽ ആമദ് എന്നീ നിലകളിലും സേവനത്തിന് ഭാഗ്യം കിട്ടി. 2006-ൽ ഇദ്ദേഹത്തെ ഞാൻ വക്കീലുൽമാൽ തഹ്രീക്കെ ജദീദായി നിയമിച്ചു. ഈ സ്ഥാനത്ത് ഇദ്ദേഹം മരണംവരെ വളരെ നല്ലനിലയിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരുന്നു. ഇതുപോലെതന്നെ പല സുപ്രധാന കേന്ദ്രകമ്മിറ്റികളിലും സ്വദ്ർ എന്ന നിലയിലും അംഗമെന്നനിലയിലും പ്രവൃത്തിച്ചു. സംഘടനാപരമായ കഴിവ് ഇദ്ദേഹത്തിൽ നല്ലവണ്ണം ഉണ്ടായിരുന്നു. വിശാലഹൃദയത്തോടും ആത്മാർഥതയോടുംകൂടി തന്നിലർപ്പിതമായ നിർബന്ധകാര്യങ്ങൾ വളരെ നല്ലരീതിയിൽ നിർവഹിച്ചിരുന്നു. തഹ്രീക്കെ ജദീദ് ചന്ദയിലും ഭാരതം വളരെ പിന്നിലായിരുന്നു. അതിന്റെ പൊസിഷൻ സുസ്ഥിരമാക്കിയത് ഇദ്ദേഹമായിരുന്നു. വളരെ പരിശ്രമിക്കുകയും ദൈവകൃപയാൽ ത്യാഗങ്ങളുടെ അടിസ്ഥാനത്തിൽ അതിനെ മുന്നിൽകൊണ്ടുവരികയും ചെയ്തു. ജമാഅത്തിന്റെ പൈസയുടെ

കാര്യത്തിൽ വേദന ഉൾക്കൊള്ളുന്ന ആളായിരുന്നു. വലിയ സൂക്ഷ്മതയോടെ ചെലവഴിച്ചിരുന്നു. ജ്ഞാനപരമായ കഴിവുകളും അപാരമായിരുന്നു. ഇദ്ദേഹത്തിന്റെ ലേഖനങ്ങൾ മനോഹരമായിരുന്നു. വർഷങ്ങളോളം ഖാദിയാൻ ബദ്ർ വീക്കിലിയുടെ വിജയിയായ പത്രാധിപരാകാൻ തൗഫീഖ് കിട്ടി. ബദ്ർ പത്രത്തിൽ ഇദ്ദേഹത്തിന്റെ എഡിറ്റോറിയൽ ദീനീപരമായ അറിവുകൾ നിറഞ്ഞതും ഉർദുവിലെ സാഹിത്യസമ്പുഷ്ടികൊണ്ട് ഭരിതവുമായിരുന്നു. ഹൈദരാബാദ് ദക്കണിൽ ഒരു മത്സരം ഉണ്ടാകാറുണ്ടായിരുന്നു. 'തഅ്ദീറെ മില്ലത്ത്' എന്ന സ്ഥാപനം നബി(സ)തിരുമേനിയുടെ ജീവചരിത്രത്തെ സംബന്ധിച്ച് മത്സരം നടത്താറുണ്ടായിരുന്നു. അവിടെ ഇദ്ദേഹം ഒരിക്കൽ ലേഖനമെഴുതി. ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. ഇത് നാല്പതുവർഷം മുമ്പേയുള്ള കാര്യമാണ്. യുവത്വത്തിലെ കാര്യമാണ്. പരേതൻ ധാരാളം സവിശേഷഗുണങ്ങളുള്ള വ്യക്തിയായിരുന്നു. ലാളിത്യം, അതിഥിസൽക്കാരം, കഠിനാധ്വാനം തുടങ്ങിയവ ഇദ്ദേഹത്തിൽ വ്യക്തമായിരുന്നു. ജൽസാസാലാനയ്ക്ക് മുമ്പേ ഉത്സാഹത്തോടുകൂടി അതിഥികൾ വരുന്നതിന്റെ തയ്യാറെടുപ്പുകൾ നടത്തുമായിരുന്നു. പരിമിതമായ കാര്യങ്ങൾ ആയിരുന്നിട്ടും വളരെ ഉദാത്തമായനിലയിൽ അതിഥിസൽക്കാരത്തിനുള്ള ഏർപ്പാട് ചെയ്യുമായിരുന്നു. വലിയ അഭിപ്രായങ്ങൾ നല്കുന്ന ആളായിരുന്നു. ദരിദ്രരെ സഹായിച്ചിരുന്നു. മേലുദ്യോഗസ്ഥനെ അങ്ങേയറ്റം അനുസരിക്കുകയും ഖിലാഫത്തുമായി അഗാധബന്ധം പുലർത്തുന്നയാളുമായിരുന്നു. ഇദ്ദേഹത്തിന്റെ സേവനകാലം ഏകദേശം 52 വർഷം വ്യാപിച്ചുനില്ക്കുന്നു. ഇദ്ദേഹത്തിന് നാലു പെൺകുട്ടികളും ഒരാൺകുട്ടിയുമാണ്. മകൻ ഇവിടെതന്നെയുണ്ട്. ഒരു മകൾ അമേരിക്കയിലാണ്. ഒരാൾ ഖാദിയാനിലുമാണ്.

ഇദ്ദേഹത്തിന്റെ ജാമാതാവ് ഖാലിദ് അഹ്മദ് അലാവുദ്ദീൻ സാഹിബ് എഴുതുന്നു. രോഗത്തിന്റെ ദിനങ്ങളിൽ വിശ്രമിക്കാൻ ഞാൻ പറയുമ്പോൾ ഇദ്ദേഹം എനിക്കുതരുന്ന മറുപടി ഇതായിരുന്നു: 'അവസാനശ്വാസംവരെ സേവനം ചെയ്തുകൊണ്ട് അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാകണമെന്നാണ് എന്റെ ആഗ്രഹം.' ഈ പ്രതിജ്ഞ ഇദ്ദേഹം നിറവേറ്റി. ഇദ്ദേഹത്തിന്റെ നാഇബ് സ്വദ്ർ മജ്ലിസ് തഹ്‌രീക്കെ ജദീദ് എഴുതുന്നു: വിദ്യാഭ്യാസകാലം മുതൽ എനിക്ക് ഇദ്ദേഹവുമായി ബന്ധമുണ്ട്. വിവിധ അവസരങ്ങളിൽ ഇദ്ദേഹത്തോടൊപ്പം പ്രവൃത്തിക്കാൻ അവസരം കിട്ടി. നാഇബ് നാളിർ ബയ്ത്തുൽമാൽ ആമദായി നിശ്ചയിക്കപ്പെട്ടപ്പോൾ ഇദ്ദേഹം എന്നോടൊപ്പം ഒരുദീർഘകാലംവരെ വളരെ ഭംഗിയായി ജോലി ചെയ്തു. അങ്ങേയറ്റം അനുസരണശാലിയും കഠിനാധ്വാനിയും വിശ്വസ്തനുമായിരുന്നു. സാമ്പത്തിക കാര്യങ്ങളിൽ ആഴത്തിൽ ദൃഷ്ടിവെക്കുന്നയാളായിരുന്നു. ഇദ്ദേഹത്തിന് വക്കീലുൽമാലിന്റെ ചാർജ്ജ് നല്കപ്പെട്ടപ്പോൾ, തഹ്‌രീക്കെജദീദിന്റെ ബജറ്റ് കുറച്ചു ലക്ഷമായിരുന്നു. അത് ദൈവകൃപയാൽ കോടികളിലെത്തി. അല്ലാഹു ഇദ്ദേഹത്തിന്റെ ജർജകൾ ഉയർത്തുമാറാകട്ടെ. ഇദ്ദേഹത്തിന്റെ മക്കൾക്കും ഇദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.

രണ്ടാമത്തെ ജനാസ ഫിജി നാഇബ് അമീർ ത്വാഹിർ ഹുസയ്ൻ മുൻശീ സാഹിബിന്റേതാണ്. 2019 മാർച്ച് 5ന് 72-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഫിജി ജമാഅത്തിലെ പഴയകാല സേവകനായിരുന്നു. സുദീർഘകാലം അദ്ദേഹത്തിന് നാ ഇബ് അമീർ എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. സാത്വികനും പ്രാർഥനാനിരതനും ആത്മാർഥനും കൂറുള്ള ആളുമായിരുന്നു. ദൈവകൃപയാൽ മൂസിയായിരുന്നു. ഹിസ്സ ജാഇദാദ് തന്റെ ജീവിതകാലത്തുതന്നെ അടച്ചു. സന്തപ്തകുടുംബാംഗങ്ങളിൽ ഒരു മകനും ഒരു മകളുമുണ്ട്. ഈ രണ്ടു കുട്ടികളും അഹ്മദികളല്ല. ഇദ്ദേഹം ദൈവകൃപയാൽ ഫിജിയിലെ വിദ്യാഭ്യാസവകുപ്പിൽ വളരെ പേരെടുത്തിരുന്നു. കോളേജിന്റെ പ്രിൻസിപ്പാളായിരുന്നു. മിനിസ്ട്രി ഓഫ് എഡ്യുക്കേഷനിൽ സെക്കന്ററി പ്രിൻസിപ്പൾ എഡ്യുക്കേഷൻ ഓഫീസറായിരുന്നു. പിന്നീട് പ്രൊമോഷനുണ്ടായി; ഡപ്യൂട്ടി ഡയറക്ടർ എഡ്യുക്കേഷനായി. ആ പോസ്റ്റിലാണ് അദ്ദേഹം 1999ൽ റിട്ടയർമെന്റായത്. പിന്നീട് സർക്കാർ വീണ്ടും റീ എംപ്ലോയി ആയി നിയോഗിച്ചു. പബ്ലിക്ക് അക്കൗണ്ട് കമ്മിറ്റിയുടെ അംഗമാക്കി. അത് കുറച്ചുകാലംവരെ നിന്നു. രോഗ ബാധിതനായതിനാൽ അതിൽനിന്ന് പിൻവാങ്ങി. അഹ്മദിയ്യത്ത് സ്വീകരിച്ചതിനെ സംബന്ധിച്ച് നസ്ർവാങ്കാ ജമാഅത്തിന്റെ സ്വദ്ർ ഹാമിദ് ഹുസയ്ൻ സാഹിബ് വിവരിക്കുന്നു. മുൻശീ സാഹിബിന്റെ ആദ്യ പോസ്റ്റിംഗ് 1968ൽ നസ്ർവാങ്കാ പ്രൈമറി സ്കൂളിൽ ആയിരുന്നു. ഞാൻ അപ്പോൾ സ്കൂളിന്റെ സെക്രട്ടറിയായിരുന്നു. അങ്ങനെ ഞങ്ങൾ സുഹൃത്തുക്കളായി. അധികവും ഞങ്ങൾ ഒരുമിച്ചാണ് കഴിഞ്ഞിരുന്നത്. പറയുന്നു: ജമാഅത്തിന് എതിരായിരുന്നിട്ടും അദ്ദേഹം അഹ്മദിയ്യത്തിനെ കുറിച്ചുള്ള കാര്യങ്ങൾ കേൾക്കുമായിരുന്നു. ചർച്ചയും ചെയ്യുമായിരുന്നു. അദ്ദേഹം സുന്നികളിൽപ്പെട്ടയാളായിരുന്നു. മുൻശീ സാഹിബിന്റെ ബാക്ക്ഗ്രൗണ്ട് സുന്നിയായിരുന്നു. ഇദ്ദേഹം തന്റെ മൗലവിയെ ചർച്ചയ്ക്ക് വിളിക്കുമ്പോൾ അയാൾ അത് നിഷേധിക്കുമായിരുന്നു. അപ്പോൾ അദ്ദേഹം വളരെ വിഷമിക്കും. പിന്നീട് അല്ലാഹു അദ്ദേഹത്തിൽ ഒരുപാട് കൃപചെയ്തു. അദ്ദേഹത്തിന് കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാൻ തൗഫീഖ് നല്കി. ഹാമിദ് ഹുസയ്ൻ സാഹിബുതന്നെ പറയുന്നു. ഔദാര്യത്തിന് നന്ദി കാണിക്കാൻ അദ്ദേഹത്തിന് എങ്ങനെയാണ് തൗഫീഖ് കിട്ടിയത്. പറയുന്നു: ഒരിക്കൽ മുൻശീ സാഹിബ് ഖാദിയാനിൽപോയി മടങ്ങിയപ്പോൾ എന്നോടു പറഞ്ഞു, 'ഞാൻ ബയ്ത്തുൽദ്ദുആയിൽ താങ്കൾക്കുവേണ്ടി ഒരുപാട് ദുആ ചെയ്തു. അല്ലാഹു താങ്കൾ മുഖേനയാണ് എന്നെ ആ സ്ഥാനത്തെത്തിച്ചത്.' അതായത് അദ്ദേഹം മുഖേനയാണ് ഇദ്ദേഹത്തിന് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് കിട്ടിയത്. ബയ്ത്തുദ്ദുആയിൽ പോയപ്പോൾ അദ്ദേഹത്തിനുവേണ്ടിയും ദുആ ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം എന്നോട് ഔദാര്യം കാണിച്ചു. ഔദാര്യം ചെയ്ത ആൾക്കുവേണ്ടി അത്തരം ദുആ ചെയ്യണമെന്ന വിചാരം ഒരു അഹ്മദിയ്ക്ക് മാത്രമേ വരികയുള്ളൂ. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഇന്റെ കാലഘട്ടത്തിലാണ് അദ്ദേഹത്തെ ഫിജിയിലെ നാഇബ് അമീറായി നിശ്ചയിച്ചത്.

നഈം ഇഖ്ബാൽ സാഹിബ് എഴുതുന്നു: 'വലിയ കൂറുള്ള മനുഷ്യനായിരുന്നു. ഖിലാഫത്തുമായി വലിയ കൂറോടുകൂടിയ ബന്ധമായിരുന്നു. മറ്റുള്ളവരോടും ഖിലാഫത്തിനെ ആദരിക്കാനും അനുസരിക്കാനും പറയുമായിരുന്നു. തന്റെ ഉത്കൃഷ്ടമായ മാതൃകയും കാണിക്കുമായിരുന്നു. എപ്പോഴെങ്കിലും ഏതെങ്കിലും കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ടായാൽ ഖലീഫത്തുൽ മസീഹിന്റെ അഭിപ്രായം ഇക്കാര്യത്തിൽ ഇന്നതാണെന്നറിഞ്ഞാൽ ഉടനെ തന്റെ അഭിപ്രായം പിൻവലിക്കുമായിരുന്നു.

മൂന്നാമത്തെ ജനാസ മൂസാ സിസകൊ സാഹിബിന്റേതാണ്. അദ്ദേഹം മാലി വാസിയാണ്. 2019 ഫെബ്രുവരി 15ന് വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അദ്ദേഹം സൈന്യത്തിൽ ബ്രിഗിയേഡിയർ കമാൻഡർ ആയിരുന്നു. ജമാഅത്തിന്റെ ഒരു മാസികയിൽനിന്നാണ് ജമാഅത്തിനെ പരിചയപ്പെട്ടത്. അതിനുശേഷം സിക്കാസോ റീജിയണിലെ മുബല്ലിഗുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്നു. 2012 നവംബറിൽ അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് കിട്ടി. 2013-ൽ അദ്ദേഹത്തിന് സിക്കാസോ നഗരത്തിൽ ജമാഅത്തിന്റെ റേഡിയോ സ്റ്റേഷൻ തുടങ്ങിയപ്പോൾ റേഡിയോയുടെ ഡയർക്ടറും അതേവർഷം ജമാഅത്തിന്റെ സ്വദ്റായും നിശ്ചയിക്കപ്പെട്ടു. റേഡിയോ സ്റ്റേഷൻ നിലവിൽ വന്നതിനുശേഷം, സിക്കാസോ റീജ്യണിൽ അസാധാരണമായ എതിർപ്പുണ്ടായി. അപ്പോൾ അദ്ദേഹം വലിയ യുക്തിയോടും ക്ഷമയോടും സഹനത്തോടുംകൂടി അവസ്ഥകളെ നേരിട്ടു. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരവുമുണ്ടാക്കി. ബന്ധപ്പെട്ട അതോറിറ്റിയുമായി ബന്ധപ്പെട്ടു. ജമാഅത്തിനെ അവർക്ക് പരിചയപ്പെടുത്തി. ഇതിനുപുറമെ 2016-മുതൽ ഇദ്ദേഹം നാഷണൽ ആമിലായിൽ സെക്രട്ടറി ഉമൂറെ ഖാരിജ എന്ന നിലയിൽ പ്രവൃത്തിച്ചുവരികയായിരുന്നു. ബയ്അത്തിനുശേഷം അദ്ദേഹം ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്ക് തന്നെ വഖ്ഫു ചെയ്തു. നമസ്കാരം ജമാഅത്തായി കൃത്യമായി നമസ്കരിക്കുന്നതിനുപുറമെ പതിവായി തഹജ്ജുദും നമസ്കരിക്കുമായിരുന്നു. വളരെ ആത്മാർഥനും കൂറുള്ള ആളുമായിരുന്നു. ഖിലാഫത്തിനോടു അസാധാരണമായ സ്നേഹമായിരുന്നു. ഖിലാഫത്തിന്റെ എല്ലാ ആഹ്വാനത്തിനും ലബ്ബയ്ക്ക് പറയുന്നതിൽ മുൻപന്തിയിൽ ഉണ്ടാകുമായിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ രണ്ടുഭാര്യമാർക്കുപുറമെ 10 പുത്രിമാരേയും 5 പുത്രന്മാരേയും സ്മരണയായി വിട്ടുംവച്ചാണ് അദ്ദേഹം യാത്രയായത്. അല്ലാഹു ഇവരുടെയെല്ലാം ദർജകൾ ഉയർത്തുമാറാകട്ടെ. അവരുടെ മക്കൾക്കും നന്മ ചെയ്യാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. മുൻശീസാഹിബിന്റെ അഹ്മദിയല്ലാത്ത മക്കൾക്ക് കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"നിങ്ങൾക്ക് ഇരുലോകത്തും വിജയം കരസ്ഥമാകണമെന്നും ജനങ്ങളുടെ ഹൃദയങ്ങൾ കീഴടക്കണമെന്നും ആഗ്രഹിക്കുന്നെങ്കിൽ പരിശുദ്ധി സ്വായത്തമാക്കുക. നിങ്ങൾ സ്വയം നിങ്ങളെ നന്നാക്കുകയും മറ്റുള്ളവർക്ക് നിങ്ങളുടെ ശ്രേഷ്ഠമായ സ്വഭാവങ്ങളുടെ മാതൃക കാണിക്കുകയും ചെയ്യുക; അപ്പോഴായിരിക്കും നിങ്ങൾ വിജയിക്കുന്നത്."**
**(ജുമുഅ ഖുത്വ്ബ 2016 ജനുവരി 1)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"നമ്മുടെ ആരാധനാകർമങ്ങളുടെ അഭിവൃദ്ധി തന്നെയാണ് നമുക്ക് വിജയം നല്കുന്നത്. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതിനെക്കുറിച്ച് എല്ലാ വ്യവസ്ഥിതിയും ഗൗരവമാകേണ്ട ആവശ്യമുണ്ട്."**
**(ജുമുഅ ഖുത്വ്ബ 27-01-2017)**


**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ameer Ahmadiyya Jama-ath Kannur Town, Kerala.**

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## (റിപ്പോർട്ട് കഴിഞ്ഞ ലക്കം തുടർച്ച.....)

## 2016 മെയ് 14 ശനിയാഴ്ച:

തുടർന്ന് 11.40-ന് ഹുദൂർ ശ്രോതാക്കളെ അഭിമുഖീകരിച്ചുകൊണ്ട് ഇംഗ്ലീഷിൽ പ്രഭാഷണം നടത്തി.

### ഹുദൂറിന്റെ പ്രഭാഷണം

തശഹ്ഹുദ് തഅവ്വുദ് തസ്മിയ എന്നിവക്കുശേഷം ഹുദൂർ എല്ലാ അതിഥികൾക്കും അസ്സലാമു അലയ്ക്കും പറഞ്ഞു. നിങ്ങൾ എല്ലാവരുടേയുംമേൽ അല്ലാഹുവിന്റെ ശാന്തിയും സമാധാനവും അനുഗ്രഹവും ഉണ്ടാകുമാറാകട്ടെ. ഏറ്റവുമാദ്യം ഈ അവസരത്തിൽ മാൽമോയിലെ ഞങ്ങളുടെ പുതിയ മസ്ജിദിന്റെ ക്ഷണം സ്വീകരിച്ച് ഇവിടെയെത്തിയിട്ടുള്ള എന്റെ എല്ലാ അതിഥികൾക്കും ഞാൻ ഹൃദയംഗമമായ നിലയിൽ നന്ദി പറയുകയാണ്. നിങ്ങളിൽ അധികപേരും അഹ്മദിയ്യാ ജമാഅത്തുമായി ബന്ധമില്ലാത്തവരാണ്. അതുകൊണ്ട് ഒരു ഇസ്ലാമിക പരിപാടിയിലെ നിങ്ങളുടെ സാന്നിദ്ധ്യം സ്ഥാപിക്കുന്നത് നിങ്ങൾ തുറന്ന മനസ്സിന്റെ ഉടമകളും സൗഹാർദം വഹിക്കുന്നവരുമാണെന്നാകുന്നു. ഞങ്ങളുടെ പ്രത്യേക നന്ദിക്ക് നിങ്ങൾ അർഹരാണ്.

ഇവിടെ വന്നിട്ടുള്ള ചിലർക്കെങ്കിലും മസ്ജിദ് ഉൽഘാടനവുമായി ബന്ധപ്പെട്ട് ചില ആശങ്കകളും അസ്വസ്ഥതകളും നിലനിൽക്കുന്നുണ്ടാകുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. നമ്മുടെ മസ്ജിദിനെ കുറിച്ച് പരാതികളും ഉണ്ടാകാം. പ്രത്യേകിച്ചും മുസ്ലീംകളുമായി കുറച്ചോ അല്ലെങ്കിൽ തീരെ ബന്ധമില്ലാത്തവരോ യൂറോപ്പിൽ അല്ലെങ്കിൽ വികസിത രാഷ്ട്രങ്ങളിൽ മസ്ജിദുകൾ ഉണ്ടാകാനേ പാടില്ല എന്ന് ചിന്തിക്കുന്നവരുമാണ്. അവർ ഒരുപക്ഷേ, മസ്ജിദുകളെ തങ്ങളുടെ ജനതയ്ക്ക് തലവേദനയും ശത്രുതകളിൽ വർധനവിന് ഹേതുവാകുമെന്നും മനസ്സിലാക്കുന്നു.

ഒരു പരിധിവരെ അവരുടെ ഈ ചിന്തകൾ യഥാർഥമായിരിക്കാം എന്ന് വളരെ വ്യസനത്തോടെ പറയേണ്ടിവരുന്നു ,കാരണം ചില നാമമാത്ര മുസ്ലീംകൾ മസ്ജിദുകളെ അവരുടെ കുത്സിത ലക്ഷ്യങ്ങൾ നേടി എടുക്കാനായി ഉപയോഗിക്കുന്നുണ്ട്. ഇത്തരമാളുകൾ ബലാൽക്കാരത്തിനും തീവ്രവാദത്തിനും പ്രേരണ നൽകുന്നു. അതുകൊണ്ട് പ്രാഥമികമായി ഞാനെന്റെ എല്ലാ അതിഥികളോടും ഈ പട്ടണവാസികളോടും ഉറപ്പിച്ചു പറയട്ടെ, ഈ മസ്ജിദിനെ പറ്റി ഭീതിപ്പെടേണ്ട ഒരു ആവശ്യവുമില്ല. യഥാർഥ മുസ്ലിംകളുടെ യഥാർഥ മസ്ജിദുകൾ സമൂഹത്തിൽ വെറുപ്പും വിദ്വേഷവും പരത്തുന്നതിനു പകരം സ്നേഹവും സാഹോദര്യവും മാത്രം പരത്തുകയാണ് ചെയ്യുന്നത്. ആരെങ്കിലും ഒരു യഥാർഥ മുസ്ലിമിനെ കണ്ടുമുട്ടുമ്പോൾ അയാളിൽ നിന്ന് കേവലം സമാധാനം മാത്രമേ ലഭിക്കുകയുള്ളു എന്നതാണ് പരമാർഥം. അതേപോലെ തന്നെ മസ്ജിദിൽ പ്രവേശിക്കുന്ന ഏതൊരു വ്യക്തിക്കും ശാന്തിയും സമാധാനവും തന്നെയാണ് പ്രാപ്തമാകുക. ഇതിനു വിരുദ്ധമാണ് സംഭവിക്കുന്നതെങ്കിൽ ആ മസ്ജിദിന്റെ പ്രയോക്താക്കൾ യഥാർഥ മുസ്ലീംകളല്ലെന്ന് മനസിലാക്കേണ്ടതാണ്. അതിന്റെ അർഥം അവർ യഥാർഥ ഇസ്ലാമിക അധ്യാപനങ്ങളെ കുറിച്ച് ബോധവാൻമാരല്ലെന്നാണ്. അതുമല്ലെങ്കിൽ ആ മസ്ജിദ് നല്ല ഉദ്ദേശ്യത്തോടുകൂടി നിർമിക്കപ്പെട്ടതല്ല എന്നർഥം; അതിന്റെ യഥാർഥ ലക്ഷ്യങ്ങൾ പൂർത്തിയാക്കാൻ നിർമിക്കപ്പെട്ടതല്ല. അങ്ങനെ കുഴപ്പങ്ങൾ പ്രചരിപ്പിക്കുന്ന മസ്ജിദുകൾക്ക് ഇസ്ലാമിൽ ഒരു സ്ഥാനവുമില്ലതന്നെ! മുഹമ്മദ് നബി(സ) ഒരു മസ്ജിദ് പൊളിക്കാൻ കൽപിച്ച ഒരു സംഭവം വിശുദ്ധ ഖുർആനിൽ അല്ലാഹു വിവരിക്കുന്നുണ്ട്. കാരണം ഈ മസ്ജിദ് ഒരു സമാധാന ഗേഹമായി നിർമിക്കപ്പെട്ടതായിരുന്നില്ല. കുഴപ്പങ്ങളും നിയമ ലംഘനങ്ങളും പ്രചരിപ്പിക്കാനായി നിർമിച്ചതായിരുന്നു. ആ മസ്ജിദ് നിർമാതാക്കൾ കപട വിശ്വാസികളായിരുന്നു. ആ പ്രദേശത്ത് നിവസിക്കുന്ന മുസ്ലീംകൾക്കും ഇതര സമൂഹങ്ങൾക്കുമിടയിൽ ഭിന്നിപ്പുണ്ടാക്കാൻ അവർ ആഗ്രഹിച്ചിരുന്നു. ഇതിനെ സംബന്ധിച്ച് അല്ലാഹു വളരെ വ്യക്തമായും പറഞ്ഞിട്ടുള്ളത് അത്തരം ദുരുദ്ദേശ്യത്തോടെ പണിയുന്ന മസ്ജിദുകൾ തകർക്കപ്പെടണമെന്നാണ്.

അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് ഗുലാം അഹ്മദ് ഖാദിയാനി(അ) വിശുദ്ധ ഖുർആനിന്റേയും നബി(സ)തിരുമേനിയുടേയും ദീർഘദർശനങ്ങളനുസരിച്ച് അല്ലാഹുവിൽ നിന്ന് നിയോഗിതനാണെന്ന് അഹ്മദീ മുസ്ലീംകളായ നമ്മൾ ദൃഢമായും വിശ്വസിക്കുന്നു. അദ്ദേഹത്തെ ഇക്കാലഘട്ടത്തിലെ പരിഷ്കർത്താവ് എന്ന നിലയിൽ ആദരിക്കുന്നു. മുഹമ്മദുനബി(സ) അദ്ദേഹത്തെ അവസാന കാലഘട്ടത്തിലെ മസീഹെന്നും മഹ്ദിയെന്നും(മാർദർശി) പറഞ്ഞിരിക്കുന്നു. രണ്ടു ലക്ഷ്യങ്ങളോടുകൂടിയാണ് അദ്ദേഹം നിയോഗിതനായിരിക്കുന്നതെന്നും നമ്മൾ ദൃഢമായും വിശ്വസിക്കുന്നു; അല്ലാഹുവിന്റെ ദാസത്വത്തിലേക്ക് മനുഷ്യസമൂഹത്തെ ഒരുമിച്ചു കൂട്ടുക എന്നതാണ് അതിൽ ഒന്നാമത്തേത്. മനുഷ്യസമൂഹത്തെ പരസ്പരമുള്ള കടമാ നിർവ്വഹണത്തെ കുറിച്ച് ബോധവാൻമാരാക്കുക എന്നതാണ് രണ്ടാമത്തേത്. അതുകൊണ്ട് അദ്ദേഹത്തിന്റെ അനുചരന്മാരും സനേഹാനുകമ്പയുടെ വഴികൾ ഒരുക്കുന്നതിനുള്ള ശ്രമത്തിൽ ഇടപെട്ടിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ 127 വർഷ ചരിത്രം ഇതിനു സാക്ഷിയാണ്. ഞങ്ങൾ സ്വയം നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന കാര്യംതന്നെയാണ് പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നതും. ഞങ്ങൾക്ക് ഭൗതികവും രാഷ്ട്രീയവുമായ ഒരു ലക്ഷ്യവുമില്ല. ഞങ്ങളുടെ സന്ദേശം സമാധാനത്തിന്റേയും അനുകമ്പയുടേയും ക്ഷമയുടേതുമാണ്. ഞങ്ങളുടെ ലക്ഷ്യങ്ങൾ തികച്ചും ആത്മീയമാണ്. ഞങ്ങൾ അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിക്കുന്നു. മനുഷ്യ സമൂഹത്തിന്റെ സങ്കടങ്ങൾക്കും വേദനകൾക്കും സമാപ്തി വരണമെന്ന് ആഗ്രഹിക്കുന്നു.

ഇക്കാലഘട്ടത്തിൽ ഇസ്ലാമിനോടുള്ള വിരോധം മനസ്സിൽവച്ചുകൊണ്ട് ധാരാളം കാര്യങ്ങൾ പറയുകയും എഴുതുകയും ചെയ്യുന്നു. ഇസ്ലാമിനെ ഒരു തീവ്രവാദത്തിന്റേയും ബലാൽക്കാരത്തിന്റേയും മതമായി മാറ്റിയിരിക്കുന്നു. ഇവർ പറയുന്ന ഇസ്ലാമിന്റെ ഈ രൂപം ശരിയാണെന്ന് ഞങ്ങൾ ഒരു വിധത്തിലും മനസ്സിലാക്കുന്നില്ല. എങ്കിലും ചില നാമമാത്ര മുസ്ലീംകളുടെ ഭീകരപ്രവർത്തനങ്ങൾ ഇസ്ലാമിന്റെ എതിരാളികൾക്ക് ഇത്തരത്തിലുള്ള ദോഷാരോപണങ്ങൾ ഉന്നയിക്കാനുള്ള ലൈസൻസ് നൽകിയിരിക്കുകയാണ്. എന്നിരുന്നാലും ഒരു അഹ്മദി മുസ്ലിം എന്ന നിലയിൽ നിലവിലുള്ള അവസ്ഥകളെ വിലയിരുത്തുമ്പോൾ എനിക്ക് നൈരാശ്യമൊന്നുമില്ല. എന്നല്ല ഇസ്ലാമിന്റെ സത്യത കാരണത്താൽ എന്റെ വിശ്വാസത്തിൽ ആധിക്യമാണുണ്ടായിട്ടുള്ളത്. കാരണം പതിന്നാലു നൂറ്റാണ്ടിനു മുമ്പേതന്നെ ഇസ്ലാം മത സ്ഥാപകർ ഇക്കാര്യങ്ങളെ കുറിച്ച് ദീർഘ ദർശനം ചെയ്തിരുന്നു. കാലപ്പോക്കിനനുസരിച്ച് ഇസ്ലാമികാധ്യാപനങ്ങൾ വഴികേടിലാകുമെന്നും യഥാർഥ അധ്യാപനങ്ങൾ മറയ്ക്കപ്പെടുമെന്നും .ഈ ആത്മീയ അന്ധകാരകാലത്ത് യഥാർഥ ഇസ്ലാമികാധ്യാപനങ്ങൾ പുനരുജ്ജീവിപ്പിക്കാൻ അല്ലാഹു വാഗ്ദത്ത മസീഹിനെ നിയോഗിക്കുമെന്നും നബി(സ) തിരുമേനി പറഞ്ഞിരുന്നു. ഞാൻ മുമ്പേ പറഞ്ഞതുപോലെ ഞങ്ങളുടെ ജമാഅത്തിന്റെ സ്ഥാപകരെ വാഗ്ദത്ത മഹ്ദിയെന്നും മസീഹെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ആ മഹാത്മാവ് ആത്മീയ വെളിച്ചം മുഖേന ഇസ്ലാമിന്റെ മഹത്തരവും ശാശ്വതവുമായ അധ്യാപനങ്ങളെ എന്നെന്നേക്കുമായി പ്രകാശിതമാക്കി. ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ മസ്ജിദിന്റെ അടിസ്ഥാന ലക്ഷ്യത്തെ കുറിച്ച് അദ്ദേഹം വിശദീകരിച്ചിട്ടുണ്ട്.

അതുകൊണ്ട് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് എവിടെ എപ്പോൾ മസ്ജിദ് നിർമിക്കുമ്പോഴും അത് ഒരു സമാധാന ഗേഹമായിരിക്കും. വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ജനങ്ങൾ അല്ലാഹുവിനെ ആരാധിക്കാൻ അവിടെ ഒത്തുചേരുന്നു. അതിനാൽ ഞാൻ ഇവിടെ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്, ദൈവത്തെ ആരാധിക്കാനാഗ്രഹിക്കുന്ന സമാധാനപ്രിയരായ ഏതൊരു വ്യക്തിക്കും ഞങ്ങളുടെ മസ്ജിദിന്റെ വാതിലുകൾ എപ്പോഴും തുറന്നു കിടക്കുന്നതായിരിക്കും. ശാന്തിയും അനുകമ്പയും ഏകാഗ്രതയും പോലുള്ള മൂല്യങ്ങൾ ആഗ്രഹിക്കുന്നവർക്ക് വേണ്ടിയും തുറന്നു കിടക്കുന്നതായിരിക്കും. ഈ മസ്ജിദിന്റെ പേര് 'മസ്ജിദ് മഹ്മൂദ്' എന്നാണ്. അതായത് സ്തുതിക്കപ്പെടാൻ അർഹതയുള്ള മസ്ജിദ്! അതിനാൽ ജമാഅത്തിലെ തദ്ദേശീയരായ വ്യക്തികളുടെ പ്രഥമ ഉത്തരവാദിത്വമാണ് അവരുടെ ജീവിതത്തിന്റെ ഓരോ രംഗവും യഥാർഥവും സമാധാനനിർഭരവുമായ ഇസ്ലാമിക അധ്യാപനങ്ങളുടെ മാതൃകകളായിരിക്കണമെന്നത്. ദിനേന ഒരു ഭാഗത്ത് ദൈവികാരാധാനക്കായി പ്രവേശിക്കുമ്പോൾ മറുഭാഗത്ത് ഇവിടെ താമസിക്കുന്ന സമൂഹത്തിനു സേവനം ചെയ്യാനുള്ള ഹൃദയംഗമമായ ആഗ്രഹവും നിശ്ചയദാർഢ്യവും ഉണ്ടായിരിക്കേണ്ടതാണ്. തന്റെ അയൽവാസികളോടും പ്രവിശാലമായ സമൂഹത്തോടും ശാന്തതയോടും ഔദാര്യത്തോടും ഗുണകാംക്ഷയോടും കൂടി മാതൃകാപരമായി വർത്തിക്കേണ്ടതാണ്.

ഇസ്ലാം സമാധാനത്തിന്റെ മതമാണെന്ന് വളരെ വ്യക്തമാണ്. അതുകൊണ്ടാണ് വിശുദ്ധഖുർആനിലെ യൂനുസ് എന്ന അധ്യായത്തിലെ 26-ാം വചനത്തിൽ 'അല്ലാഹു സമാധാന ഗേഹത്തിലേക്ക് നിങ്ങളെ വിളിക്കുന്നു' എന്ന് അവൻ പറയുന്നത്. അറബിയിൽ സമാധാനത്തിന് സലാം എന്ന പദമാണ് പ്രയുക്തമായിട്ടുള്ളത്. ഈ ഒരു പദത്തിനു വിവിധ അർഥങ്ങളും വിശദീകരണങ്ങളുമുണ്ട്. സംരക്ഷണം സമാധാനം എന്നീ അർഥങ്ങളും ഇതിനുണ്ട്. എല്ലാത്തരം തിന്മകളിൽനിന്നും കുഴപ്പങ്ങളിൽനിന്നും സുരക്ഷിതനായിരിക്കുക എന്നുമുണ്ട്. സമാധാനം, അനുസരണം എന്നുമുണ്ട്. യഥാർഥത്തിൽ സലാം എന്നത് ദൈവത്തിന്റെ ഒരു ഗുണനാമവുമാണ്. അതായത് ആ അസ്തിത്വം ശാന്തിയുടേയും സമാധാനത്തിന്റേയും ഉറവിടമാണ്. അല്ലാഹുവിന്റെ ഗുണങ്ങൾ സ്വീകരിക്കാൻ മുസ്ലീംകൾ കൽപ്പിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു ശാന്തിയുടേയും സമാധാനത്തിന്റേയും ക്ഷേമത്തിന്റേയും അരുവിയാണെങ്കിൽ സമൂഹത്തിൽ ശാന്തിയും സുരക്ഷിതത്വവും നിലനിറുത്തേണ്ടത് മുസ്ലീംകൾക്ക് നിർബന്ധമാണ്. അറബിയിൽ നമസ്കാരത്തിന് 'സ്വലാത്ത്' എന്ന പദമാണ് പ്രയുക്തമായിട്ടുള്ളത്. ഇതിന്റെ അർഥം അനുകമ്പ, സ്നേഹം, ഔദാര്യം എന്നിങ്ങനെയാണ്. അതായത് പരിശുദ്ധ നിശ്ചയത്തോടെ നമസ്കരിക്കുന്ന ഒരു മുസ്ലിം ഔദാര്യവാനും ഇതരരുടെ കാര്യങ്ങൾ നോക്കുന്നവനും കാരുണ്യമുള്ളവനുമായിരിക്കും. അവൻ എല്ലാത്തരത്തിലുമുള്ള ദുസ്വഭാവങ്ങളിൽനിന്നും നിയമലംഘനങ്ങളിൽനിന്നും വിവിധങ്ങളായ തിന്മകളിൽനിന്നും വിദൂരത പ്രാപിക്കാൻ ശ്രമിക്കുന്നതായിരിക്കും. ഒരു യഥാർഥ ആരാധകൻ തന്റെ കാൽപാദം ഒരിക്കലും ഇടറാൻ വിടുകയില്ല. സമ്പൂർണ കഴിവുകൾ ഉപയോഗിച്ചുകൊണ്ട് സമൂഹത്തെ സേവിക്കേണ്ടതുണ്ട്. ചുരുക്ക

ത്തിൽ ഒരു യഥാർഥ മുസ്‌ലിം തന്റെ ചുറ്റുപാടും കാരുണ്യം പ്രകടിപ്പിക്കുന്നവനാകണം. മനുഷ്യ സമൂഹത്തിനുമുഴുവൻ ശാന്തി സമാധാനത്തിന്റെ കേന്ദ്രമായിരിക്കണം ഒരു യഥാർഥ മസ്ജിദ്.

നിങ്ങളുടെ അയൽവാസികളുടെ അവകാശങ്ങൾ നിർവ്വഹിച്ചുകൊടുക്കുക, ആവശ്യ സമയത്ത് അവരെ സഹായിക്കാനും അവരെ സേവിക്കാനും കൽപന നൽകപ്പെട്ടിരിക്കുന്നു എന്നതാണ് ഇസ്‌ലാമിന്റെ അമൂല്യമായ അടിസ്ഥാനം. യഥാർഥത്തിൽ

അതിഥികളുടെ അവകാശങ്ങളെപ്പറ്റി ഊന്നിപ്പറഞ്ഞുകൊണ്ട് ഇസ്‌ലാമിന്റെ സ്ഥാപകർ മുഹമ്മദുനബി(സ) ഒരിക്കൽ പറഞ്ഞു, അതിഥികൾക്ക് ആതിഥ്യം നല്കാൻ എത്രമാത്രം അല്ലാഹു താക്കീതു ചെയ്തുവെന്നാൽ അതിഥികളെ അനന്തരാവകാശത്തിൽ ഉൾപ്പെടുത്തുമോ എന്നുപോലും തോന്നിപ്പോയി. അല്ലാഹു അന്നിസാഅ് എന്ന അധ്യായത്തിലെ 37-ാം വചനത്തിൽ പറയുന്നു: 'നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുകയും ഒന്നിനേയും അവനോടു പങ്കു ചേർക്കാതിരിക്കുകയും ചെയ്യുക. മാതാപിതാക്കളോടു വളരെ മാന്യമായി പെരുമാറുക. ബന്ധുക്കളോടും അനാഥകളോടും അഗതികളോടും ബന്ധുക്കളായ അയൽവാസികളോടും ബന്ധുക്കള്ളല്ലാത്ത അയൽ വാസികളോടും ചാരത്ത് ഇരിക്കുന്നവരോടും യാത്രക്കാരോടും ആർക്ക് നിങ്ങൾ ഉടമയായിട്ടുണ്ടോ അവരോടും ഔദാര്യത്തോടെ പെരുമാറുക. അഹങ്കാരിയേയും തന്നിഷ്ടക്കാരനേയും അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുന്നില്ല.'

ഈ വചനത്തിൽ നാം ഗഹനമായി ദൃഷ്ടി പായിക്കുമ്പോൾ, ഇസ്‌ലാം മനുഷ്യാവകാശങ്ങൾക്കു മേൽ എത്ര ശക്തി ചെലുത്തുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. ഈ വചനത്തിൽ അല്ലാഹു അവനോടുള്ള അവകാശങ്ങളേയും സൃഷ്ടികളോടുള്ള അവകാശങ്ങളേയും ഒന്നിനൊന്ന് അനിവാര്യമാക്കിയിരിക്കുകയാണ്. ഒരു മുസ്‌ലിം തന്റെ മാതാപിതാക്കളോടും ബന്ധു മിത്രാദികളോടും പാവപ്പെട്ടവരോടും ആവശ്യക്കാരോടും വിധവകളോടും സമൂഹത്തിലെ എല്ലാ അഗതികളോടും മനുഷ്യകുലത്തോടും അവർ ഏതു വംശക്കാരോ സമൂഹമോ ആയിരുന്നാലും ശരി നിർബന്ധമായും സേവന തൽപരനായിരിക്കണമെന്ന് ഈ വചനത്തിൽ നിന്ന് സ്ഥാപിതമാകുന്നു. മുമ്പേ സൂചിപ്പിച്ചതു പോലെ അയൽവാസികൾക്ക് സേവനം ചെയ്യൽ മുസ്‌ലീംകൾക്കു നിർബന്ധമാണ്. ഇസ്‌ലാമികാധ്യാപനങ്ങൾക്കനുസരിച്ച് അയൽപക്കത്തിന്റെ വൃത്തം വളരെ വിശാലമാണ്. നിങ്ങളോടൊപ്പം താമസിക്കുന്നവർ മാത്രമല്ല അയൽവാസികളിൽപെടുന്നത്. നിങ്ങളോടൊപ്പം ജോലി ചെയ്യുന്നവർ മുതൽ ഒപ്പം യാത്ര ചെയ്യുന്നവർവരെ ഈ വൃത്തത്തിൽപെടുന്നു. ഇസ്‌ലാമിന്റെ മുമ്പിൽ സ്നേഹത്തിന്റെ വൃത്തത്തിന് അതിരുകളില്ല. ഒരു യഥാർഥ മുസ്‌ലിം ഇതരരെ ഈ സാഹചര്യത്തിൽ എങ്ങനെ മുഢിമുട്ടിക്കും? സമൂഹത്തിൽ കുഴപ്പങ്ങൾ ഉണ്ടാക്കാൻ അവനെങ്ങനെയാണ് സാധിക്കുക? ഇത് തികച്ചും അസംഭാവ്യമാണ്. കാരണം ഇതരരുടെ അവകാശങ്ങളെ നിർവ്വഹിക്കാത്ത ഒരു വ്യക്തി യഥാർഥ മുസ്‌ലിം എന്ന് വിളിക്കപ്പെടാൻ അർഹനല്ല.

ഹുദൂർ പറഞ്ഞു: നിലവിലുള്ള സാഹചര്യത്തെ മുന്നിൽവെച്ചുകൊണ്ട് നിങ്ങളിൽ നിന്നുള്ള ചിലർക്ക് പ്രത്യേകിച്ചും ഈ മസ്ജിദ് മുഖേന നേരിട്ട് ബാധിക്കുന്ന അയൽവാസികളായ വ്യക്തികൾക്ക് ഒരു പക്ഷേ ഈ മസ്ജിദിനെ കുറിച്ച് ചില ആശങ്കകളുണ്ടാകാം. അറിവില്ലാത്ത കാര്യത്തെപ്പറ്റി ഭീതി ഉണ്ടാകുക എന്നത് സ്വാഭാവികമാണ്. അതുകൊണ്ട് ഈ മസ്ജിദിന്റെ ഉൽഘാടനത്തോടെ ഈ പട്ടണത്തിന്റെ സമാധാനം മോശമാകുമെന്നുള്ള അങ്കലാപ്പ് ഇതിന്റെ അയൽവാസികൾക്ക് ഒരു പക്ഷേ ഉണ്ടാകും. എങ്കിലും ഞാനറിയുന്നതും പ്രവൃത്തിക്കുന്നതുമായ ഇസ്‌ലാമിന്റെ അടിസ്ഥാനത്തിൽ ഈ മസ്ജിദ് സമാധാനത്തിന്റെ അരുവിയാകുമെന്ന് എനിക്ക് ഉറപ്പു പറയാൻ കഴിയും. ഇതിൽനിന്ന് എക്കാലത്തും ശാന്തിയുടേയും സമാധാനത്തിന്റേയും ഉറവ മാത്രമേ പുറപ്പെടുകയുള്ളൂ. ഇൻശാഅല്ലാഹ് ഈ പ്രദേശത്ത് വസിക്കുന്ന അഹ്മദീ മുസ്‌ലീംകൾ സമാധാനത്തിനും സ്നേഹത്തിനും ബാഹ്യമായ ഐക്യത്തിനും പ്രാമുഖ്യം നൽകുന്നതായി നിങ്ങൾ കാണുന്നതായിരിക്കും. മുമ്പേയുള്ളതിനെക്കാളുപരി അയൽവാസികളെ സേവിക്കുന്നതിൽ ഉവർ നിരതരാകും. കാരണം ഇക്കാര്യങ്ങളാണ് അവരുടെ മതം അവരോട് ആവശ്യപ്പെടുന്നത്. ഈ നിസ്വാർഥവും നിസ്തുലവുമായ അധ്യാപനങ്ങൾ കേവലം അഹ്മദിയ്യാ ജമാഅത്ത് പ്രചരിപ്പിക്കുക മാത്രമല്ല ചെയ്യുന്നത്. ആഗോളാടിസ്ഥാനത്തിൽ ഏറ്റവും നല്ല നിലയിൽ നടപ്പിൽ വരുത്തുകയും ചെയ്യുന്നു.

ലോകം മുഴുവനും ആയിരക്കണക്കിന് മസ്ജിദുകൾ നമ്മൾ നിർമിച്ചു കഴിഞ്ഞിട്ടുണ്ട്. ജനങ്ങൾ നമ്മുടെ ജമാഅത്തിനെ കുറിച്ചറിയാൻ തുടങ്ങുന്നതോടെ പെട്ടെന്നുതന്നെ അവരുടെ ഭയം നീങ്ങിപ്പോകുന്നതും നാം കണ്ടിട്ടുള്ളതാണ്. സമൂഹത്തിന്റെ സുപ്രധാന ഭാഗം എന്ന് മനസ്സിലാക്കിക്കൊണ്ട് അവർ നമ്മളെ സ്വീകരിക്കുകയാണ് ചെയ്യാറുള്ളത്. നമ്മളെ ആദരിക്കുകയാണ് ചെയ്യുന്നത്. ഞാൻ പറഞ്ഞതു പോലെ വളരെ പെട്ടെന്ന് അവരുടെ ഭയം നീങ്ങിപ്പോകുന്നു. ഈ മസ്ജദിന്റെ ഓരോമൂലയിൽനിന്നും ഉയരുന്ന സമാധാന സന്ദേശം നമ്മുടെ അയൽവാസികളുടെ നയനങ്ങൾക്ക് താരകങ്ങളാകും. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കേവലം തങ്ങളുടെ മതപരമായ പ്രചാരണത്തിലും മസ്ജിദ് നിർമാണത്തിലും മാത്രമല്ല മുഴുകിയിട്ടുള്ളതെന്നും ദുരിതങ്ങളനുഭവിച്ചുകൊണ്ടിരിക്കുന്നവരുടെ വേദനയകറ്റുന്നതിലും അവർ വ്യാപൃതരാണെന്ന് തദ്ദേശവാസികൾക്ക് ദൃശ്യമാകുന്നതാണ്. തികച്ചും പ്രതീക്ഷകൾ നശിച്ചുപോയവർക്ക് അത് പ്രതീക്ഷ നൽകുന്നതാണ്. ഞങ്ങൾ മസ്ജിദുകൾ മുഖേന സമൂഹത്തിലെ അശരണർക്കും നിർധനർക്കും ഉത്തമ ഭാവിയുണ്ടാകുന്നതിന് ശ്രമിച്ചു കൊണ്ടിരിക്കുന്നതുമാണ്. ഇതേ ശ്രമങ്ങളുടെ ഫലമെന്ന നിലയിൽ ലോകത്തിലെ വിദൂര ദേശങ്ങളിൽ സ്കൂളുകളും ആശുപത്രികളും അഹ്മദിയ്യാ ജമാഅത്ത് നിർമിച്ചുകൊണ്ട് വർണ്ണ വർഗ്ഗ മത വ്യത്യാസമില്ലാതെ നിഷേധിക്കപ്പെട്ട ജനതയ്ക്ക് വൈദ്യ സഹായവും വിദ്യാഭ്യാസവും നൽകി വരുന്നു. തികച്ചും മനം മടുത്തു നൈരാശ്യത്തിൽ കഴിഞ്ഞു വരുന്ന ജനതയ്ക്ക് വാട്ടർ പമ്പ് സ്ഥാപിച്ചു കൊടുത്തും ശുദ്ധ ജലം എത്തിച്ചും വരുന്നു. നാമിവിടെ പടിഞ്ഞാറൻ രാജ്യങ്ങളിൽ നിരന്തരം് വെള്ളം ഒഴുകുന്ന നദികൾ കാണുന്നതിനാൽ വെള്ളത്തിന്റെ മൂല്യം മനസ്സിലാക്കാൻ പ്രയാസമാണ്; ചെറിയ ചെറിയ കുട്ടികൾ ദിനേന കിലോമീറ്ററുകൾ താണ്ടി തങ്ങളുടെ തലയിൽ വെള്ളത്തിന്റെ കുടങ്ങളുമേറ്റി വീടുകളിലേക്ക് മടങ്ങുന്ന ആഫ്രിക്കയിലെ വിദൂര നാടുകളിലെ കാഴ്ച നമ്മൾ പോയി കാണുമ്പോഴാണ് വെള്ളംപോലെയുള്ള അനുഗ്രഹത്തിന്റെ വില നിങ്ങൾക്ക് മനസ്സിലാകുന്നത്.ഏതൊരു വെള്ളം കൊണ്ടു വരാനാണോ അവർ പണിപ്പെടുന്നത് അപൂർവ്വമായിട്ടേ അത് ശുദ്ധമാകാറുള്ളൂ. പൊതുവേ പലതരം അസുഖങ്ങൾ വഹിക്കുന്ന മലിന ജലമായിരിക്കുമത്. അഹ്മദിയ്യാ ജമാഅത്ത് തങ്ങളുടെ അധ്യാപനങ്ങൾക്കു കീഴിൽ ഇവർക്ക് സുഖമെത്തിക്കുന്നതിലുള്ള ശ്രമങ്ങളിലാണുള്ളത്. ജനങ്ങളുടെ വിശ്വാസങ്ങളും മതങ്ങളും ഇതര കാര്യങ്ങളും ഒന്നും നോക്കാതെ ആവശ്യക്കാർക്ക് സേവനമെത്തിക്കുന്നതിൽ ഞങ്ങൾ മുഴുകിയിരിക്കുന്നു. എവിടെയെല്ലാം ഞങ്ങൾ മസ്ജിദുണ്ടാക്കുന്നുവോ അവിടെത്തെ ചുറ്റുവട്ടത്തുള്ള ജനതയെ സഹായിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഈ പട്ടണവാസികൾക്കും എല്ലാ സ്വീഡിഷ് ജനതയ്ക്കും ഒരു പ്രാവശ്യം കൂടി ഞാൻ ഉറപ്പു തരാൻ ആഗ്രഹിക്കുന്നു, ഈ മസ്ജിദ് ഇൻശാ അല്ലാഹ് ഉറപ്പായും സ്നേഹ സാഹോദര്യത്തിന്റെ കേന്ദ്രമായിരിക്കും.

ഇവിടെ താമസിക്കുന്ന അഹ്മദീ മുസ്‌ലീംകളോട് അവരുടെ ഉത്തരവാദിത്വത്തെ കുറിച്ച് ഞാൻ ഓർമപ്പെടുത്തുകയാണ്. ഇപ്പോൾ അവരുടെ ഉത്തരവാദിത്വം വർധിച്ചിരിക്കുന്നു. പരസ്പരമുള്ള സ്നേഹം വർധിപ്പിക്കുന്നതിനോടൊപ്പം ഇസ്‌ലാമിന്റെ സുന്ദരമായ അധ്യാപനങ്ങളുടെ യഥാർഥ പ്രതിനിധിയായിത്തീരലും നിങ്ങളുടെ ഉത്തരവാദിത്വമാണ്. ഇസ്‌ലാമിനെ സംബന്ധിച്ച് ജനങ്ങളിൽ വ്യാപിച്ചിട്ടുള്ള ഭയാശങ്കകൾ നല്ല പ്രവർത്തനപരമായ നല്ല മാതൃകകളിലൂടെ നീക്കിക്കൊടുക്കൽ ഓരോ അഹ്മദിക്കും നിർബന്ധമാണ്. അഹ്മദി മുസ്‌ലീംകൾ എന്റെ വാക്കുകൾക്ക് പ്രത്യേക ശ്രദ്ധ നൽകുമെന്നും ഇസ്‌ലാം ഏതേതെല്ലാം കാര്യങ്ങളുടെ പ്രാതിനിധ്യമാണ് വഹിക്കുന്നതെന്ന് തദ്ദേശീയരോട് പറയുമെന്നും എനിക്ക് പൂർണ പ്രതീക്ഷയുണ്ട്. ലോകമിന്ന് വളരെ കഷ്ടകാലത്തിലൂടെയാണ് കടന്നുപോകുന്നത്. കുഴപ്പങ്ങളും തർക്കവിതർക്കങ്ങളും ലോകത്തിന്റെ ധാരാളം സ്ഥലങ്ങളിൽ വേര് പിടിച്ചു കഴിഞ്ഞിരിക്കുന്നു. ഇതിന്റെ ഏക പരിഹാരവും ചികിൽസയും ഏറ്റവും വലിയ പ്രയോജനത്തിനുവേണ്ടി സ്വന്തം താൽപ്പര്യങ്ങൾ മാറ്റി വെക്കുക.


**അല്ലാഹുവിന്റെ കലാം**

*"അല്ലാഹുവല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലതന്നെ."(2:108)*

ത്വാലിബെ ദുആ
M.P.Haneef Ahmad
Ameer Ahmadiyya Jama-ath Koodali, Kerala.

**കലാമുൽ ഇമാം:-**

'വ്യാപാരമോ ക്രയവിക്രയമോ സമ്പാദ്യമോ അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്ന് അവരെ തടയുകയില്ല' എന്ന് അല്ലാഹു പറഞ്ഞവരാണ് നിങ്ങളുടെ മാതൃക. (മൽഫൂദാത്ത്, വാല്യം 5, പേജ് 104)

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya jama-ath Calicut, Kerala.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

നമ്മൾ അഹ്മദികൾത്തന്നെയാണ് ലോകത്തിന് ഇസ്‌ലാമിന്റെ മനോഹര അധ്യാപനം പറഞ്ഞുകൊടുക്കേണ്ടത്. അതിന് ഏറ്റവും പ്രധാനപ്പെട്ടകാര്യം അല്ലാഹുവുമായുള്ള ബന്ധം ഉണ്ടാക്കലാണ്."
(ജുമുഅ ഖുത്ബ 3-2-2017)

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."
(ഖുത്ബ ജുമുഅ, 2017 മെയ് 5)

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 25 April 2019 Issue-17

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

പല ജനതകളും വിഘടിച്ചു പോകാൻ കാരണമായിട്ടുള്ള കൈപ്പേറിയ ഭിന്നതകൾ ഇല്ലാതാക്കാൻ വേണ്ടി സ്നേഹത്തിന്റേയും ഐക്യത്തിന്റേയും ആത്മാവ് സ്ഥാപിക്കേണ്ടതിന്റെ അനിവാര്യതയുണ്ട്. ഇക്കാലഘട്ടത്തിലെ പ്രശ്നങ്ങൾ ചെറിയ അളവിലല്ലയുള്ളത്. ധാരാളം രാജ്യങ്ങൾ ഈ യുദ്ധങ്ങളുടേയും ആക്രമണങ്ങളുടേയും വലയത്തിൽ വന്നിട്ടുണ്ട്. ഈ അസ്ഥിരതയുടേയും തർക്കങ്ങളുടേയും കേന്ദ്രം മുസ്‌ലിം രാജ്യങ്ങളായിമാറിയിരിക്കുന്നു. ഇവിടെത്തെ ഭരണകൂടങ്ങൾ സ്വന്തം ജനതയുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ തികച്ചും പരാജയപ്പെട്ടിരിക്കുകയാണ്. തൽഫലമായി ചില ഭീകരസംഘടനകളായ രാജ്യദ്രോഹികളും മറ്റും സമൂഹത്തിന്റെ അവസ്ഥയെ കൂടുതൽ അരക്ഷിതാവസ്ഥയിലേക്ക് തള്ളി വിടുകയും അവരെ കൂടുതൽ ഭിന്നിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇക്കാലഘട്ടത്തിൽ ഓരോ സമുദായവും മതവും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. ഇവരുടെ ശേഷിപ്പും പരസ്പര ബന്ധിതമാണ്. മുസ്‌ലിം രാജ്യങ്ങളിലെ ഭിന്നത മുമ്പേതന്നെ വളരെ വ്യാപകമാണ്. അറബ്‌രാജ്യങ്ങളിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന യുദ്ധങ്ങളുടേയും അതിക്രമങ്ങളുടേയും ഫലമായി നമുക്കിവിടെ പടിഞ്ഞാറൻ രാജ്യങ്ങളിലും ഒരരക്ഷിതാവസ്ഥയും അസ്വസ്ഥതയും നിറഞ്ഞ അന്തരീക്ഷവും ബാഹ്യമായ ഭിന്നതകളിൽ വർധനവും വന്നിരിക്കുന്നതായി കാണാൻ സാധിക്കുന്നു. ചില തീവ്രവാദ വിഭാഗങ്ങൾ യൂറോപ്പിലും പ്രവേശിച്ചു കഴിഞ്ഞിട്ടുണ്ട്. അവരുടെ അംഗങ്ങൾ വിവിധ രാജ്യങ്ങളിൽ താമസിച്ചുവരുന്നു. ഈ പ്രദേശത്തിന്റെ ശാന്തി സമാധാനത്തിന് ഗുരുതരമായ ഭീഷണി പതിയിരിക്കുന്നുണ്ട്. ഇവർ ചെയ്യുന്ന പ്രവൃത്തികൾക്ക് യഥാർഥ ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളുമായി ഒരു ബന്ധവുമില്ല. സമാധാനമോഹികളായ നമുക്കെല്ലാവർക്കും ഒന്നുചേർന്നുകൊണ്ട് ഭിന്നിപ്പിക്കാൻ ശ്രമിക്കുന്ന ഈ ഇരുട്ടിന്റെ ശക്തികൾക്കെതിരെ ഐക്യത്തിന് ശ്രമിക്കേണ്ടതുണ്ട്. സമാധാനസ്ഥാപനത്തിനുവേണ്ടി നമുക്ക് സാധ്യമായ എല്ലാ ശ്രമവും നടത്തേണ്ടതുണ്ട്. നമ്മൾ സ്വന്തം തലമുറയെ അടിമകളും കഷ്ടപ്പാടിൽ ഉഴലുന്ന അനന്തരാവകാശികളുമാക്കാൻ പാടില്ല. നമ്മൾ നമുക്ക് പിന്നാലെ ഉത്തമ മാതൃകകൾ സ്ഥാപിച്ചു പോകുമെന്ന ഉറപ്പ് സമൂഹത്തിന് നൽകേണ്ടതുണ്ട്. വരാനിരിക്കുന്ന തലമുറകൾക്ക് സമാധാന സമ്പൂർണവും സന്തോഷ ഭരിതവുമായ ഒരു ലോകത്തെ പിന്നാലെ വിട്ടു പോകേണ്ടതുണ്ട്. മനുഷ്യകുലം അവരുടെ യഥാർഥ സ്രഷ്ടാവിനെ തിരിച്ചറിഞ്ഞെങ്കിൽ മാത്രമേ ഈയൊരവസ്ഥ സാധ്യമാകുകയുള്ളൂ. നമ്മൾ ദൈവത്തിനോടും അവന്റെ സൃഷ്ടികളോടുമുള്ള അവകാശങ്ങൾ നിർവ്വഹിക്കുന്നവരാകണം. അപ്രകാരം ചെയ്യാനുള്ള കാര്യക്ഷമത അല്ലാഹു നമുക്ക് നൽകുമാറാകട്ടെ. ഈ വാക്കുകളോടൊപ്പം ഒരിക്കൽകൂടി ഞങ്ങളോടൊപ്പം ഈ പരിപാടിയിൽ പങ്കെടുത്തതിന് നിങ്ങൾക്കെല്ലാവർക്കും നന്ദി പറയുന്നു. ദൈവം നിങ്ങളെല്ലാവരുടേയും മേൽ അവന്റെ ഔദാര്യം ചൊരിയുമാറാകട്ടെ. ആമീൻ.നന്ദി.

അതിനുശേഷം ഹുദൂർ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ഇതിൽ പങ്കെടുത്തവർ അവരവരുടെ രീതിയിൽ അതിൽ പങ്കുചേർന്നു. ഹുദൂറിനോടൊപ്പം അതിഥികളെല്ലാവരും ഭക്ഷണം കഴിച്ചു. തുടർന്ന് വിവിധ അതിഥികൾ ഓരോരുത്തരായി ഹുദൂറിനെ കാണുകയും സംസാരിക്കുകയും ചെയ്തു. ചിലർ ഹുദൂറിനോടൊപ്പം ഫോട്ടോയും എടുത്തു. 1 മണിക്കൂർ 35 മിനിറ്റ് ഈ പരിപാടി നീണ്ടു നിന്നു. 2.10 –ന് ഹുദൂർ മസ്ജിദ് മഹ്മൂദിൽ ളുഹ്ർ–അസ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. തുടർന്ന് ഹുദൂർ താമസ സ്ഥലത്തേക്ക് മടങ്ങി.

## അതിഥികളുടെ അഭിപ്രായ പ്രകടനങ്ങൾ.

ഹുദൂറിന്റെ പ്രഭാഷണം പങ്കെടുത്തവരിൽ അഗാധമായ സ്വാധീനമാണ് ഉണ്ടാക്കിയത്. വളരെയധികം അതിഥികൾ ഒരു സങ്കോചവുമില്ലാതെ തങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിച്ചു. ചില പ്രതികരണങ്ങൾ ചുവടെ ചേർക്കുന്നു. 140–ൽ കൂടുതൽ സ്വീഡിഷ് അതിഥികൾ മസ്ജിദ് മഹ്മൂദിന്റെ ഉൽഘാടന ചടങ്ങിൽ പങ്കെടുത്തിരുന്നു. ഇതിൽ എം പിമാർ, മാൽമോ സിറ്റി മേയർ, പോലീസ് ചീഫ്, സ്വീഡിഷ് ചർച്ച് പ്രതിനിധികൾ, യൂണിവേഴ്സിറ്റി പ്രൊഫസർമാർ, സമൂഹത്തിലെ വിവിധ തുറകളുമായി ബന്ധമുള്ളവരും ഉണ്ടായിരുന്നു.

അവിടെ ആശുപത്രിയിൽ ജോലിചെയ്തുവരുന്ന മാൽമോയിലെ ക്രിസ്ത്യൻ പ്രീസ്റ്റായ Mrs Hillevi Jonsson തന്റെ വികാരം പ്രകടിപ്പിച്ചു കൊണ്ട് പറഞ്ഞു: 'ഹുദൂർ അൻവർ തന്റെ പ്രഭാഷണത്തിൽ സുപ്രധാന വിഷയങ്ങളാണ് പരാമർശിച്ചത്. ഇവിടെ മാൽമോയിലും യൂറോപ്പിലും വസിക്കുന്ന ജനങ്ങൾ മുസ്‌ലീംകളേയും മസ്ജിദുകളേയും ഭയക്കുന്നുവെന്നാണ് എന്റെ അഭിപ്രായം. ഹുദൂർ പറഞ്ഞത് തികച്ചും ശരിയാണ്. സമാധാനത്തെ സംബന്ധിച്ചും ഇതു വിഷയകമായി ജനങ്ങളുടെ ഉത്തരവാദിത്വത്തെ കുറിച്ചും സുപ്രധാന കാര്യങ്ങൾ ഹുദൂർ പരാമർശിച്ചു. ഖലീഫയുടെ പ്രസംഗത്തെ ഞാൻ വളരെ ആദരിക്കുന്നു.

'ഖലീഫ ഒരു മസ്ജിദിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ കുറിച്ച് വിശദീകരിച്ചു. ഈ ലക്ഷ്യങ്ങൾ മറ്റുള്ളവരെക്കൊണ്ട് വിശ്വസിപ്പിക്കുന്നതിൽ അദ്ദേഹം വിജയിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നിശ്ചയമായും എന്നെക്കൊണ്ട് അനുകൂലമായി സംസാരിപ്പിക്കുന്നതിൽ അദ്ദേഹം വിജയിച്ചിരിക്കുന്നു. മസ്ജിദിന്റെ ലക്ഷ്യങ്ങൾ എന്ന ഈ വിഷയം വളരെ അനിവാര്യമായിരുന്നു. അദ്ദേഹത്തിന്റെ ഓരോ വാക്കും അർഥഗർഭവും അഗാധവുമായിരുന്നു. ഈ പ്രഭാഷണം ഇക്കാലഘട്ടത്തിനും ഈ രാജ്യത്തിനും വളരെ അനിവാര്യമാണ്. ജനങ്ങൾ പരസ്പരം ഭയപ്പെടുന്നവരാവരുത് എന്ന സന്ദേശം ഖലീഫ നൽകിയിരിക്കുന്നു. മാത്രമല്ല,പരസ്പരം അറിയേണ്ടതുണ്ട്. തന്റെ ചിന്തകൾ പരസ്പരം കൈമാറേണ്ടതുണ്ട്. നിങ്ങളുടെ ഖലീഫയുടെ പ്രഭാഷണം എന്നെ പിടിച്ചു കുലുക്കി എന്നതാണ് യാഥാർഥ്യം. ഞാൻ വളരെ വൈകാരികമായി സ്വാധീനിക്കപ്പെട്ടിരിക്കുന്നു. കാരണം എനിക്ക് ഒരു മുസ്‌ലിം നേതാവ് സമാധാനത്തെ കുറിച്ച് മാത്രം സംസാരിക്കുന്നത് ആദ്യമായാണ് കേൾക്കാൻ കഴിഞ്ഞത്. ഇസ്‌ലാം മാനവസേവയുടെ മതമാണെന്നാണ് അദ്ദേഹം എന്നോട് പറഞ്ഞത്. അദ്ദേഹത്തിന്റെ ഈ വാക്കുകൾ അനുകമ്പയാൽ നിർഭരമായിരുന്നു. ആ വാക്കുകൾ എന്നിൽ വളരെ പ്രതീക്ഷ നിറക്കുകയുണ്ടായി. ഈ മസ്ജിദിന്റെ ഉൽഘാടനത്തോടെ മാൽമോയ്ക്ക് ഒരു സുപ്രധാന പങ്ക് നിർവ്വഹിക്കാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. വിവിധരംഗങ്ങളിലെ ചിന്താധാരകളും വിവിധ മതങ്ങളുമായി ബന്ധപ്പെട്ടവരും ഒരു സ്ഥലത്ത് ഒരുമിച്ചുകൂടുക എന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണെന്നാണ് എന്റെ അഭിപ്രായം. മനുഷ്യരാശി തങ്ങളുടെ സ്രഷ്ടാവിനെ തിരിച്ചറിയണം എന്നും ദൈവത്തിൽ അടിയുറച്ച വിശ്വാസം വേണമെന്നുമുള്ളതാണ് അദ്ദേഹത്തിന്റെ പ്രഭാഷണത്തിന്റെ മനോഹരമായ ഭാഗം. ഇതു തന്നെയാണ് എന്റേയും വീക്ഷണം.ഈ ചടങ്ങിൽ പങ്കെടുക്കാൻ സാധിച്ചു എന്നത് എനിക്കു ലഭിച്ച വലിയ അംഗീകാരമാണ്.

കഴിഞ്ഞ പതിനാറുവർഷമായി സ്വീഡനിൽ താമസിച്ചു വരുന്ന സിവിൽ എൻജിനീയറായ ഇറാഖ് സ്വദേശി തന്റെ വികാരങ്ങൾ ഈ വാക്കുകളിൽ പ്രകടിപ്പിച്ചു: 'ആദ്യമായി ഈ ചടങ്ങിൽ എന്നെ ക്ഷണിച്ചതിന് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ഞാൻ മുമ്പേയും അഹ്മദിയ്യാ ജമാഅത്തിന്റെ ചില പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. എന്നാൽ, ഈ പരിപാടിയിൽ എനിക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയെ കാണാൻ അവസരം കിട്ടി. അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ സമാധാന സംസ്ഥാപനത്തിന് പ്രവൃത്തിക്കുന്ന വളരെ വിശ്വസ്ഥനായ ഒരു വ്യക്തിയാണെന്നാണ് എനിക്ക് മനസിലായത്. ഇസ്‌ലാമിന്റെ യഥാർഥ മുഖമാണ് അദ്ദേഹം ലോകത്തിന് മുമ്പിൽ സമർപ്പിക്കുന്നത്.

ഒരു സ്വീഡൻ അതിഥി പറയുന്നു: 'ഇവിടെ സ്വീഡനിൽ വിവിധ ഇസ്‌ലാമിക സംഘടനകൾ പ്രവർത്തിച്ചു വരുന്നു. എന്നാൽ, അങ്ങയുടെ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം ഞാൻ വളരെ സന്തോഷവാനാണ്. നിങ്ങൾ വളരെ നല്ല പ്രവർത്തനമാണ് ചെയ്തു കൊണ്ടിരിക്കുന്നത്. അഹ്മദിയ്യാ ജമാഅത്തിന്റേയും അഹ്മദീ മുസ്‌ലീംകളുടേയും വിജയത്തിനു വേണ്ടി ഞാൻ ദൈവത്തോടു ദുആ ചെയ്യുന്നു.'

ഒരു ചൈൽഡ് സൈക്ളോജിസ്റ്റ് സ്വീഡിഷ് അതിഥിയുടെ വാക്കുകൾ ഇപ്രകാരമായിരുന്നു:

'ഈ പട്ടണത്തിൽ നിങ്ങൾ മസ്ജിദ് ഉൽഘാടനം ചെയ്തതിൽ ഞാൻ വളരെ സന്തോഷവാനാണ്. കാരണം നിങ്ങൾ ഇസ്‌ലാമിന്റെ യഥാർഥ സേവനമാണ് നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത്. ഈ സമൂഹത്തിൽ സമാധാന സംസ്ഥാപനത്തിന് ശരിയായ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.'

**തുടരും**




## അല്ലാഹുവിന്റെ കലാം

***മാലക്കും മ്മിൻദൂനില്ലാഹി മിൻ വ്വലിയ്യിൻ വ്വലാ നസ്വീർ(2:108)***

**"അല്ലാഹു അല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ?"**

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## കലാമുൽ ഇമാം:–

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin